



വാല്യം 62


**ഇടുക്കി ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

ജനകീയാസൂത്രണം

# വികസന റിപ്പോർട്ട്

## ഇടുക്കി-കഞ്ഞിക്കുഴി

## ഗ്രാമപഞ്ചായത്ത്

# ജില്ലയുടെ മാപ്പിൽ പഞ്ചായത്തിന്റെ സ്ഥാനം







Cover designed by K.R. Harilal    Map - Joseph Antony

6-2-1

# ഒൻപതാം പദ്ധതി
# നമ്മുടെ പദ്ധതി

# വികസന റിപ്പോർട്ട് '96

ഇടുക്കി-കഞ്ഞിക്കുഴി
ഗ്രാമപഞ്ചായത്ത്

# എഡിറ്റോറിയൽ ബോർഡ്

1. ശ്രീ. പി.ജെ.വർഗ്ഗീസ് K.R.P.
2. ശ്രീ. എ.ആർ.അശോക് കുമാർ D.R.P.
3. ശ്രീ. എൻ.റ്റി സാജു D.R.P.
4. ശ്രീ. കെ.റ്റി. ശശിധരൻ D.R.P.
5. ശ്രീ. ആഗസ്തി അഴകത്ത് D.R.P.
6. ശ്രീ. വിത്സൻ വട്ടമറ്റം D.R.P.
7. ശ്രീ. ജെയിംസ് ജെ.വെണ്ണാലിൽ D.R.P.
8. ശ്രീ. റ്റി.ഡി. ജോസഫ് D.R.P.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ വികസന റിപ്പോർട്ടാക്കി മാറ്റുവാൻ സഹായിച്ചവർ

1. ശ്രീമതി ഗ്രേസ് റോയി D.R.P.
2. ശ്രീ. ജി.നാരായണൻ നായർ D.R.P.
3. ശ്രീ. വി.കെ.കമലാസനൻ D.R.P.
4. ശ്രീ. സി.ജി.സജീവ് D.R.P.
5. ശ്രീ. എൻ.കെ.വിനോദ് കുമാർ D.R.P.
6. ശ്രീയ പി.ജെ. റോയി D.R.P.
7. ശ്രീ. രാമചന്ദ്രൻ പുലിപ്പാറ
8. ശ്രീ. ജോസ് പൊട്ടംപുഴ
9. ശ്രീ. പി.കെ.മോഹൻദാസ് D.R.P.
10. ശ്രീ. റ്റി.ആർ.രാമചന്ദ്രൻ D.R.P.
11. ശ്രീ. റെജി തോമസ് D.R.P.
12. ശ്രീ. പി.വി.ജോർഇജ്ജ്
13. ശ്രീ. കെ.ഇ. വേലായുധൻ
14. ശ്രീ. എ.എസ്. രാമകൃഷ്ണൻ
15. ശ്രീ. കെ.എസ്.സെബാസ്റ്റ്യൻ
16. ശ്രീ. വി.ആർ.ദാമോദരൻ
17. ശ്രീ. കെ.ഡി.കൊച്ച്
18. ശ്രീ. കെ.എം.വർഗ്ഗീസ്
19. ശ്രീ. റ്റി.റ്റി.ഗോപാലൻ
20. ശ്രീ. റ്റി.എ.ജോസഫ്
21. ശ്രീ. ടോമി വള്ളനാമറ്റം D.R.P.
22. ശ്രീ. രേഖാ വെള്ളത്തൂവൽ
23. ശ്രീ. കെ.പി.സുകുമാരൻ
24. ശ്രീ. എം.ജി.ഷാജി
25. ശ്രീ. ബിജു പുരുഷോത്തമൻ
26. ശ്രീ. പി.കെ രാജു
27. ശ്രീ. സി.എം.മത്തായി
28. ശ്രീ. സി.വി.സതീഷ്കുമാർ
29. ശ്രീ. ജോൺസൺ വാഴയിൽ
30. ശ്രീ. വർക്കിച്ചൻ കായാപ്ലാക്കൽ
31. ശ്രീ. രാജപ്പൻ കണിയാംപൊയ്കയിൽ
32. ശ്രീ. റ്റി.എം.സുബൈർ
33. ശ്രീ. സിബി കുന്നുംപുറത്ത്
34. ശ്രീ. സാജൻ എം.ജെ.
35. ശ്രീ. ബിജുമോൻ ജോസഫ്
36. ശ്രീ. ജോ ജോർജജ്
37. ശ്രീമതി. പൊന്നമ്മ അഗസ്റ്റിൻ
38. ശ്രീ. കെ.എസ്. രാജു
39. ശ്രീമതി. ലില്ലിക്കുട്ടി ചേന്നാട്ടുമറ്റം
40. ശ്രീ. പി.ജെ.തോമസ്
41. ശ്രീ. എം.കെ.കൃഷ്ണൻകുട്ടി
42. ശ്രീ. കെ.എം.ജോസഫ്,
43. ശ്രീ. കെ.സി.ജോർഇജ്ജ്,
44. ശ്രീ. പി.കെ രാമൻ,
45. ശ്രീ. റ്റി.കെ.തുളസീധരൻ,
46. ശ്രീ.ബാബുപ്രകാശ് D.R.P.,
47. ശ്രീ. ബിജു കാനത്തിൽ,
48. ശ്രീ. എം.റ്റി.തോമസ്,
49. ശ്രീ.ടോമി താണോലിൽ,
50. ശ്രീ. ജോസഫ് തോമസ്,
51. ശ്രീമതി. മേരിക്കുട്ടി ജോർജ്.

# പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



പി.ഡി.ശോശാമ്മ

പ്രസിഡണ്ട്



ആഗസ്തി അഴകത്ത്

വൈസ് പ്രസിഡണ്ട്



വിത്സൻ വട്ടമറ്റം

സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ



ജെയിംസ് ജെ.വെണ്ണാലിൽ



കെ.റ്റി.ശശിധരൻ



അൽഫോൻസാ വർഗ്ഗീസ്



വി.എം.പത്മനാഭൻ



പ്രകാശ് ഗോപാലൻ



സെലിൻ ജേക്കബ്



ലീലാമ്മ മത്തായി



കെ.കെ.രാജൻ

വാർഡ് 11



ഇ.എ.ആന്റണി

സെക്രട്ടറി

## ജില്ലാ, ബ്ലോക്ക് പഞ്ചായത്തംഗങ്ങൾ



പി.ജെ.വർഗ്ഗീസ്
ബ്ലോക്ക് പഞ്ചായത്ത്
മെമ്പർ



കെ.എൻ.മുരളി
ജില്ലാ പഞ്ചായത്ത്
മെമ്പർ



ഗ്രേസ് റോയ്
ബ്ലോക്ക് പഞ്ചായത്ത്
മെമ്പർ

## മുൻ പഞ്ചായത്ത് പ്രസിഡണ്ടുമാർ



എം.എ.മാത്യൂ
മേലാട്ട്



കെ.എം.വർഗ്ഗീസ്
കാരിയിൽ



എ. എൻ. മോഹന
കൃഷ്ണൻ നായർ
ആക്കൽ



പി.ആർ.ഗോപാലകൃഷ്ണൻ
പടപ്പനാട്ട്



ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് ആഫീസ് മന്ദിരം




ചേലച്ചുവട് ബസ്സ്റ്റാന്റ് വെയിറ്റിംഗ് ഷെഡ്

# ഉള്ളടക്കം


| | | Page |
|---|---|---|
| 1. | ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് പൊതുവിവരണം | 1 |
| 2. | ആമുഖം | 2 |
| 3. | സാമൂഹിക സാംസ്കാരിക ചരിത്രം | 4 |
| 4. | ഭൂപ്രകൃതിയും വിഭവങ്ങളും | 6 |
| 5. | വിവിധ വികസന മേഖലകൾ | |
| | 5.1 - കൃഷിയും ജലസേചനവും | 9 |
| | 5.2 - മൃഗസംരക്ഷണവും മത്സ്യകൃഷിയും | 15 |
| | 5.3 - വ്യവസായം | 18 |
| | 5.4 - ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | 20 |
| | 5.5 - പൊതുജനാരോഗ്യം, കുടിവെള്ളം | 31 |
| | 5.6 - വിദ്യാഭ്യാസം | 42 |
| | 5.7 - പാർപ്പിടം, സാമൂഹികക്ഷേമം | 50 |
| | 5.8 - വനിതാക്ഷേമം | 53 |
| | 5.9 - സഹകരണം | 56 |
| | 5.10 - പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം | 61 |
| | 5.11 - സംസ്കാരം | 63 |
| | 5.12 - ടൂറിസം | 67 |
| | 5.13 - വനം | 69 |
| | 5.14 - വിഭവസമാഹരണം | 71 |
| 6. | നന്ദി | 75 |



പണി പൂർത്തിയായി വരുന്ന ലോവർ പെരിയാർ ഡാം



ഇഞ്ചവരക്കുത്ത് വെള്ളച്ചാട്ടം: മിനി ജല-വൈദ്യുത പദ്ധതിക്ക്
നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലം

# 1.

# ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്
# പൊതുവിവരണം

# ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്
# പൊതുവിവരണം

| | | | |
|---|---|---|---|
| 1. | പഞ്ചായത്തിന്റെ പേര് | : | ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് |
| 2. | രൂപീകരിച്ച വർഷം | : | 1976 |
| 3. | ഉൾപ്പെടുന്ന വില്ലേജുകൾ | : | കഞ്ഞിക്കുഴി |
| 4. | ബ്ലോക്ക് പഞ്ചായത്ത് | : | ഇടുക്കി |
| 5. | താലൂക്ക് | : | തൊടുപുഴ |
| 6. | അസംബ്ലി മണ്ഡലം | : | ഇടുക്കി |
| 7. | വിസ്തീർണ്ണം | : | 227.51 ച.കി.മീ. |
| 8. | അതിരുകൾ | : | വടക്ക് അടിമാലി, കവളങ്ങാട് ഗ്രാമപഞ്ചായത്തുകൾ. |
| | | : | തെക്ക്, വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്. |
| | | : | കിഴക്ക്, വാത്തിക്കുടി, കൊന്നത്തടി ഗ്രാമപ്പഞ്ചായത്തുകൾ. |
| | | : | പടിഞ്ഞാറ്, ഉടുമ്പന്നൂർ, വണ്ണപ്പുറം ഗ്രാമപഞ്ചായത്തുകൾ |
| 9. | ജനസംഖ്യ | : | 27955 (1991 സെൻസസ്) |
| | (a) പുരുഷന്മാർ | : | 14304 |
| | (b) സ്ത്രീകൾ | : | 13651 |
| | (c) ജനസാന്ദ്രത | : | 123 ച.കി.മീ. |
| | (d) അക്ഷരാഭ്യാസമുള്ളവർ | : | 22619 |
| 10. | വാർഡുകളുടെ എണ്ണം | : | 11 (പതിനൊന്ന്) |
| 11. | പ്രസിഡണ്ടിന്റെ പേര് | : | ശ്രീമതി.പി.ഡി.ശോശാമ്മ |
| 12. | വൈസ് പ്രസിഡണ്ടിന്റെ പേര് | : | ശ്രീ.ആഗസ്തി അഴകത്ത് |
| 13. | സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | : | ശ്രീ.വിൽസൺ വട്ടമറ്റം |
| 14. | ഭരണസമിതി അംഗങ്ങൾ | | |

1. ശ്രീ. ജെയിംസ് ജെ. വെണ്ണാലിൽ
2. ശ്രീ. കെ.റ്റി.ശശിധരൻ
3. ശ്രീമതി അൽഫോൻസ് വർഗ്ഗീസ്
4. ശ്രീ. വി.എം.പത്മനാഭൻ
5. ശ്രീ. പ്രകാശ് ഗോപാലൻ
6. ശ്രീമതി. സെലിൻ ജേക്കബ്
7. ശ്രീമതി. ലീലാമ്മ മത്തായി
8. ശ്രീ. കെ.കെ. രാജൻ

# 2.

# ആമുഖം

# 2. ആമുഖം

നമ്മുടെ ഗ്രാമത്തിലെ വികസന പ്രവർത്തനങ്ങൾ ദില്ലിയിലോ തിരുവനന്തപുരത്തോ ഇരുന്നല്ല തീരുമാനിക്കേണ്ടത്. ഒരു ഗ്രാമത്തിന്റെ വികസനം ആ ഗ്രാമത്തിലെ പ്രാദേശികമായ പ്രത്യേകതകളും ജനകീയാവശ്യങ്ങളും കണക്കിലെടുത്തുവേണം ആസൂത്രണം ചെയ്യുവാൻ. പഞ്ചായത്ത് ഭരണ സമിതികൾക്ക് പരിമിതമായ അധികാരങ്ങളും വിഭവങ്ങളും ഉപയോഗിച്ച് ജനങ്ങളുടെ ആഗ്രഹങ്ങൾക്കൊത്തുയരാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വന്ന സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് രൂപം നൽകിയിട്ടുള്ള ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ പ്രസക്തി വളരെ വലുതാണ്. ഒൻപതാം പദ്ധതി വിഹിതത്തിന്റെ 35 - 40 ശതമാനം പഞ്ചായത്തുകൾക്ക് നൽകിക്കൊണ്ട് ഗ്രാമതല ആസൂത്രണം മുതൽ പദ്ധതി നടത്തിപ്പുവരെയുള്ള എല്ലാ തലങ്ങളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്ന ഒരു ബൃഹത് സംരഭമാണിത്.

ടാറിട്ട റോഡുകളും കോൺക്രീറ്റ് പാലങ്ങളും ടെറസുള്ള വീടുകളുമെത്തിയാൽ വികസനമായെന്ന തെറ്റായ സങ്കൽപം മാറേണ്ടിയിരിക്കുന്നു. മുഴുവൻ ജനങ്ങളുടെയും അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം പാർപ്പിടം എന്നിവ ഉറപ്പു വരുത്തിക്കൊണ്ട് ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ മുതലായ രംഗങ്ങളിൽ പടിപടിയായി ഉണ്ടാക്കിയെടുക്കേണ്ട സാമൂഹിക വളർച്ചയാണ് വികസനം. ഇതിനനുസൃതമായ രീതിയിലാണ് ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ ഘടന രൂപപ്പെടുത്തിയിട്ടുള്ളത്.

നമ്മുടെ പഞ്ചായത്തിൽ എല്ലാ വിഭാഗം ആളുകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടുള്ള ജനകീയാസൂത്രണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സെപ്തംബർ, ഒക്ടോബർ മാസങ്ങളിലായി എല്ലാ വാർഡുകളിലും ഗ്രാമസഭകൾ നടന്നു. എല്ലാ വാർഡുകളിലും പങ്കാളിത്തം വേണ്ടത്ര ശ്രദ്ധേയമല്ലായിരുന്നുവെങ്കിൽ പോലും പൊതുവെ നല്ല പ്രതികരണമാണ് ജനങ്ങളിൽ നിന്നും ലഭിച്ചത്. പല ഗ്രാമസഭകളിൽ നിന്നും വളരെ സമഗ്രമായ നിർദ്ദേശങ്ങൾ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞു വന്നിട്ടുണ്ടെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

**ഗ്രാമസഭാ പങ്കാളിത്തം**

| വാർഡ് നമ്പർ | പേര് | ആകെ പങ്കെടുത്തവർ | പുരുഷന്മാർ | സ്ത്രീകൾ | ഉദ്യോഗസ്ഥർ |
|---|---|---|---|---|---|
| 1. | കുടുക്കാക്കണ്ടം | 92 | 90 | 2 | 7 |
| 2. | പുന്നയാർ ഈസ്റ്റ് | 57 | 51 | 6 | 2 |
| 3. | കീരിത്തോട് | 303 | 198 | 105 | 2 |
| 4. | ചേലച്ചുവട് | 165 | 141 | 24 | 8 |
| 5. | ചുരുളി | 306 | 212 | 94 | 8 |
| 6. | കഞ്ഞിക്കുഴി | 105 | 103 | 2 | 1 |
| 7. | മഴുവടി | 152 | 133 | 19 | 2 |
| 8. | പഴയരിക്കണ്ടം | 148 | 109 | 39 | 3 |
| 9. | വെൺമണി | 180 | 130 | 50 | 15 |
| 10. | മക്കുവള്ളി | 137 | 87 | 50 | 2 |
| 11. | പുന്നയാർ വെസ്റ്റ് | 123 | 109 | 14 | 5 |
| | ആകെ | 1768 | 1363 | 405 | 54 |

വിവിധ ഘട്ടങ്ങളിലായി നടന്ന പ്രാദേശിക പരിശീലന പരിപാടിയിലൂടെ പ്രവർത്തനങ്ങൾക്കു നേതൃത്വം വഹിക്കാൻ കഴിയുന്ന നൂറിലധികം വരുന്ന സന്നദ്ധ പ്രവർത്തകരെ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വികസന രേഖ തയ്യാറാക്കുന്നതിലും ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിലും പഞ്ചായത്തിലെ വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥരുടെ നിർലോഭമായ സഹകരണം ലഭ്യമായിട്ടുണ്ട്.

അധികാര വികേന്ദ്രീകരണ രംഗത്ത് നിലവിലുണ്ടായിരുന്ന അനിശ്ചിതാവസ്ഥയ്ക്ക് വിരാമമിട്ടുകൊണ്ട് പഞ്ചായത്തിൻെറ ഭൂപ്രകൃതിയും വിഭവങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും കണക്കിലെടുത്ത് വികസന പ്രവർത്തനങ്ങൾ താഴെത്തട്ടിൽതന്നെ ആസൂത്രണം ചെയ്ത് നടപ്പാക്കുവാൻ കൈവന്നിരിക്കുന്ന അവസരം നമുക്ക് പരമാവധി പ്രയോജനപ്പെടുത്താം.

ഗ്രാമസഭാ നിർദ്ദേശങ്ങളിൽ നിന്നും രൂപംകൊണ്ട ഈ വികസന റിപ്പോർട്ട് കൂടുതൽ സജീവവും സമഗ്രവുമായ വിശകലനത്തിനും നിർദ്ദേശങ്ങൾക്കുമായി സമർപ്പിക്കട്ടെ. ആസൂത്രണത്തിൻെറ ജനകീയതയിലൂടെ വികസനത്തിൻെറ പുത്തൻ ചക്രവാളത്തിലേക്കുള്ള കുതിപ്പിൽ നമുക്കൊത്തു ചേരാം.

# 3.

# സാമൂഹിക സാംസ്കാരിക ചരിത്രം

# 3. സാമൂഹിക സാംസ്കാരിക ചരിത്രം

ഇടുക്കി - കഞ്ഞിക്കുഴി പഞ്ചായത്തിന്റെ ചരിത്രത്തിലെ തിളങ്ങുന്ന അദ്ധ്യായമാണ് ചുരുളി - കീരിത്തോടു സംഭവം. മലയോര കർഷകൻ തന്റെ വിയർപ്പു വീണു കുതിർന്ന മണ്ണ് സ്വന്തം കാൽക്കീഴിൽ നിന്നു വഴുതിപ്പോവാതിരിക്കാൻ ജീവൻ പോലും ബലിയർപ്പിച്ചു നടത്തിയ ധീരമായ ചെറുത്തു നിൽപ്പിന്റെ കഥയാണ് ചുരുളി - കീരിത്തോടിനു പറയാനുള്ളത്. പുറം ലോകം ഈ പ്രദേശത്തെക്കുറിച്ചറിഞ്ഞു തുടങ്ങിയത് ചുരുളി - കീരിത്തോടിന്റെ ചരിത്രത്തിലൂടെയാണ്.

1958 ൽ ചെങ്കുളം - പള്ളം 110 K. V. ലൈനിന്റെ പണികളുമായി ബന്ധപ്പെട്ട് കീരിത്തോട് ചുരുളി മേഖലകളിലെത്തിയ ജനങ്ങൾ ഇവിടേക്കുള്ള വ്യാപകമായ കുടിയേറ്റത്തിനു വഴിതെളിച്ചു. തുടർന്ന് ഈ പ്രദേശങ്ങളിൽ താമസിച്ച് കൃഷി ആരംഭിച്ച ജനങ്ങളെ 1961 ൽ കുടിയിറക്കിയെങ്കിലും ഇത് കത്തിപ്പാറ, തള്ളക്കാനം, ആൽപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ കൂടി ജനവാസം വ്യാപകമാക്കുവാൻ സഹായിക്കുകയാണുണ്ടായത്. തുടർന്ന് 1964ഫെബ്രുവരി 26 -ാം തീയതി ഈ പ്രദേശങ്ങളിൽ ഔദ്യോഗികമായി കുടിയിറക്കാരംഭിച്ചു. കത്തിപ്പാറത്തടം, കീരിത്തോട്, പഴയരിക്കണ്ടം എന്നിവിടങ്ങളിൽ പോലീസ് ക്യാമ്പുകൾ തുടങ്ങുകയും ഇവ കേന്ദ്രീകരിച്ച് കുടിയിറക്കാരംഭിക്കുകയുമാണുണ്ടായത്. പോലീസും വനപാലകരും ചേർന്ന് ഈ പ്രദേശങ്ങളിൽ ഒരു ഭീകരാന്തരീക്ഷം തന്നെ സൃഷ്ടിച്ചു. കണ്ണിൽ കണ്ട കൃഷിദേഹണ്ഡങ്ങളൊക്കെ വെട്ടി നശിപ്പിച്ചു. പുല്ലുമേഞ്ഞ കുടിലുകൾക്കാകെ തീവച്ചു. പിഞ്ചു കുട്ടികളും സ്ത്രീകളുമടക്കം ആയിരക്കണക്കിനാളുകൾ വഴിയാധാരമായി. എല്ലാം നഷ്ടപ്പെട്ട് നിരാശ്രയരായി നിരാലംബരായി കീരിത്തോട്ടിൽ ഒത്തുചേർന്ന ജനത്തിനു നേരെ പോലീസ് നിറയൊഴിച്ചു. വെടിവെപ്പിൽ നിരവധി പേർ മരിച്ചുവെന്നു പറയപ്പെടുന്നു. ഒട്ടനവധി പേർ അതിക്രൂരമായി മർദ്ദിക്കപ്പെട്ടു.

കർഷകർക്ക് ആശ്വാസവും ആവേശവുമായി ഫാ: ജോസഫ് വടക്കൻ, ശ്രീ. ഏ. കെ. ഗോപാലൻ, ശ്രീ. ജോൺ മാഞ്ഞൂരാൻ ശ്രീ. എൻ. എം. വർഗീസ് എന്നിവർ രംഗത്തു വന്നു.

1964 മാർച്ച് 8 - ാം തീയതി ശ്രീ. ഏ. കെ. ഗോപാലൻ വാഴത്തോപ്പിൽ കുടിയിറക്കിനെതിരെ നിരാഹാരം തുടങ്ങുകയും അറസ്റ്റുവരിച്ച് ജയിലിൽ പോകുകയും ചെയ്തു. അപ്പോഴേയ്ക്കും ഒട്ടനവധി നേതാക്കളെ അറസ്റ്റു ചെയ്ത് ജയിലിലടച്ചു കഴിഞ്ഞിരുന്നു. കർഷകരെ ഇറക്കിവിട്ട ഭൂമിയിൽ തന്നെ പുനരധിവസിപ്പിക്കുവാനുള്ള സമര നേതാക്കളുടെയും ജനങ്ങളുടെയും ആഗ്രഹം സഫലീകരിക്കുവാൻ പിന്നെയും വർഷങ്ങൾ വേണ്ടി വന്നു. 1967 ൽ അധികാരത്തിൽ വന്ന ഇ. എം. എസ്. മന്ത്രിസഭയാണ് ആകൃത്യം നിർവ്വഹിച്ചത്. വിവിധ സമുദായങ്ങളിൽപ്പെട്ട അഞ്ചു കുടുംബങ്ങളെ കുടിയിരുത്തിക്കൊണ്ട് ആ ജോലി ആരംഭിച്ചു. ആ സ്ഥലമാണ് ഇന്നത്തെ അഞ്ചുകുടി.

രണ്ടാം ലോക മഹായുദ്ധത്തെത്തുടർന്നുണ്ടായ ഭക്ഷ്യക്ഷാമം പരിഹരിക്കുവാൻ 'ഗ്രോ മോർ ഫുഡ്' പദ്ധതി പ്രകാരം C.P. രാമസ്വാമി അയ്യരുടെ കാലത്ത് ഇന്നത്തെ പഞ്ചായത്തു പ്രദേശത്തുൾപ്പെടുന്ന മക്കുവള്ളി, മനയത്തടം, കൈതപ്പാറ എന്നിവിടങ്ങളിൽ താമസമുറപ്പിച്ച് കൃഷി ആരംഭിച്ചവരാണ് പഞ്ചായത്തിലെ ആദ്യത്തെ അധികൃത താമസക്കാർ. തൊടുപുഴയിൽ നിന്നും ഉടുമ്പന്നൂർ വഴിയായിരുന്നു ജനങ്ങൾ ഇവിടേക്ക് എത്തിച്ചേർന്നിരുന്നത്. വനത്തിനു നടുവിൽ കാടു വെട്ടിത്തെളിച്ച് കൃഷി ആരംഭിച്ച ഇവർ ഇന്നും ഒറ്റപ്പെട്ട ജീവിതം നയിച്ചു വരുന്നു. ഇതിനും വളരെ മുമ്പ് രാജഭരണ കാലം മുതൽ തന്നെ പഞ്ചായത്തിനോടു ചേർന്നു കിടക്കുന്ന പട്ടയക്കുടിയിലും മറ്റും ആദിവാസി വിഭാഗത്തിൽപ്പെട്ടവർ താമസിച്ചു വന്നിരുന്നു.

ചുരുളി കീരിത്തോടു സംഭവത്തിനും കുടിയേറ്റത്തിനും വളരെ മുമ്പ് മുതൽ പഴയരിക്കണ്ടത്ത് ജന

വാസം ആരംഭിച്ചിരുന്നു. ആദിവാസികൾക്ക് പതിച്ചു കൊടുത്തിരുന്ന പ്രദേശത്തോടു ചേർന്ന് ഇതര വിഭാഗക്കാരും താമസമാരംഭിച്ചു. ചുരുളി - കീരിത്തോടി നോടൊപ്പം ഇവിടെയും കുടിയിറക്കു നടന്നിരുന്നു. ഇതിനുമൊക്കെ ശേഷമാണ് ഇന്നത്തെ പഞ്ചായത്താസ്ഥാനം സ്ഥിതി ചെയ്യുന്ന കഞ്ഞിക്കുഴി പ്രദേശത്ത് ജനവാസം ആരംഭിച്ചത്. കഞ്ഞിക്കുഴിയുടെ സമീപത്ത് ഇടുക്കി പദ്ധതിക്കു വേണ്ടി അയ്യപ്പൻ കോവിൽ, ഇരട്ടയാർ, വൈരമണി, വേങ്ങാനം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കുടിയിറക്കിയവരെ പട്ടയത്തോടുകൂടി ഭൂമി പതിച്ചു നൽകി കുടിയിരുത്തിയതോടു കൂടി സമീപസ്ഥലങ്ങളിലെ കുടിയേറ്റം പൂർണ്ണമാവുകയും ജനജീവിതം സജീവമാകുകയുമാണുണ്ടായത്. ആദ്യമായി കഞ്ഞിക്കുഴിയിലുണ്ടായ സ്ഥാപനം ടാഗോർ എൽ. പി. സ്കൂൾ എന്ന സ്വകാര്യ സ്കൂൾ ആണ്. തുടർന്ന് ലൈബ്രറി, മറ്റു സ്കൂളുകൾ, പഞ്ചായത്ത് സഹകരണ സംഘം, പോസ്റ്റോഫീസ്, പോലീസ് സ്റ്റേഷൻ, സർക്കാർ ഡിസ്പൻസറി, കൃഷി ഭവൻ, ആയുർവ്വേദ ഹോമിയോ ഡിസ്പൻസറികൾ, വില്ലേജാഫീസ് തുടങ്ങിയ സ്ഥാപനങ്ങൾ ഉണ്ടായി. മലയോര മേഖലയിൽ ഇത്രയും ചുരുങ്ങിയ കാലത്തിനുള്ളിൽ ഇത്രയേറെ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞ പ്രദേശങ്ങൾ വിരളമാണ്. ആദ്യകാലത്ത് കുടിയേറിയ ജനങ്ങളുടെ കൂട്ടായ്മയും കക്ഷി രാഷ്ട്രീയ ജാതി മത പരിഗണനകൾക്കതീതമായി നേതൃത്വം വഹിച്ച വ്യക്തികളുടെ ത്യാഗ മനോഭാവവും നാടിൻെറ വളർച്ചയ്ക്കു വഴിവെച്ചു. ഇനിയും വികസനത്തിൻെറ പാന്ഥാവിൽ നമുക്കൊരുപാടു ദൂരം താണ്ടാനുണ്ട്. നമ്മിൽ നിന്നും ചോർന്നു പോയ കൂട്ടായ്മ ഇനിയും സൃഷ്ടിക്കേണ്ടതുണ്ട്.

വാഴത്തോപ്പു പഞ്ചായത്തിൻെറ നാലാം വാർഡിലെ കരിമ്പൻ ഒഴിവാക്കിയുള്ള പ്രദേശമാണ് ഇന്നത്തെ ഇടുക്കി കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത്. 1976 ൽ പഞ്ചായത്ത് രൂപീകൃതമായി.

## നോമിനേറ്റഡ് കമ്മറ്റി

ശ്രീ. M. A. മാത്യു, മേലാട്ട് പ്രസിഡൻറ് (6 മാസം)
ശ്രീ. K. M. വർഗീസ് കാരിയിൽ, പ്രസിഡൻറ്
ശ്രീ. P. C. ചെറിയാൻ പൊന്നാട്ട്
ശ്രീ. V. R. ദാമോദരൻ വെള്ളാരംകുന്നേൽ
ശ്രീ. K. M. കൃഷ്ണമ്മ, കരിമറ്റത്തിൽ
ശ്രീ. ഇബ്രാഹിം തളർകാട്

## തെരഞ്ഞെടുക്കപ്പെട്ട പ്രഥമ കമ്മറ്റി

ശ്രീ. P. R. ഗോപാലകൃഷ്ണൻ പടപ്പനാട്ട് (പ്രസിഡൻറ്)
ശ്രീമതി. P.D. ശോശാമ്മ പനംപള്ളിൽ (വൈസ് പ്രസിഡൻറ്)
ശ്രീ. M.K. രാജൻ, മഠത്തിക്കുന്നേൽ
ശ്രീ. P.C. ചെല്ലപ്പൻ, പുതുപ്പള്ളിൽ
ശ്രീ. E.M. പ്രഭാകരൻ, ഇളംപുരയിടത്തിൽ
ശ്രീ. K.M. വർഗീസ് കഴികച്ചാലിൽ
ശ്രീ. A.S. രാമകൃഷ്ണൻ, അശോക്ഭവൻ
ശ്രീ. T.T. ഗോപാലൻ തേരയിൽ

## 1988 ൽ നിലവിൽ വന്ന ഭരണസമിതി

ശ്രീ. A.N. മോഹനകൃഷ്ണൻ നായർ, ആക്കൽ (പ്രസിഡൻറ്)
ശ്രീ. ജെയിംസ് ഫിലിപ്പോസ് മാമലക്കുന്നത്ത് (വൈസ് പ്രസിഡൻറ്)
ശ്രീ. പി. കെ. പരമേശ്വരൻ, പുത്തേട്ട്
ശ്രീ. ആഗസ്റ്റി അഴകത്ത്
ശ്രീമതി. സുജാതകുമാരൻ നെല്ലൻ കുഴിയിൽ
ശ്രീ. കെ. ടി. ശശിധരൻ, കിഴക്കേപ്പറമ്പിൽ
ശ്രീ. എ. എച്ച്. മമ്മി, അമ്പാട്ടു കുടിയിൽ
ശ്രീ. കെ. ജി. രാഘവൻ നായർ, കാക്കനാട്ട്
ശ്രീമതി. വത്സമ്മ കുമാരൻ കരിമാലിപ്പുഴ
ശ്രീ. സണ്ണി കളപ്പുരയിൽ

## നിലവിലുള്ള ഭരണ സമിതി

ശ്രീമതി. P.D. ശോശാമ്മ, പനംപള്ളിൽ (പ്രസിഡൻറ്)
ശ്രീ. ആഗസ്റ്റി അഴകത്ത് (വൈസ് പ്രസിഡൻറ്)
ശ്രീ. വിത്സൻ വട്ടമറ്റം (സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ)
ശ്രീ. ജെയിംസ് J. വെണ്ണാലിൽ
ശ്രീ. കെ. ടി. ശശിധരൻ കിഴക്കേപ്പറമ്പിൽ
ശ്രീമതി. അൽഫോൺസ് വർഗീസ്, കായാപ്ലാക്കൽ
ശ്രീ. V.M. പത്മനാഭൻ, വെട്ടിക്കൽ
ശ്രീ. പ്രകാശ് ഗോപാലൻ, പനക്കൽ
ശ്രീമതി. സെലിൻ ജേക്കബ്, അമ്പഴത്തിങ്കൽ
ശ്രീമതി. ലീലാമ്മ മത്തായി, ഇടമന ചിറയിൽ
ശ്രീ. കെ. കെ. രാജൻ കോവലയിൽ

## നിലവിലുള്ള പഞ്ചായത്ത് ജീവനക്കാർ

ശ്രീ. E. A. ആൻറണി - സെക്രട്ടറി
ശ്രീ. T.S. ശങ്കരപ്പിള്ള - ഹെഡ്ക്ലാർക്ക്
ശ്രീ. A.G. കൃഷ്ണൻ - UD ക്ലർക്ക്
ശ്രീ. C.N. രവീന്ദ്രൻ - LD ക്ലർക്ക്
ശ്രീ. K.J. ബേബി - LD ക്ലർക്ക്
ശ്രീ. E.P. രാമകൃഷ്ണൻ - J.B.C.
ശ്രീ. മാത്യു തോമസ് - പ്യൂൺ
ശ്രീ. A.R. അശോക് കുമാർ - പാർട്ട് ടൈം ലൈബ്രേറിയൻ
ശ്രീ. T.V. ഓമനക്കുട്ടൻ - പാർട്ട് ടൈം ലൈബ്രേറിയൻ

# 4.

# ഭൂപ്രകൃതിയും വിഭവങ്ങളും

# 4. ഭൂപ്രകൃതിയും വിഭവങ്ങളും

ഭൂപ്രകൃതിയും വിഭവങ്ങളുമാണ് ഒരു പ്രദേശത്തിൻെറ വികസനത്തിനുള്ള ആധാരശിലകൾ. സമുദ്രനിരപ്പിൽ നിന്നും 2250 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഇടുക്കി - കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിൻെറ ഭൂ പ്രകൃതിയിൽ പ്രധാനമായും മലനിരകളും ചെരിവു പ്രദേശങ്ങളുമാണ്. ഭൂ പ്രകൃതി അനുസരിച്ച് ഈ പഞ്ചായത്തിനെ അഞ്ചായി തിരിക്കാം.

1. കുന്നിൻ പ്രദേശം
2. കുത്തനെ ചെരിവു പ്രദേശം
3. സാധാരണ ചെരിവു പ്രദേശം
4. താഴ്‌വര
5. പാറക്കെട്ടുകൾ

### കാലാവസ്ഥ:-

വർഷത്തിൽ ഏറിയ സമയവും പഞ്ചായത്തിലെ ഉയർന്ന അന്തരീക്ഷ ഊഷ്മാവ് ഏകദേശം26ർഞ നും 33ർഞ നും മദ്ധ്യേയാണ്. ഹൈറേഞ്ച് പ്രദേശമാണെങ്കിലും ഇടനാടുമായി ചേർന്നു കിടക്കുന്നതിനാൽ സമശീതോഷ്ണ കാലാവസ്ഥയാണുള്ളത്. കാലവർഷം പൊതുവെ നന്നായി കിട്ടുന്ന പ്രദേശമാണ്. ജൂൺ, ജൂലൈ മാസങ്ങളിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നു. ഈ കാലങ്ങളിൽ ഉണ്ടാകുന്ന ഉരുൾപൊട്ടലും പടിഞ്ഞാറു നിന്നുള്ള ശക്തമായ കാറ്റും വ്യാപകമായ കൃഷി നാശത്തിനു കാരണമാകാറുണ്ട്. സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിൽ തുലാവർഷം ലഭിക്കാറുണ്ട്. ഡിസമ്പർ ജനുവരി മാസങ്ങളിൽ നല്ല തണുപ്പും മഞ്ഞും അനുഭവപ്പെടാറുണ്ട്. പ്രതിവർഷം 400 s.൦. മഴ ലഭിക്കുന്നു.

### മൺതരം:-

പ്രധാനമായും പഞ്ചായത്തിലെ മൺതരങ്ങളെ നാലായി തിരിക്കാം.

1. കറുപ്പുകലർന്ന ചുവന്ന മണ്ണ്
2. ചുവന്ന ചരൽ മണ്ണ്
3. തരിശ് - പാറക്കെട്ട്
4. വനമണ്ണ്.

ചെരിവു പ്രദേശങ്ങൾ ഏറെയുള്ളതു കൊണ്ടും അശാസ്ത്രീയമായ കാർഷിക പ്രവർത്തനങ്ങളാലും വേണ്ടത്ര മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടക്കാത്തതിനാലും വർഷകാലത്ത് മേൽമണ്ണു മുഴുവൻ ഒഴുകി നഷ്ടപ്പെടുന്നു. ഇത് കാർഷികോൽപാദനത്തെ പ്രതികൂലമായി ബാധിക്കുന്നതിനു പുറമേ ധാരാളം പരിസ്ഥിതി പ്രശ്നങ്ങൾക്കും വഴിവെക്കുന്നു.

### ജലസ്രോതസ്:

അതിർത്തിയിലൂടെ പെരിയാർ കടന്നു പോകുന്നതൊഴിച്ചാൽ വേറെ നദികൾ പഞ്ചായത്തിലൂടെ ഒഴുകുന്നില്ല. പെരിയാറ്റിലെ ജലം ചുരുക്കം ചില പ്രദേശങ്ങളിലൊഴികെ ഉപയുക്തമാക്കാൻ കഴിയുന്നില്ല. നാലു പ്രധാന തോടുകളും കൈതോടുകളും വിവിധ ഭാഗങ്ങളിലായിട്ടുള്ള 58 കുളങ്ങളും കിണറുകളും നീരുറവകളും മാത്രമാണ് ജലത്തിൻെറ ആവശ്യത്തെ ഒരു പരിധിവരെയെങ്കിലും പരിഹരിക്കുന്നത്. നിലവിലുള്ള തോടുകളുടെ ഇരു കരകളിലുമുള്ള ഭൂഉടമസ്ഥർ തോടുകയ്യേറുന്നതും, മണ്ണൊലിപ്പു നിമിത്തം തോടുകളുടെ ആഴം കുറഞ്ഞ് വരുന്നതും ഇവയുടെ നിലനിൽപിനെ ബാധിക്കുന്നുണ്ട്. പഞ്ചായത്തിൻെറ വിവിധ മേഖലകളിലുണ്ടായിരുന്ന സ്വാഭാവിക നീരുറവകൾ അശാസ്ത്രീയമായ ഇടപെടൽ മൂലം നഷ്ടപ്പെട്ടിട്ടുണ്ട്. ഇനിയും ശേഷിക്കുന്നവ നിലനിർത്തേണ്ടതായിട്ടുമുണ്ട്.

### സസ്യാവരണം:-

പഞ്ചായത്തിലെ പ്രധാന കൃഷി കുരുമുളകായിരുന്നു. എന്നാൽ ദ്രുതവാട്ടം മൂലമുണ്ടായിട്ടുള്ള കൃഷി നാശവും റബ്ബർ കൃഷിയോട് കർഷകർക്ക് അടുത്ത കാലത്തായിട്ടുണ്ടായിട്ടുള്ള വർദ്ധിച്ച ആഭിമുഖ്യവും പരിഗണിക്കുമ്പോൾ റബ്ബറിനാണ് പ്രമുഖ സ്ഥാനം. കവുങ്ങ്, തെങ്ങ്, കൊക്കോ, കാപ്പി, കപ്പ, ഇഞ്ചി, വാഴ, ചേന, ചേമ്പ്, നെല്ല്, ഗ്രാമ്പു, ജാതി, ഏലം, പൈനാപ്പിൾ, കശുമാവ്, തെരുവപ്പുൽ മുതലായവയും കൃഷി ചെയ്തു വരുന്നു. ഭക്ഷ്യവിളകളെ അപേക്ഷിച്ച് നാണ്യവിളകളാണ് കൂടുതലും കൃഷി ചെയ്യുന്നത്. ഭക്ഷ്യസാധനങ്ങൾക്കായി അയൽ സംസ്ഥാനങ്ങളേയും സംസ്ഥാനത്തിൻെറ ഇതര ഭാഗങ്ങളേയും ആശ്രയിക്കേണ്ടി വരുന്നു.

## വിളകൾക്കുണ്ടാകുന്ന രോഗങ്ങൾ:-

| | | |
|---|---|---|
| കുരുമുളക് | - | ദ്രുതവാട്ടം, സാവധാന വാട്ടം |
| റബ്ബർ | - | പട്ടമരപ്പ്, പട്ട ചീയൽ, കൊമ്പുണങ്ങൽ |
| കമുക് | - | മാഹാളി, മഞ്ഞളിപ്പ്, കൂമ്പുചീയൽ, കൂമ്പുകുറുകൽ. |
| തെങ്ങ് | - | കൂമ്പുചീയൽ, മഞ്ഞളിപ്പ്, കാറ്റുവീഴ്ച, ചെല്ലി കുത്തൽ, മച്ചിങ്ങ പൊഴിച്ചിൽ. |
| കൊക്കോ | - | തണ്ട്ചീയൽ, കരിച്ചിൽ,കുമിൾ രോഗം. |

## മനുഷ്യവിഭവം:-

1991 ലെ സെൻസസ് പ്രകാരം ഇടുക്കി - കഞ്ഞിക്കുഴി പഞ്ചായത്തിലെ ജനസംഖ്യ 27955 ആണ്. ഇതിൽ 14304 പേർ പുരുഷന്മാരും 13631 പേർ സ്ത്രീകളുമാണ്. ജനസാന്ദ്രത ച. കി. മീറ്ററിന് 123 ആണ്. ആറു വയസിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 3547 ആണ്. പട്ടികജാതി ജനസംഖ്യ 1277 ഉം പട്ടിക വർഗ്ഗ ജനസംഖ്യ 3001 ഉം ആണ്. ആകെ ജനങ്ങളിൽ 22619 പേർ സാക്ഷരതരാണ്. അഭ്യസ്ത വിദ്യരും അല്ലാത്തവരുമായ തൊഴിൽ രഹിതരുടെ എണ്ണം കൂടി വരുന്നുണ്ട്. ധാരാളം ആളുകൾ തൊഴിൽ തേടി ജില്ലയുടെയും സംസ്ഥാനത്തിന്റെയും ഇതരഭാഗങ്ങളിലും സംസ്ഥാനത്തിനു പുറത്തും പോകേണ്ടി വരുന്നു. കാർഷിക രംഗത്തുണ്ടായിട്ടുള്ള മാന്ദ്യവും വ്യവസായരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിയാത്തതും തൊഴിൽ മേഖലയെ ബാധിച്ചിട്ടുണ്ട്.

## തൊഴിൽ വിഭജനം സംബന്ധിച്ച ചാർട്ട്

### അവലംബം 1991 സെൻസസ്

| പ്രധാന ജോലിക്കാർ | | കൃഷി ചെയ്യുന്നവർ | | കർഷക തൊഴിലാളികൾ | | മൃഗസംരക്ഷണം | | ഖനനം കല്ലുപൊട്ടിയ്ക്ക | | വീട്ടുപകരണങ്ങൾ ഉൽപ്പാദനം അറ്റകുറ്റപ്പണി | | മറ്റ് സാധനങ്ങൾ ഉല്പാദനം സംസ്കരണം | | നിർമ്മാണം | | വ്യവസായ വ്യാപാരം | | ഗതാഗതം സംഭരണം വാർത്താ വിനിമയം | | മറ്റു സേവന മുറ | | ഭാഗീകമായ തൊഴിലുകൾ | | തൊഴിൽ രഹിതർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ |
| 7869 | 1388 | 3293 | 398 | 2618 | 651 | 261 | 8 | 5 | - | 45 | 15 | 144 | 24 | 599 | 2 | 409 | 36 | 123 | 2 | 370 | 252 | 469 | 1208 | 5966 | 11055 |

# 5.

# വിവിധ വികസന മേഖലകൾ

# 5.1

# കൃഷിയും ജലസേചനവും

# 5 - 1 കൃഷിയും ജലസേചനവും

ഇടുക്കി - കഞ്ഞിക്കുഴി പഞ്ചായത്തിൽ കറുപ്പു കലർന്ന വനമണ്ണാണ് വ്യാപകമായി കാണുന്നത്. 4 - 9 മുതൽ 5 - 6 വരെയുള്ള P.H. റേഞ്ചിൽപെടുന്ന അമ്ല സ്വഭാവമുള്ള മണ്ണാണ് അധികവും. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ കാര്യമായി ചെയ്യാതെ കാൽ നൂറ്റാണ്ടിലേറെ കാലമായി മണ്ണുകിളച്ചുമറിച്ചു കൃഷി ചെയ്തു കൊണ്ടിരിക്കുന്നതിനാൽ മണ്ണിൻെറ വളക്കൂറ് നഷ്ടപ്പെടുകയും മേൽമണ്ണ് പാടേ ഒലിച്ചു പോവുകയും ചെയ്തിട്ടുണ്ട്.

പതിനായിരം ഹെക്ടറോളം കൃഷിഭൂമി ഉണ്ടെങ്കിലും അതിൽ ഭൂരിപക്ഷം പ്രദേശത്തും പട്ടയമില്ല. കർഷകരിൽ 63% ഒരു ഹെക്ടറിൽ താഴെയുള്ള നാമമാത്ര കർഷകരും 22% ഒരു ഹെക്ടറിനും രണ്ടു ഹെക്ടറിനും ഇടയിലുള്ള ചെറുകിട കർഷകരും 15% രണ്ടു മുതൽ നാലു ഹെക്ടർ വരെയുള്ള കർഷകരുമാണ്.

### കൈവശ ഭൂമി വിസ്തീർണ്ണം




ആകെ കൈവശ ഭൂമി വിസ്തീർണ്ണം = 10000 ഹെ.
ആകെ കർഷക കുടുംബങ്ങൾ = 8289

പതിനൊന്നു വാർഡുകളിലായി 8289 കർഷക കുടുംബങ്ങളാണ് പഞ്ചായത്തിലുള്ളത്.

### കൈവശ ഭൂമി വിസ്തീർണ്ണം = 10000 ഹെ.

| വാർഡ് നമ്പർ | നാമമാത്ര കർഷകർ (1 ഹെക്റ്ററിൽ താഴെ) | ചെറുകിട കർഷകർ (1 - 2 ഹെക്റ്റർ) | ഇടത്തരം കർഷകർ (2 - 4 ഹെക്റ്റർ) |
|---|---|---|---|
| I | 559കുടുംബങ്ങൾ | 198കുടുംബങ്ങൾ | 133കുടുംബങ്ങൾ |
| II | 372 ,, | 130 ,, | 88 ,, |
| III | 631 ,, | 220 ,, | 150 ,, |
| IV | 460 ,, | 160 ,, | 109 ,, |
| V | 473 ,, | 165 ,, | 113 , |
| VI | 430 ,, | 150 ,, | 102 ,, |
| VII | 552 ,, | 192 ,,, | 131 ,, |
| VIII | 459 ,, | 100 ,, | 68 ,, |
| IX | 564 ,, | 197 ,, | 134 ,, |
| X | 282 ,, | 98 ,, | 67 ,, |
| XI | 506 ,, | 176 ,, | 120 ,, |

### ജലലഭ്യത

പഞ്ചായത്തിൽ ചെറുതും വലുതുമായി 27 തോടുകൾ ഉണ്ട്. അതിൽ 5 എണ്ണം കാളിയാർ പുഴയിലും 22 എണ്ണം പെരിയാറ്റിലും ഒഴുകിചേരുന്നു. ഇവയിൽ കഞ്ഞിക്കുഴി, ആൽപ്പാറ, ചുരുളി എന്നീ പ്രദേശങ്ങളിലൂടെ ഒഴുകി പെരിയാറ്റിൽ ചേരുന്ന ചുരുളി തോടും, മൈലപ്പുഴ, പഴയരിക്കണ്ടം, വട്ടോമ്പാറ, പുന്നയാർ പ്രദേശങ്ങളിലൂടെയൊഴുകി പെരിയാറ്റിലെത്തുന്ന പഴയരിതോടും, മക്കുവള്ളിയിൽ നിന്നും ആരംഭിച്ച് കാളിയാർ പുഴയിൽ ചേരുന്ന മക്കുവള്ളി തോടും വെൺമണിയിൽ നിന്നാരംഭിച്ച് കാളിയാർ പുഴയിൽ ചേരുന്ന നാക്കയം തോടും വേനൽ കാലത്തു വറ്റിപ്പോകുന്നവയല്ല.

എല്ലാ വാർഡുകളിലും കുളങ്ങൾ കുത്തി ജലസേചനം നിർവ്വഹിക്കുവാൻ ധാരാളം സൗകര്യങ്ങളുണ്ട്. 58 കുളങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. V,IX വാർഡുകളിൽ ഓരോ തടയണകളും ഉണ്ട്.

തരിശുഭൂമി പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലുമുണ്ട് വരിക്കമുത്തൻ, മൈലപ്പുഴ എന്നീ പ്രദേശങ്ങളിൽ ഇവ കൂടുതലായി കാണപ്പെടുന്നു.

### ഭൂപ്രകൃതി




ആകെ വിസ്തീർണ്ണം = 22,751 ഹെക്റ്റർ

### വിളയും വിസ്തീർണ്ണവും ഉത്പാദനക്ഷമതയും

കർഷകർ കുടിയേറിയ ആദ്യ കാലങ്ങളിൽ ഭക്ഷ്യ വിളകൾക്കാണ് കൃഷിയിൽ പ്രാധാന്യം നൽകിയിരുന്നതെങ്കിൽ പോലും ഇപ്പോൾ സ്ഥിതിഗതികൾ മാറി. നാണ്യവിളകൾക്കാണ് കർഷകർ ഇപ്പോൾ പ്രമുഖസ്ഥാനം നൽകി വരുന്നത്.

റബ്ബർ, തെങ്ങ്, കമുക്, കുരുമുളക്, കാപ്പി, കൊക്കോ, കശുമാവ്, ജാതി, ഗ്രാമ്പു, ഏലം, പൈനാപ്പിൾ, ഇഞ്ചി, മഞ്ഞൾ, കച്ചോലം, കപ്പ, വാഴ, ചേന, ചേമ്പ്, പച്ചക്കറികൾ എന്നിവ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ കൃഷി ചെയ്തു വരുന്നു. പച്ചക്കറി ഇനത്തിൽ പാവൽ കൃഷിയാണ് കൂടുതലും. ഇത് അപൂർവ്വം ചിലർ വ്യാപാരാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്നു.

### വളം - കീടനാശിനി പ്രയോഗം

കഞ്ഞിക്കുഴി സർവ്വീസ് സഹകരണ ബാങ്ക് ഇടുക്കി - ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം, കൃഷിഭവൻ, സ്വകാര്യ സ്ഥാപനങ്ങൾ മറ്റ് ഏജൻസികൾ എന്നിവ മുഖേന കൃഷിക്കാർക്ക് വളങ്ങൾ ലഭിക്കുന്നു. കർഷകരിൽ ഏറിയ പങ്കും രാസവളങ്ങൾ ഉപയോഗിക്കുന്നവരാണ്. ചുരുക്കം ആളുകൾ ജൈവ വളങ്ങളും ഉപയോഗിക്കുന്നു. ചവറ്, ചാണകം, ചാരം തുടങ്ങിയ ജൈവ വളങ്ങളും ധാരാളമായി ഉപയോഗിക്കുന്നു.

രോഗപ്രതിരോധ നടപടികളും കീടനാശിനി പ്രയോഗങ്ങളും സാധാരണമാണ്. കുരുമുളകു ചെടിക്കുണ്ടാകുന്ന - ദ്രുതവാട്ടം, കുമിൾ ആക്രമണങ്ങൾക്കെതിരെ COC, ബോർഡോ മിശ്രിതം എന്നിവ പ്രയോഗിക്കുന്നവരാണ് അധികവും. കമുകിനുണ്ടാകുന്ന മാഹാളി രോഗത്തിനും ബോർഡോ

### രാസവള - കീടനാശിനി വിപണനം

| | സ്ഥാപനത്തിന്റെ പേര് | 1993 - 94 രാസവളം | കീടനാശിനി ദ്രവം | കീടനാശിനി ഖരം | 1994 - 95 രാസവളം | കീടനാശിനി ദ്രവം | കീടനാശിനി ഖരം | 1995 - 96 രാസവളം | കീടനാശിനി ദ്രവം | കീടനാശിനി ഖരം |
|---|---|---|---|---|---|---|---|---|---|---|
| | | കി. ഗ്രാം | ML | കി. ഗ്രാം | കി. ഗ്രാം | ML | കി. ഗ്രാം | കി. ഗ്രാം | ML | കി. ഗ്രാം |
| 1. | കഞ്ഞിക്കുഴി സഹകരണബാങ്ക് | 164973 | 38400 | 4102 | 107300 | 17600 | 306 | 51700 | 17000 | 570 |
| 2. | ഇടുക്കി ജനറൽ മാർക്കറ്റിംഗ് കഞ്ഞിക്കുഴി | 900 | - | - | 37131 | 720 | 152 | 56100 | 820 | 1100 |
| 3. | കൃഷി ഭവൻ, കുരുമുളകിന് | 30536 | | റോബ്ബാൻ 4 | 30536 | | റോബ്ബാൻ 3 | 30536 | | റോബ്ബാൻ 3 |
| 4. | കൃഷി ഭവൻ, കുരുമുളകിന് | 27000 | 1620 | 25000 | 27000 | 1610 | 25000 | 27000 | 1620 | 25000 |

**കുറിപ്പ്** - സ്വകാര്യ സ്ഥാപനങ്ങൾ, കാഡ്ബറി, തുടങ്ങിയ മറ്റ് ഏജൻസികൾ വിതരണം ചെയ്ത വളത്തിന്റെ കണക്ക് ഇതിൽപ്പെടുത്തിയിട്ടില്ല

മിശ്രിതമാണ് സാധാരണ ഉപയോഗിക്കുന്നത്. കൃഷിഭവൻ മുഖേന കർഷകർക്കു ലഭിക്കേണ്ടുന്ന രാസവളങ്ങളും കീടനാശിനികളും യഥാസമയം ലഭിക്കാറില്ല. കുരുമുളകു സംരക്ഷണ സമിതികളുടെ ഈ രംഗത്തുള്ള പ്രവർത്തനങ്ങൾ പരിശോധനയ്ക്കു വിധേയമാക്കേണ്ടതുണ്ട്.

### കാർഷികോപകരണങ്ങൾ

റോക്ക് സ്പ്രെയറുകൾ, നാപ്സ്റ്റാക്ക് സ്പ്രെയറുകൾ, തെങ്ങു കയറ്റ യന്ത്രം, തുടങ്ങിയവ കാർഷികോപകരണങ്ങൾ സബ്സിഡി നിരക്കിൽ ഇവിടെ വിതരണം ചെയ്തിട്ടുണ്ട്. കൃഷിക്കാർ സ്പ്രെയറുകൾ സ്വന്തമായി വാങ്ങിച്ചും ഉപയോഗിക്കുന്നുണ്ട്. കേര വികസനത്തിനായി ജലസേചനം നടത്തുന്നതിന് 1.5 H.P. മോർട്ടാറുകളും പമ്പു സെറ്റുകളും വിതരണം ചെയ്തിട്ടുണ്ട്.

വികസന സമിതി യഥാസമയം വിളിച്ചു ചേർത്ത് ആവശ്യമായ മേൽനോട്ടവും, ബോധവത്കരണ പരിപാടിയും സംഘടിപ്പിക്കുകയും വേണം.

### കൂലിനിരക്ക്

സാധാരണ കൃഷി പണികൾക്ക് പുരുഷ തൊഴിലാളികൾക്ക് 80 രൂപയും സ്ത്രീ തൊഴിലാളികൾക്ക് 60 രൂപയും ദിവസ കൂലി ലഭിക്കുന്നു. എന്നാൽ തെങ്ങു കയറ്റം, കമുകു കയറ്റം കീടനാശിനി തളിക്കൽ തുടങ്ങിയ പ്രയാസമേറിയ ജോലികൾക്ക് കൂലി കൂടുതൽ ലഭിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തു തലത്തിൽ ഒരു ഏകീകൃത കൂലിനിരക്കിൻെറ അഭാവമുണ്ട്.

### കാർഷിക വായ്പ

പഞ്ചായത്തിലെ രണ്ട് സർവ്വീസ് സഹകരണ ബാങ്കുകളും, യൂണിയൻ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് എന്നീ ധനകാര്യ സ്ഥാപനങ്ങൾ കർഷകർക്ക്

**കാർഷികോപകരണങ്ങൾ**

| വാർഡ് നമ്പർ | ഉഴവുപകരണങ്ങൾ | | മരുന്നു തളി ഉപകരണങ്ങൾ | | | തെങ്ങു കയറ്റ യന്ത്രം | പോർട്ടബിൾ പമ്പുസെറ്റ് |
|---|---|---|---|---|---|---|---|
| | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രെയർ | താപ്പ സ്റ്റാക്ക സ്പ്രെയർ | മറ്റുള്ളവ | | |
| I | - | 30 | 13 | - | 20 | 1 | 5 |
| II | - | - | 31 | - | 4 | 2 | 3 |
| III | - | - | 44 | 2 | - | 1 | 2 |
| IV | - | - | 26 | 4 | 5 | 1 | - |
| V | - | - | 21 | 4 | 3 | 2 | 2 |
| VI | 1 | 10 | 10 | 6 | 8 | 2 | - |
| VII | - | - | 26 | 4 | 4 | 2 | - |
| VIII | - | 2 | 20 | 10 | - | - | - |
| IX | - | 5 | 18 | 2 | - | - | 6 |
| x | - | 8 | 5 | 5 | - | - | 7 |
| xI | - | - | 18 | 5 | - | - | - |

അവലംബം - കൃഷിഭവൻ

### കാർഷിക വികസന സമിതികൾ

പഞ്ചായത്തടിസ്ഥാനത്തിലുള്ള ഒരു കേര വികസന സമിതിയും പതിനൊന്നു വാർഡുകളിലും ഓരോ കുരുമുളക് വികസന സമിതികളും ഉണ്ട്. 8-ാം വാർഡിൽ ഒരു പാടശേഖര സമിതിയും പ്രവർത്തിക്കുന്നു. ഈ സമിതികളുടെ പ്രവർത്തനങ്ങളും ഇവയിലൂടെ കർഷകർക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ചും കർഷകരുടെ ഇടയിലുള്ള അവ്യക്തത നീക്കുകയും പഞ്ചായത്തു കാർഷിക

കൃഷി വായ്പകൾ നല്കുന്നു. എന്നാൽ ഭൂരിഭാഗം പ്രദേശങ്ങളിലും പട്ടയം ലഭിക്കാത്തതിനാൽ വായ്പയുടെ ലഭ്യതയ്ക്ക് കുറവു വരുന്നു. വർദ്ധിച്ചു വരുന്ന രോഗ കീടബാധമൂലവും, വരൾച്ച പ്രകൃതിക്ഷോഭങ്ങളാലുള്ള കൃഷിനാശം മൂലവും കർഷകർക്കു ലഭിക്കുന്ന വായ്പകളുടെ തിരിച്ചടവ് യഥാസമയം നടക്കാതെ പോകുന്നുണ്ട്. കാർഷിക വായ്പകൾ കൃഷി ആവശ്യങ്ങൾക്കു വേണ്ടി ഉപയുക്തമാക്കാതെ മറ്റാവശ്യങ്ങൾക്കു ചെലവാക്കുന്നതും കാർഷിക വായ്പാ തിരിച്ചടവിനെ പ്രതികൂലമായി ബാധിക്കുന്നു.

പലിശ നിരക്കു കുറച്ചും വായ്പാ വ്യവസ്ഥക ളിൽ അയവു വരുത്തിയും യഥാസമയം കാർഷിക വായ്പകൾ ലഭ്യമാക്കണം.

## മണ്ണ് പരിശോധന

മണ്ണ് പരിശോധനയ്ക്കുള്ള സൗകര്യങ്ങൾ കൃഷിഭവനിൽ ലഭ്യമാണെങ്കിലും ജനങ്ങൾ പ്രയോജ നപ്പെടുത്താറില്ല. നിലവിലുള്ള പ്രവർത്തനത്തിൻെറ യാന്ത്രികതയും, മണ്ണുപരിശോധനയിലൂടെ ലഭിക്കുന്ന പുത്തൻ അറിവുകൾ പ്രയോജനപ്പെടുത്തി സ്വന്തം കൃഷിയിടത്തിൽ ആവശ്യമായ മാറ്റം വരുത്തുന്നതി നുള്ള കർഷകരുടെ അജ്ഞതയും കൃഷിഭവൻ ആവ ശ്യമായ നേതൃത്വം നൽകാത്തതും ഈ രംഗത്തുള്ള പിന്നോട്ടടിയാണ്.

## കൃഷിഭവൻ

കൃഷിഭവൻെറ പ്രയോജനം പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലുമുള്ള കർഷകർക്കു ലഭിക്കുന്നില്ല. പഞ്ചായത്തിൻെറ വിവിധ മേഖലകളിലുള്ള കർഷ കർക്ക് യഥാസമയം കൃഷിഭവനുമായി ബന്ധപ്പെടുന്ന തിനും കൃഷിഭവൻ ഉദ്യോഗസ്ഥർക്ക് കാർഷിക മേഖ ലകളിൽ എത്തിച്ചേരുന്നതിനും യാത്രാ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ഒരു പ്രശ്നമാണ്. കഞ്ഞിക്കുഴി കൃഷിഭവനിൽ സ്ഥിരമായി കൃഷി ആഫീസറില്ലാ ത്തതും ആവശ്യമായ ജീവനക്കാരില്ലാത്തതും കാർ ഷിക വികസനത്തെ സാരമായി ബാധിക്കുന്നുണ്ട്.

## രോഗങ്ങൾ

മലയോര മേഖലയിൽ കണ്ടു വരുന്ന എല്ലാ രോഗങ്ങളും ഇവിടെയും കാർഷിക മേഖലയ്ക്കു ബാധകമാണ്. റബ്ബറിന് പട്ടമരപ്പ് സാധാരണമായിരി ക്കുന്നു. റബ്ബർ തളിർക്കുന്ന അവസരത്തിൽ പൂപ്പൽ ബാധിച്ച് ഇല നശിക്കുന്നു. കുരുമുളകിന് ദ്രുതവാട്ടം, കരിച്ചിൽ രോഗം എന്നിവ സാധാരണമാണ്. കൊക്കോ, കശുമാവ് എന്നിവയ്ക്ക് ചീക്ക്, പൂപൊഴി ച്ചിൽ തുടങ്ങിയവ പ്രധാന രോഗങ്ങളാണ്.

## പ്രശ്നങ്ങൾ

1. വേണ്ടത്ര മണ്ണു സംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവം.
2. അത്യുൽപാദന ശേഷിയുള്ള വിത്തുകളും തൈ കളും യഥാസമയം ലഭ്യമാകുന്നില്ല.
3. ജലസേചന സൗകര്യകുറവ്
4. ബോധവത്കരണ പ്രവർത്തനങ്ങളുടെ കുറവ്.
5. വർദ്ധിച്ച രോഗ - കീടബാധ
6. കാർഷിക വായ്പയുടെ ലഭ്യത കുറവ്
7. കൃഷിഭവൻ മുഖാന്തിരമുള്ള ആനുകൂല്യങ്ങൾ യ ഥാസമയം ലഭിക്കാത്തത്.
8. കൃഷിഭവൻെറ പ്രയോജനം പഞ്ചായത്തിലെ മു ഴുവൻ കർഷകർക്കും ലഭിക്കാത്തത്. ജീവനക്കാ രുടെ അപര്യാപ്തത.
9. കാർഷിക വികസന സമിതികളുടെ പ്രവർത്തനം സുതാര്യമല്ലാത്തത്.
10. മണ്ണു പരിശോധനയുടെ അപര്യാപ്തത.

## നിർദ്ദേശങ്ങൾ

1. വ്യാപകമായ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ നടത്തണം. കല്ലുകയ്യാലകൾ, സുബാബൂൾ കയ്യാ ലകൾ, മൺ കയ്യാലകൾ VGCTR (Vegitally Guarded Conservation Trenches and Ridges) തുടങ്ങിയ പരിപാടികൾ ആവാം.
2. അത്യുല്പാദന ശേഷിയുള്ള വിത്തുകളും തൈ കളും വേണ്ട സമയത്ത് ലഭ്യമാക്കണം.
3. ജലസേചന സൗകര്യം എല്ലാ മേഖലകളിലുമു ണ്ടാക്കണം.
4. പഞ്ചായത്ത് കാർഷിക വികസന സമിതികളും, കൃഷിഭവനും ഏകോപിച്ച് വിവിധങ്ങളായ ബോ ധവത്കരണ പരിപാടികൾ മൂന്നു മാസത്തിലൊ രിക്കലെങ്കിലും സംഘടിപ്പിക്കണം.
5. കുറഞ്ഞ പലിശ നിരക്കിൽ പട്ടയമില്ലാത്ത പ്രദേ ശങ്ങളിലുൾപ്പെടെ ബാങ്കുകൾ വായ്പ ലഭ്യമാ ക്കണം.
6. കൃഷിഭവൻെറ പ്രവർത്തനങ്ങൽ സുതാര്യമാക്കു കയും കാർഷിക ആനുകൂല്യങ്ങൾ യഥാകാലം ലഭ്യമാക്കുകയും വേണം.
7. കാർഷികരംഗത്തെ രോഗ - കീട ബാധയെ ചെറുക്കുവാൻ ജനപങ്കാളിത്തത്തോടെ പഞ്ചായ ത്തിലൊട്ടാകെ കൂട്ടായ പ്രവർത്തനങ്ങൾ സംഘ ടിപ്പിക്കണം.
8. കൃഷിഭവനിൽ സ്ഥിരമായി കൃഷി ആഫീസറെ നിയമിക്കുകയും, ജീവനക്കാരുടെ എണ്ണത്തിലും ഗുണത്തിലും വർദ്ധനവുണ്ടാക്കുകയും ചെയ്യുക.
9. കാർഷിക വികസന സമിതികളുടെ പ്രവർത്തനം സുതാര്യമാക്കുക. പഞ്ചായത്തു തല കാർഷിക വികസന സമിതി യഥാകാലം കൂടുകയും പ്ര വർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുക.
10. നിലവിലുള്ള മണ്ണു പരിശോധനാ സംവിധാനം കാര്യക്ഷമമാക്കുക. മണ്ണു പരിശോധനയെ അടി സ്ഥാനമാക്കിയുള്ള കൃഷി രീതികളെ പരിപോ ഷിപ്പിക്കുക.
11. നീർമറി അടിസ്ഥാനത്തിൽ പുരയിട കൃഷി വ്യാ പകമാക്കണം.
12. വയൽ കൃഷി വ്യാപകമാക്കണം.
13. കർഷകർക്കാവശ്യമായ നടീൽ വസ്തുക്കൾ ലഭ്യ മാക്കുന്നതിന് നഴ്സറികൾ സ്ഥാപിക്കണം.
14. പച്ചക്കറിയുൽപാദനത്തിന് പ്രമുഖ സ്ഥാനം നൽകാൻ കഴിയണം. എല്ലാ കർഷകരെയും ഉൾ പ്പെടുത്തി ഇതിനുള്ള ശ്രമം നടത്തണം. ആല പ്പുഴ കഞ്ഞിക്കുഴിയിലെ പ്രവർത്തനങ്ങൾ മാതൃ കയാക്കാം.
15. മണ്ണിൻെറ ഘടനയനുസരിച്ച് രാസവളപ്രയോഗം നടത്തണം.

16. ജൈവവളത്തിൻെറ ഉപയോഗം പ്രോത്സാഹിപ്പിക്കപ്പെടണം.
17. കാർഷിക ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ ഗുണനിലവാരമുള്ളത് ലഭ്യമാക്കണം.
18. രോഗബാധിത പ്രദേശങ്ങളിലെ കേടുവന്ന സസ്യങ്ങൾ നീക്കി പുതിയവ വച്ചു പിടിപ്പിക്കുന്നതിന് സഹായം ലഭ്യമാക്കണം.
19. എല്ലാ വിളകൾക്കും വിള ഇൻഷുറൻസ് കുറഞ്ഞ പ്രീമിയത്തോടെ ഏർപ്പെടുത്തണം.
20. കാർഷികവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ വ്യക്തികൾക്കും പെൻഷനും ക്ഷേമനിധിയും ഏർപ്പെടുത്തുക.
21. കാർഷിക ആവശ്യങ്ങൾക്കുള്ള വൈദ്യുതി സൗജന്യമാക്കുക.
22. നാണ്യ വിളകൾക്ക് താങ്ങു വില നിശ്ചയിക്കുക.
23. കാർഷികോൽപന്നങ്ങൾക്ക് രാജ്യാന്തര വിപണിയിൽ നല്ല വില ലഭിക്കുന്നതിന് സംസ്ഥാന, കേന്ദ്ര ഗവൺമെൻറുകൾ ഇടപെടുക.
24. കൈവശ ഭൂമിക്ക് പട്ടയം നൽകുക.
25. വർഷം തോറും കാർഷികോത്സവങ്ങൾ സംഘടിപ്പിക്കണം.
26. യുവ കർഷകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം.
27. പുഷ്പ കൃഷി, കൂൺകൃഷി വാനില കൃഷി ഔഷധ സസ്യ കൃഷി ഇവ വ്യാപകമാക്കണം.
28. ജൈവവള നിർമ്മാണ യൂണിറ്റുകൾ (വെർമികംപോസ്റ്റ് യൂണിറ്റുകൾ) ഓരോ കർഷകനും സ്വന്തം കൃഷിയിടത്തിൽ ഉണ്ടാക്കണം.
29. സോയിൽ കൺസർവേഷൻ ഓവർ സീയറാഫീസ് പഞ്ചായത്തു തലത്തിൽ തുറക്കണം.
30. ജില്ലാ കൃഷി വികസന ആഫീസ് തൊടുപുഴയിൽ നിന്നും ജില്ലാ ആസ്ഥാനത്തേക്കു മാറ്റി സ്ഥാപിക്കുക.
31. നാണ്യ വിളകൾ സംഭരിച്ച് സൂക്ഷിക്കുന്നതിന് വെയർ ഹൗസ് ഗോഡൗൺ പഞ്ചായത്തു തലത്തിൽ ആരംഭിക്കുക.
32. തരിശുഭൂമികൾ വിള ഭൂമികളാക്കി മാറ്റുന്നതിനുള്ള വികസന പരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കണം.
33. കൃഷിഭവന് സ്വന്തമായി കെട്ടിടം നിർമ്മിച്ച് ആവശ്യമായ സൗകര്യങ്ങളേർപ്പെടുത്തുക.
34. നാളീകേര വികസന ബോർഡിൻെറ സഹായം കേര കർഷകർക്ക് വ്യാപകമായി ലഭ്യമാക്കണം.

## ജലസേചനം

കഞ്ഞിക്കുഴി പഞ്ചായത്തിൽ ജലസേചന പദ്ധതികളുടെ അഭാവം കൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പദ്ധതികൾ ആവിഷ്കരിക്കുവാൻ കഴിയണം. ഏതാനും കുളങ്ങളും രണ്ടു ചെക്കുഡാമുകളും മാത്രമാണ് ഈ രംഗത്ത് നിലവിലുള്ളത്.

പഞ്ചായത്തിലെ വടക്കേത്തൊട്ടി, കുരിശുമല, പൊന്നരത്താൻ, കടുവാക്കുഴി, 6 - ാം കൂപ്പ്, 7 - ാം കൂപ്പ്, പകുതിപ്പാലം, ചേലച്ചുവട്, പള്ളിക്കുന്ന്, ഡബിൾ കട്ടിംഗ്, ചെമ്പകപ്പാറ, നാലുകമ്പി, ഏഴുകമ്പി, മഴുവടി അമ്പലക്കവല, മൈലപ്പുഴ, ട്രൈബൽ കോളനി, വട്ടോം പാറ, കഞ്ഞിക്കുഴി, അഞ്ചുകുടി പുന്നയാർ, വെൺമണി ചുരുളി - ആൽപ്പാറ പ്രദേശങ്ങളിൽ ജലസേചന സൗകര്യങ്ങളുടെ അഭാവമുണ്ട്.

### നിർദ്ദേശങ്ങൾ

I. പഞ്ചായത്തിൻെറ വിവിധ മേഖലകളിലായി ജലസേചന ആവശ്യത്തിനായി കുളങ്ങൾ തീർക്കേണ്ട സ്ഥലങ്ങൾ.

**1 - ാം വാർഡ്**

കുടുക്കാക്കണ്ടം, പഴയരിക്കണ്ടം, പൊന്നെടുത്താൻ തൂക്കുപാറ, തട്ടേക്കണ്ണി, കടുവാക്കുഴി, വടക്കേത്തൊട്ടി, കുരിശുപാറ, കരിമണൽ, കുടക്കല്ല്.

**2 - ാം വാർഡ്**

ചെരുവിൽ പുരയിടം, തൊട്ടിയിൽ പുരയിടം ഈരാച്ചേരിൽ പുരയിടം, പാമ്പളത്തണ്ട് 6 -ാം കൂപ്പ്, 7 കമ്പി, പഴംപള്ളിൽ പുരയിടം. കുരുമ്പനാൽ പുരയിടം, മൈലയ്ക്കൽ പുരയിടം.

**3 - ാം വാർഡ്.**

മുതുകാട്ടിൽ പുരയിടം, മുണ്ടമാക്കൽ പുരയിടം 6 - കൂപ്പ്, 7 - ാം കൂപ്പ്, ഡബിൾ കട്ടിംഗ്, ചെമ്പകപ്പാറ, അഞ്ചുകുടി, ചടയമാക്കൽ പുരയിടം, പെരിയാർ വാലി, കീരിത്തോട് പകുതിപ്പാലം.

**4 - ാം വാർഡ്**

7 കമ്പിഭാഗം, കരിപ്പു കാട്ടിൽ പുരയിടം, കത്തിപ്പാറത്തടം, ചെമ്പകപ്പാറ, ദീപ്തി ഇംഗ്ലീഷ് മീഡിയം സ്കൂൾ പരിസരം, പെരിയാർ വാലി, ഡബിൾ കട്ടിംഗ്, എടക്കാട്.

**5 - ാം വാർഡ്**

പുതുക്കുന്നത്ത് പുരയിടം, കുത്തുപാറപുരയിടം കൊല്ലമ്മാവടി പുരയിടം, വാഴയിൽ പുരയിടം മുഞ്ഞനാട്ട് പുരയിടം, കല്ലാനിക്കാട്ട് പുരയിടം, തോട്ടുമാലിൽ പുരയിടം, ഓലിക്കൽ പുരയിടം.

**6 - ാം വാർഡ്**

7 കമ്പി, തള്ളക്കാനം, കഞ്ഞിക്കുഴി, കൊച്ചു ചേലച്ചുവട്, എടക്കാട്, ആൽപ്പാറ, ചുരുളിപ്പതാൽ.

**7 - ാം വാർഡ്**

മലങ്കര റീത്ത് പള്ളിക്കു സമീപം അമ്പലക്കവലയ്ക്ക് ഇരുവശങ്ങളിലും വട്ടോമ്പാറ.

**8 - ാം വാർഡ്**

പഴയരിക്കണ്ടം - 2, തട്ടേക്കല്ല് - 2, വഞ്ചിക്കൽ - വരകുളം - 2

**9 - ാം വാർഡ്**

വരിക്കമുത്തൻ - 2, കൂടത്തെട്ടി - 2 തേവർ കുന്ന് മല - 1, വെൺ മണി - 2

**10 - ാം വാർഡ്**

മക്കുവള്ളി, മനയത്തടം, കൈതപ്പാറ, മൈലപ്പുഴ, പാലപ്ലാവ്.

**11 - ാം വാർഡ്**

പ്രഭസിറ്റി അയ്യുണ്ണിക്കൽ, പുന്നയാർ പാറച്ചാലിൽ പുരയിടം, പുത്തേട്ട് പുരയിടം, അറക്കൽ പുരയിടം, കിഴക്കേടത്ത് പുരയിടം, കീഴെങ്ങാനം ഭാഗം - 2

2. **ചെക്കുഡാമുകൾ** - തട്ടേക്കണ്ണി തോട് - 2, ചുരുളി തോട് - 6 ആൽപ്പാറ തോട് - 4, വട്ടോമ്പാറ തോട് - 6 നാക്കയം തോട് - 2, മക്കുവള്ളി തോട് - 1 കീരിത്തോട് തോട് - 3, പുന്നയാർ തോട്ടിൽ കുന്നേൽ പുരയിടം, മംഗലത്തു പടി, കടമാനത്തു പുരയിടം, 7 കമ്പി, മഠത്തിൽ പടി.

   കുരിശുപാറ - കീരിത്തോടു തോട്ടിൽ വല്ലിശേരി പുരയിടം, തങ്കമ്മ പടി. 7 - ാം കൂപ്പ് പുന്നയാർ തോട്ടിൽ ചാപ്രത്തു പുരയിടം. അഞ്ചു കുടി കീരിത്തോടു തോട്ടിൽ ചിറ്റേട്ടു പടി. 7 - ാം കൂപ്പ് - പകുതിപ്പാലം തോട്ടിൽ - 3 തള്ളക്കാനം ചുരുളിപ്പതാൽ തോട്ടിൽ - 2 കൂടാതെ ചെറിയ നീർച്ചാലുകളിൽ തടയണകൾ നിർമ്മിച്ച് നീർമറി പ്രദേശങ്ങളാക്കി തീർക്കണം.
3. പെയ്ത്തു വെള്ളം മണ്ണിൽ കിനിഞ്ഞിറങ്ങുവാൻ മലഞ്ചെരിവുകളിൽ കൂടുതൽ ട്രഞ്ചുകൾ നിർമ്മിക്കണം.
4. ഗ്രൂപ്പ് ഇറിഗേഷൻ, കമ്മ്യൂണിറ്റി ഇറിഗേഷൻ കണിക ജലസേചനം ഇവ പ്രോത്സാഹിപ്പിക്കപ്പെടണം.
5. കൃഷി നിലവിലുള്ള പ്രദേശങ്ങൾ മുഴുവൻ നീർമറി പ്രദേശങ്ങളായി പ്രഖ്യാപിച്ച് ആവശ്യമായ വികസന പ്രവർത്തനങ്ങൾ നടത്തണം.

# 5.2

# മൃഗസംരക്ഷണവും മത്സ്യകൃഷിയും

# 5 - 2 മൃഗസംരക്ഷണം

ഇടുക്കി - കഞ്ഞിക്കുഴി പഞ്ചായത്തിലെ കർഷകരിൽ 60% ആളുകൾ കാലിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നു. കർഷകരുടെ ഒരു ഉപതൊഴിൽ കൂടിയാണ് കാലിവളർത്തൽ. വിശേഷിച്ചും സ്ത്രീകളുടെ ഒരു മുഖ്യ തൊഴിൽ ആയി മൃഗ സംരക്ഷണം മാറിക്കൊണ്ടിരിക്കുകയാണ്. കർഷകരുടെ നിത്യജീവിതവുമായി വളരെയധികം ഇഴുകിച്ചേർന്ന ഒരു പ്രസ്ഥാനമായി മൃഗ സംരക്ഷണം ഇന്നു മാറിയിരിക്കുന്നു.

കഞ്ഞിക്കുഴി പഞ്ചായത്തിൽ ശരാശരി പ്രതിദിനം മൂവായിരം ലിറ്റർ പാൽ മറ്റു സ്ഥലങ്ങളിലേക്ക് ക്ഷീര സൊസൈറ്റികൾ മുഖേന കയറ്റി അയക്കുന്നുണ്ട്. പഞ്ചായത്തിൻെറ ആഭ്യന്തര ഉപഭോഗത്തിലേക്കായി ശരാശരി രണ്ടായിരം ലിറ്റർ പാൽ ഉപയോഗിക്കുന്നു. പ്രതിവർഷം ഒരു കോടിയോളം രൂപ വരുമാനമുണ്ടാക്കാൻ കാലി വളർത്തലിലൂടെ സാധിക്കുന്നു. കാർഷിക മേഖലയായ കഞ്ഞിക്കുഴി പഞ്ചായത്തിൻെറ വാർഷിക വരുമാനത്തിൽ പാലുൽപാദനത്തിൽ നിന്നും ലഭിക്കുന്ന വരുമാനം നിർണ്ണായക സ്വാധീനം ചെലുത്തുന്നു.

ഒരു കർഷകന് ശരാശരി രണ്ടേക്കറോളം കൈവശഭൂമിയുണ്ട്. ഈ ഭൂമിയിൽ തീറ്റപ്പുല്ല് വച്ചു പിടിപ്പിച്ചാൽ കാലികൾക്ക് ആവശ്യത്തിനുള്ള പുല്ലു ലഭിക്കുകയും അതോടൊപ്പം കൃഷിഭൂമിയിലെ മണ്ണൊലിപ്പു തടഞ്ഞു നിർത്തുകയും ചെയ്യും. ഇതുവഴി കാർഷകരുടെ മേഖല അഭിവൃദ്ധിപ്പെടുവാനും കർഷകരുടെ ജീവിതനിലവാരം ഉയർത്തുവാനും സാധിക്കും.

കർഷകരുടെ ഒരു ഉപതൊഴിലായി മൃഗസംരക്ഷണം മാറിയ സാഹചര്യത്തിൽ മൃഗ പരിപാലനത്തിന് വേണ്ടത്ര പ്രാധാന്യം നൽകിയില്ലെങ്കിൽ നമ്മുടെ പഞ്ചായത്തിൻെറ വാർഷിക വരുമാനത്തെ വളരെയധികം ബാധിക്കും. ഈ പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ പശു, ആട് മുതലായവ ആണ്. നാമമാത്രമായി എരുമകളേയും വളർത്തുന്നു. മാസത്തിനു വേണ്ടി പന്നി, മുയൽ എന്നിവയും വളർത്തുന്നുണ്ട്. കോഴികളേയും ചിലയിടങ്ങളിൽ താറാവുകളെയും അപൂർവ്വമായി പ്രാവുകളേയും വളർത്തുന്നുണ്ട്. സങ്കരയിനം പശുക്കളിൽ അത്യുൽപ്പാദനശേഷിയുള്ളവ നന്നേ കുറവാണ്. അതുകൊണ്ടു തന്നെ പാലുൽപ്പാദനം വേണ്ടുവോളം പുരോഗമിച്ചിട്ടില്ല. പശുക്കളെ സംരക്ഷിക്കുന്നതിനാവശ്യമായ സൗകര്യങ്ങളോടുകൂടിയ തൊഴുത്തുകൾ ഇല്ലായെന്നത് ഗുരുതരമായ പ്രശ്നമാണ്. എണ്ണൂറോളം തൊഴുത്തുകൾ മാത്രമേ ഭാഗീകമായി സൗകര്യങ്ങളുള്ളവയായിട്ടുള്ളൂ.

ഭൂവിസ്തൃതി വളരെയേറെയുള്ള ഈ പഞ്ചായത്തിൽ കഞ്ഞിക്കുഴി കേന്ദ്രീകരിച്ച് ഒരു മൃഗാശുപത്രി മാത്രമേ ഉള്ളു. ഇരുപതു കിലോമീറ്റർവരെ യാത്ര ചെയ്താണ് കർഷകർ മൃഗാശുപത്രിയിൽ എത്തുന്നത്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും, ഗതാഗതസൗകര്യകുറവും, രോഗം വന്നാൽ ചികിത്സ ലഭ്യമാകാതെ കാലികൾ ചത്തുപോകുന്നതിന് ഇടയാകുന്നുണ്ട്. തീറ്റപ്പുൽ കൃഷിയുടെ അപര്യാപ്തതയും പാലുല്പാദനത്തെ കാര്യമായി ബാധിക്കുന്നു.

കാലികളിൽ പൊതുവേ കണ്ടു വരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം, പനി (കാലാവസ്ഥാ മാറ്റത്തിനനുസരിച്ച്) എന്നിവയാണ്. രോഗപ്രതിരോധ മാർഗങ്ങളെക്കുറിച്ചും, ശുചിത്വത്തെക്കുറിച്ചും കാലികർഷകരിൽ നിലനിൽക്കുന്ന അജ്ഞത, രോഗങ്ങൾ തുടക്കത്തിലെ ചികിത്സിച്ചു മാറ്റുന്നതിന് തടസ്സമാകുന്നുണ്ട്.

കാലികർഷകരിൽ നിന്നും പാൽ ശേഖരിക്കുന്നതിനായി 4 ആപ്കോസ് സൊസൈറ്റികളും, നിർമ്മൽ ഗ്രാം, കെ. ഡി. എസ്. സൊവിസോ തുടങ്ങിയവയുടെ പന്ത്രണ്ടോളം കളക്ഷൻ സെൻററുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

കൃഷിക്കാവശ്യമായ ജൈവവളത്തിൻെറ ഉത്പാദനത്തിൽ ഒരു വലിയ പങ്കു നിറവേറ്റാൻ കാലിവളർത്തലിലൂടെ കഴിയുമെങ്കിലും, കാലാകാലങ്ങളിൽ കാലിവളം ശേഖരിക്കുന്നതിലും, സംരക്ഷി

ക്കുന്നതിലും കർഷകർ പൊതുവെ വിമുഖത കാണിക്കുന്നു. ഒരു വീട്ടിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ടി വരുന്ന ഇന്ധനത്തിൻെറ വലിയൊരു ഭാഗം ഗോബർ ഗ്യാസ് പ്ലാൻറ് സ്ഥാപിച്ചാൽ പരിഹരിക്കാൻ കഴിയും. മൃഗസംരക്ഷണ വകുപ്പ്, കൃഷിഭവൻ, എന്നിവ മുഖേന ഗോബർ ഗ്യാസ് പ്ലാൻറ് സ്ഥാപിക്കാൻ സബ്സിഡി ഉണ്ടെങ്കിലും കർഷകരിൽ വേണ്ടത്ര പ്രചരണം എത്തിയിട്ടില്ല.

നല്ലയിനം കോഴികൾ ഈ പഞ്ചായത്തിലില്ല. താറാവുകളെ വളർത്തുന്നതിന് അനുയോജ്യമായ ജലാശയങ്ങൾ ഉണ്ടെങ്കിലും വേണ്ട രീതിയിൽ ഉപയോഗിക്കുന്നില്ല. കോഴി വളർത്തലുമായി ബന്ധപ്പെട്ട് ഒരു ഹാച്ചറി എങ്കിലും പഞ്ചായത്തു തലത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ഓരോ വീട്ടിലും രണ്ട് ആടുകളെയെങ്കിലും വളർത്തുവാനുള്ള ശ്രമം ഉണ്ടാകണം. പാലിനു വേണ്ടി ജമുനപാരി, ആലപ്പുഴ ഇനങ്ങളേയും ഇറച്ചിക്കായി സങ്കരയിനങ്ങളേയും വളർത്തുന്നതാണ് മെച്ചം. പന്നി വളർത്തലിന് വളരെയേറെ സാദ്ധ്യതകളുള്ള ഒരു മേഖലയാണിത്. ഉപയോഗ ശൂന്യമായ ഭക്ഷ്യ വസ്തുക്കൾ ഉപയോഗിച്ച് നല്ല ലാഭം നേടാവുന്ന ഒരു സംരംഭമാണ് പന്നി വളർത്തൽ.

മുഖ്യമായും കൗതുകത്തിനു വേണ്ടിയാണ് ചുരുക്കം ചില വീടുകളിലെങ്കിലും മുയലിനെ വളർത്തുന്നത്. പ്രത്യുല്പാദന നിരക്ക് കൂടുതലായതുകൊണ്ട് ഇറച്ചിയുടെ ആവശ്യത്തിന് മുയലിനെ വളർത്തുകയാണെങ്കിൽ വളരെ ലാഭകരമായിരിക്കും. മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

കഞ്ഞിക്കുഴിയിലെ മൃഗാശുപത്രിയുടെ സബ്ബ് സെൻറർ ഈ പഞ്ചായത്തിലെ ഏറ്റവും കൂടുതൽ കാലിവളർത്തുന്ന കർഷകരുടെ മേഖലകളായ വെൺമണി, കീരിത്തോട്, തട്ടേക്കണ്ണി എന്നിവിടങ്ങളിൽ സ്ഥാപിക്കേണ്ടതാണ്. മൃഗാശുപത്രിയിലേക്ക് മരുന്ന് വർഷത്തിൽ രണ്ടു തവണയേ വിതരണം ചെയ്യുന്നുള്ളൂ. ഇത് കേവലം നാലുമാസത്തേക്കു പോലും തികയാറില്ല.

സങ്കരവർഗ്ഗ പശുക്കളുടെ ജനിതക മേന്മ വർദ്ധിപ്പിക്കുകയും നാടൻ വർഗ്ഗങ്ങളെ സങ്കര വർഗ്ഗങ്ങളായി രൂപാന്തരപ്പെടുത്തുകയും പ്രത്യുൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുകയും വേണം. ഭ്രൂണ മാറ്റം കർഷകരിൽ ഏറെ പ്രതീക്ഷ ഉണർത്തുന്നുണ്ട്. അതുകൊണ്ട് നാട്ടിലെ സങ്കരയിനം പശുക്കൾ അത്യുൽപ്പാദനശേഷിയുള്ള ജനുസിൻെറ നിലവാരത്തിലെത്താൻ അനേക വർഷത്തെ പ്രജനന പരിപാടികൾ ആസൂത്രണം ചെയ്തു നടത്തേണ്ടിയിരിക്കുന്നു.

**വളർത്തു മൃഗങ്ങളുടെയും പക്ഷികളുടെയും സംഖ്യ**

| ക്രമ നമ്പർ | ഇനം | 1986 | 1996 |
|---|---|---|---|
| 1. | പശു | 2500 | 4560 |
| 2. | കന്നുകുട്ടികൾ | 1420 | 1875 |
| 3. | എരുമ | 140 | 100 |
| 4. | ആട് | 1200 | 1000 |
| 5. | കോഴി | 1840 | 19600 |
| 6. | താറാവ് | 200 | 323 |

### പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വില കൂടുതൽ.
2. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതകുറവ്.
3. മൃഗ പരിപാലന രംഗത്തെ അജ്ഞത.
4. യാത്രാ സൗകര്യകുറവ്.
5. കാലിവളർത്തുന്നതിനും, ഗോബർ ഗ്യാസ്പ്ലാൻറ് സ്ഥാപിക്കുന്നതിനും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രയാസം.
6. പേവിഷബാധ.
7. സങ്കരയിനം പശുക്കളാണെങ്കിലും ഉല്പാദനക്ഷമത കുറവ്.
8. പാലിന് മതിയായ വില കിട്ടുന്നില്ല.
9. പല വാർഡുകളിലും പാൽ സംഭരണ കേന്ദ്രങ്ങൾ ഇല്ല.
10. കന്നുകാലി ചന്ത ഇല്ല.
11. മൃഗാശുപത്രിയുടെ സേവനം എല്ലാ മേഖലകളിലും പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല.
12. നല്ല തൊഴുത്തുകളുടെ അഭാവം.

### സാദ്ധ്യതകൾ

1. വെൺമണി, തട്ടേക്കണ്ണി, മക്കുവള്ളി എന്നീ പ്രദേശങ്ങളിൽ ആപ്കോസ് സൊസൈറ്റികൾ സ്ഥാപിക്കുക.
2. കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
3. തീറ്റപ്പുൽ കൃഷി വ്യാപകമാക്കുക. അതിൻെറ ഭാഗമായി വിത്തും വളവും സൗജന്യ നിരക്കിൽ നൽകുക.
4. പഞ്ചായത്തു കേന്ദ്രീകരിച്ച് ഹാച്ചറി സ്ഥാപിക്കുക.
5. കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.
6. ശാസ്ത്രീയാടിസ്ഥാനത്തിൽ തൊഴുത്തുകൾ സ്ഥാപിക്കുകയും, രോഗാണുവിമുക്തമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക.
7. ബോധവൽക്കരണ സെമിനാറുകൾ വാർഡുകൾ തോറും നടത്തുക.

8. KLD ബോർഡ്, കൃഷിവകുപ്പ്, ക്ഷീര വികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ ഏകോപിച്ചുള്ള പ്രവർത്തനം സാദ്ധ്യമാക്കുക.
9. സഞ്ചരിക്കുന്ന മൃഗാശുപത്രി സ്ഥാപിക്കുക.
10. പേപ്പട്ടി ശല്യം തടയുക. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊല്ലുക. ബോധവത്കരണം വാർഡ് അടിസ്ഥാനത്തിൽ നടത്തുകയും നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പുകൾ നടത്തുകയും ചെയ്യുക.
11. അത്യുൽപ്പാദന ശേഷിയുള്ള കന്നുകാലികളെ ലഭ്യമാക്കുക.
12. മൃഗാശുപത്രിയിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക.
13. കഞ്ഞിക്കുഴി മൃഗാശുപത്രിയുടെ സബ് സെൻററുകൾ വെൺമണി, തട്ടേക്കണ്ണി, കീരിത്തോട് എന്നിവിടങ്ങളിൽ ആരംഭിക്കുക.
14. വെൺമണിയിൽ മൃഗാശുപത്രി ആരംഭിക്കുക.
15. ക്ഷീര സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും പല പാൽ സൊസൈറ്റികളിലെയും അഴിമതി ഇല്ലാതാക്കുവാനുള്ള ശ്രമം നടത്തേണ്ടതുമാണ്.
16. പഞ്ചായത്തിലെ എല്ലാ വീടുകളിലും കോഴിവളർത്തൽ ആരംഭിക്കുക വഴി പഞ്ചായത്തിലെ മുട്ടയുടെയും ഇറച്ചിയുടെയും ഉപഭോഗത്തിനാവശ്യമായവ ലഭ്യമാക്കുവാനും, ശേഷിക്കുന്നവ അടിമാലി അടക്കമുള്ള സമീപ പ്രദേശങ്ങളിൽ വിപണനം നടത്തുന്നതിനും കഴിയും.
17. ക്ഷീര വികസനവകുപ്പ് - ബ്ലോക്ക് തല ആഫീസ് ഇടുക്കി ബ്ലോക്കിലെ എല്ലാ പഞ്ചായത്തുകൾക്കും പ്രയോജനകരമായ രീതിയിൽ മൂലമറ്റത്തു നിന്നും തടിയമ്പാട് ആസ്ഥാനമായി മാറ്റി സ്ഥാപിക്കണം.
18. ക്ഷീര വികസന വകുപ്പ് ജില്ലാ ആഫീസ് തൊടുപുഴയിൽ നിന്നും ജില്ലാ ആസ്ഥാനത്തേക്ക് മാറ്റി സ്ഥാപിക്കുക.
19. മൃഗ സംരക്ഷണ വകുപ്പ് ജില്ലാ ആഫീസ് തൊടുപുഴയിൽ നിന്നും ജില്ലാ ആസ്ഥാനത്തേക്കു മാറ്റാനാവശ്യമായതു ചെയ്യുക.
20. പശുക്കളെ വാങ്ങുന്നതിനു സബ്സിഡി ഏർപ്പെടുത്തണം.

## മത്സ്യ കൃഷി

മത്സ്യ കൃഷി നമ്മുടെ പഞ്ചായത്തിൽ സാദ്ധ്യതയുള്ള ഒരു മേഖലയാണ്. നമ്മുടെ പഞ്ചായത്തിൻെറ ആഭ്യന്തര ഉപയോഗത്തിനുള്ള മത്സ്യം വിവിധ വാർഡുകളിലായി ഉല്പാദിപ്പിക്കാൻ കഴിയും. ചുരുളി, ആൽപ്പാറ, മക്കുവള്ളി, മനയത്തടം, കൈതപ്പാറ, പഴയരി പുന്നമാർ വെൺമണി, നാക്കയം, കീരിത്തോട് എന്നീ പ്രദേശങ്ങളിലെ തോടുകളിൽ വേനൽക്കാലത്തും വെള്ളമുണ്ട്. ഈ പ്രദേശങ്ങളിലെ തോടുകളിൽ പല ഭാഗങ്ങളിലായി തടയണകൾ കെട്ടി മത്സ്യക്കുഞ്ഞുങ്ങളെ അതിലേക്ക് തുറന്നു വിട്ടാൽ നഷ്ടപ്പെട്ടുപോയ മത്സ്യ സമ്പത്ത് സംരക്ഷിക്കുവാൻ കഴിയും.

കർഷകരുടെ അജ്ഞത മൂലം 'തോട്ടി പൊട്ടിച്ചും' 'നഞ്ചു കലക്കിയും' മത്സ്യം പിടിച്ചതിൻെറ ഫലമായി നമ്മുടെ മിക്ക തോടുകളിലും ഇപ്പോൾ മത്സ്യങ്ങൾ തീരയില്ല. പ്രകൃതി വിരുദ്ധമായ രീതിയിൽ മത്സ്യം പിടിക്കുന്നത് നിരുത്സാഹപ്പെടുത്തുകയും, നിയമം മൂലം നിരോധിക്കുകയും വേണം.

പഞ്ചായത്തിലെ മലഞ്ചെരിവുകളുടെ അടിവാരങ്ങളിൽ ധാരാളം ചതുപ്പു നിലങ്ങൾ ഉണ്ട്. അവിടെ വലുതും ചെറുതുമായ ധാരാളം കുളങ്ങൾ കുഴിക്കണം. ശുദ്ധ ജല മത്സ്യങ്ങളായ ഗൗരജയൻറ്, മൃഗാൾ, കട്ല, രോഹു തുടങ്ങിയ മത്സ്യങ്ങളെ ഈ കുളങ്ങളിൽ വളർത്തുന്നതിനുള്ള ശ്രമം ഉണ്ടാകണം. മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുന്ന രീതിയേക്കുറിച്ചും, അവയെ എവിടെ നിന്നും കിട്ടുമെന്നതിനെക്കുറിച്ചുമുള്ള അജ്ഞതയാണ് മത്സ്യകൃഷിയോടു കർഷകർ വേണ്ടത്ര താത്പര്യം കാണിക്കാതിരിക്കുന്നതിന് കാരണം.

ഗൗരജയൻറ് എന്ന മത്സ്യത്തെ വളർത്തിയാൽ, വീട്ടിൽ നിന്നു പുറം തള്ളുന്ന ഭക്ഷ്യാവശിഷ്ടങ്ങൾ ആഹാരമായി ഈ മത്സ്യങ്ങൾക്ക് കൊടുക്കുവാൻ കഴിയും. അതിലൂടെ നമ്മുടെ വീടിൻെറ പരിസരം വൃത്തിയാക്കുകയും പരിസരമലിനീകരണത്തിന് ഇടയാകാതെ ഇരിക്കുകയും ചെയ്യുന്നു.

### പ്രശ്നങ്ങൾ

1. മത്സ്യകൃഷിയെക്കുറിച്ചുള്ള അജ്ഞത.
2. കുളങ്ങൾ കുഴിക്കുന്നതിനു വേണ്ടിയുള്ള സാമ്പത്തിക സഹായത്തിൻെറ അപര്യാപ്തത.
3. മത്സ്യ സംഭരണ, വിപണന സംഘങ്ങളുടെ കുറവ്.
4. മത്സ്യ കുഞ്ഞുങ്ങളുടെ ലഭ്യത കുറവ്.

### സാദ്ധ്യതകൾ

1. ചുരുളി, ആൽപ്പാറ, മക്കുവള്ളി, മനയത്തടം, കൈതപ്പാറ, പഴയരി, വെൺമണി പുന്നയാർ നാക്കയം എന്നീ പ്രദേശങ്ങളിലെ തോടുകളിൽ പല ഭാഗങ്ങളിലായി തടയണകൾ കെട്ടി മത്സ്യ കൃഷി നടത്തുക.
2. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ചെറുതും വലുതുമായ എണ്ണൂറു കുളങ്ങൾ ശുദ്ധ ജല മത്സ്യങ്ങളെ വളർത്തുന്നതിനു വേണ്ടി നിർമ്മിക്കുക.
3. മത്സ്യ കുഞ്ഞുങ്ങൾക്കു നൽകുന്നതിലേക്കായി തീറ്റ സൗജന്യ നിരക്കിൽ നൽകുക.
4. മത്സ്യ വിപണനത്തിനായി കോൾഡു സ്റ്റോറേജ് സ്ഥാപിക്കുക.
5. കുമളിയിൽ സ്ഥിതി ചെയ്യുന്ന S F D A യിൽ നിന്നും മത്സ്യ കുഞ്ഞുങ്ങളെ കർഷകർക്ക് എത്തിച്ചു കൊടുക്കുക.

# 5.3

# വ്യവസായം

# 5 - 3 വ്യവസായം

ഇടുക്കി - കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് വ്യവസായ രംഗത്ത് വളരെ പിന്നിലാണ്. ചുരുങ്ങിയ കാലത്തിനുള്ളിൽ പലരംഗങ്ങളിലും നേട്ടങ്ങളുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും വ്യവസായ രംഗത്ത് കാര്യമായ മുന്നേറ്റങ്ങളുണ്ടാക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. കാർഷിക മേഖലയായ പഞ്ചായത്തിലെ വളരെയധികം ആളുകൾ തൊഴിൽ തേടി മറ്റു ദേശങ്ങളിൽ പോകുന്നു. ഒരു ജൈവവള നിർമ്മാണ ഫാക്ടറിയും ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റും ഒരു മെറ്റൽ ക്രഷറും, രണ്ട് അച്ചടി ശാലകളും, ഒരു മെഴുകുതിരി നിർമ്മാണ യൂണിറ്റും ഏതാനും ഓയിൽ മില്ലുകളും, റെഡിമെയ്ഡ് ഗാർമെൻറ്സും, സിമൻറിഷ്ടിക യൂണിറ്റുകളും, പരമ്പ് - പുൽപ്പായ് നെയ്ത്, കയർപിരിക്കൽ തുടങ്ങിയവയുമാണ് ഇവിടെ നിലവിലുള്ള വ്യവസായ യൂണിറ്റുകൾ.

നാടിൻെറ സാമ്പത്തിക വളർച്ചയ്ക്ക് തൊഴിലില്ലായ്മ പരിഹരിക്കുന്നതിലും നിർണ്ണായകമായ പങ്കു വഹിക്കാവുന്ന ഒരു മേഖല എന്ന നിലയിൽ ഇനിയുള്ള കാലം വ്യവസായത്തിന് പ്രാമുഖ്യം കൽപ്പിച്ചു കൊണ്ടുള്ള ഒരു വികസന പരിപാടിക്കു തന്നെ രൂപം നൽകേണ്ടതായിട്ടുണ്ട്. അസംസ്കൃത പദാർത്ഥങ്ങൾ പുറത്തു നിന്നെത്തിച്ച് ഇവിടെ സംസ്കരിച്ചെടുക്കുന്നതിനു പകരം കാർഷിക മേഖലയായ നമ്മുടെ പഞ്ചായത്തിൻെറ സാദ്ധ്യതകളും സാഹചര്യങ്ങളും പരിഗണിക്കുമ്പോൾ കൃഷി അനുബന്ധ വ്യവസായങ്ങൾക്കാണ് കൂടുതൽ സാദ്ധ്യതയെന്നു കാണാം. നമ്മുടെ വ്യവസായ വളർച്ചയ്ക്ക് പ്രതികൂലമായി നിൽക്കുന്ന ഘടകങ്ങളും സാദ്ധ്യതകളും വിശകലനം ചെയ്യുകയും പരിഹരിക്കുകയും ചെയ്തു കൊണ്ടല്ലാതെ ഈ രംഗത്ത് നമുക്കു മുന്നേറാനാവില്ല.

## പ്രശ്നങ്ങൾ

1. ഗതാഗത സൗകര്യക്കുറവ്.
2. വ്യവസായ രംഗത്തേക്കുറിച്ചുള്ള ജനങ്ങളുടെ അജ്ഞത.
3. പഞ്ചായത്തിൻെറ പകുതിയിലേറെ ഭാഗത്തിനും ഭൂമിക്കു പട്ടയം ലഭിച്ചിട്ടില്ലാത്തതിനാൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കുവാൻ കഴിയുന്നില്ല.
4. സാങ്കേതിക വൈദഗ്ദ്ധ്യത്തിൻെറ അപര്യാപ്തത.
5. ലൈസൻസടക്കമുള്ള നിയമപരമായ കടലാസുകൾ ശരിയാക്കിക്കിട്ടുന്നതിലുള്ള കാലവിളംബം.
6. പരമ്പരാഗത തൊഴിൽ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണന സൗകര്യക്കുറവ്.

## സാദ്ധ്യതകൾ

കാർഷിക പ്രധാനമായ പഞ്ചായത്തെന്ന നിലയിൽ കാർഷികോൽപന്നങ്ങളുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് ഏറിയ സാദ്ധ്യതയാണുള്ളത്. കുരുമുളക്, ചുക്ക്, ഏലം, റബ്ബർ, കൊക്കോ എന്നിവയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് സാദ്ധ്യതയുണ്ട്. സുഗന്ധ വ്യഞ്ജനങ്ങൾക്ക് നല്ല വിപണി കണ്ടെത്താൻ കഴിയുമെന്നതിനാൽ നമ്മുടെ നാട്ടിൽ നിന്നും കയറ്റിപ്പോകുന്ന സുഗന്ധ വ്യഞ്ജനങ്ങൾ സംസ്കരിച്ചെടുക്കുന്ന ഒരു ഫാക്ടറിക്ക് ഒരുപാട് സാദ്ധ്യതകൾ കാണുന്നു. ഇതുവഴി നമ്മുടെ കാർഷികോൽപന്നങ്ങൾക്കു വില നിലവാരം ഉറപ്പുവരുത്തുവാനും കഴിയും.

നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന ഔഷധ സസ്യങ്ങൾ ഉപയോഗിച്ചും അല്ലാതുള്ളവ വീടുകൾ തോറും വച്ചു പിടിപ്പിക്കുവാൻ പ്രോത്സാഹിപ്പിച്ചും ആയുർവ്വേദ ഔഷധ നിർമ്മാണത്തിനുള്ള സാദ്ധ്യതയുണ്ട്. ഗുണനിലവാരമുള്ള ആയുർവേദ ഔഷധങ്ങൾ നിർമ്മിച്ച് വിപണനം നടത്തുക വഴി ഔഷധ സസ്യങ്ങൾ നട്ടു വളർത്തുന്നവർ, ശേഖരിക്കുന്നവർ, നിർമ്മാണ ജോലികളിലേർപ്പെടുന്നവർ, വിപണനം നടത്തുന്നവർ, ഇങ്ങനെ പല മേഖലകളിലുള്ള ആളുകൾക്ക് തൊഴിൽ നൽകുവാൻ കഴിയുന്നു.

റബ്ബർ കൃഷി വ്യാപകമായി വരുന്ന പഞ്ചായത്തെന്ന നിലയിൽ റബ്ബർ ഉപയോഗിച്ചുള്ള വ്യവസായ സംരഭങ്ങൾക്ക് വളരെയേറെ സാദ്ധ്യതകളുണ്ട്. റബ്ബർ ബാൻറ്, കൈയ്യുറകൾ തുടങ്ങി വിപണനസാദ്ധ്യതയുള്ള ഒട്ടുവളരെ ഉത്പന്നങ്ങൾ നിർമ്മിക്കുവാൻ കഴിയുക വഴി തെഴിൽ നൽകുന്നതിലുപരി കർഷകർക്ക് റബ്ബറിന് ന്യായമായ വില ലഭിക്കുന്നതിനും ഇടയാക്കുന്നു.

അടുത്ത കാലത്തായി സജീവമായ ഒരു മേഖലയാണ് കൊക്കോ കൃഷി. പഞ്ചായത്തിൻെറ വിവിധ മേഖലകളിലുള്ള കളക്ഷൻ സെൻററുകളിലൂടെ ധാരാളം കൊക്കോ പുറത്തേക്കു പോകുന്നുണ്ട്. ഇട

ത്തരം കർഷകരുടെ ഒരു പ്രധാന ധനാഗമ മാർഗ്ഗമാണ് കൊക്കോ. നമ്മുടെ പഞ്ചായത്തിലെ കൊക്കോ സംസ്കരിക്കുന്നതിന് ഒരു സംവിധാനമുണ്ടാക്കാൻ കഴിഞ്ഞാൽ ഗുണകരമാണ്.

പഞ്ചായത്തിലെ നല്ലൊരുഭാഗം ജനങ്ങളുടെയും ഒരു പ്രധാന വരുമാന മാർഗ്ഗം കാലിവളർത്തലാണ്. ഇവിടെ ഉത്പാദിപ്പിക്കുന്ന പാലിൽ പ്രാദേശിക ഉപഭോഗം കഴിഞ്ഞുള്ളവ പുറത്തുള്ള ക്ഷീര സംസ്കരണ കേന്ദ്രങ്ങളിലേക്കു പോകുകയാണ്. പഞ്ചായത്തിലെ ക്ഷീര സംഘങ്ങളിലെ പാൽ ഉപയുക്തമാക്കികൊണ്ട് ഒരു ക്ഷീര സംസ്കരണ യൂണിറ്റും, ക്ഷീരോൽപന്ന നിർമ്മാണ യൂണിറ്റും ആരംഭിക്കുന്നതിനുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തണം.

നമ്മുടെ നാട്ടിൽ സുലഭമായ തടി, ചകിരി, ചിരട്ട, ഈറ്റ മുതലായ വസ്തുക്കൾ ഉപയോഗിച്ച്ധാരാളം കരകൗശല വസ്തുക്കൾ നിർമ്മിക്കുവാൻ കഴിയും. പഞ്ചായത്തിൻെറ വിവിധ മേഖലകളിലുള്ള ഈ രംഗത്തെ വിദഗ്ദൻമാരെ കണ്ടെത്തി അവർക്ക് പ്രോത്സാഹനവും അവരെ ഉപയോഗിച്ച് താത്പര്യമുള്ളവർക്ക് പരിശീലനവും കൊടുക്കുവാൻ കഴിയണം.

വീടുകളിൽ പന്നി, കോഴി, ആട്, മുയൽ മുതലായവയെ വളർത്തുന്നതിന് പ്രോത്സാഹനം കൊടുക്കുകയും മാംസം സംസ്കരിച്ച് വിറ്റഴിക്കുന്നതിനു മാർഗ്ഗമുണ്ടാക്കുകയും ചെയ്താൽ വനിതകൾക്ക് ധാരാളം തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുവാൻ കഴിയും. മുയലിൻെറ രോമം ഉപയോഗിച്ചുള്ള വ്യവസായങ്ങൾക്കും സാദ്ധ്യതയുണ്ട്. അതുപോലെ തന്നെ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണവും സ്ത്രീകൾക്ക് ധാരാളം തൊഴിൽ സാദ്ധ്യതകൾ പ്രദാനം ചെയ്യുന്നതും നമ്മുടെ പഞ്ചായത്തിന് അനുഗുണവുമായ വ്യവസായ മേഖലയാണ്.

ഈറ്റ, ചൂരൽ മുതലായവ ഉപയോഗിച്ചുള്ള പരമ്പരാഗത തൊഴിലുകൾ ചെയ്തു വരുന്ന ആളുകളുടെ തൊഴിൽ സംരക്ഷണത്തിനുതകുന്ന വ്യവസായ സംരംഭങ്ങളും ഉണ്ടാകേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ സഹകരണ രംഗത്തും അല്ലാതെയും ഉണ്ടാകുന്ന വിവിധ വ്യവസായ യൂണിറ്റുകളിലൂടെ നാട്ടിലെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ കഴിയണം.

## പരിഹാര നിർദ്ദേശങ്ങൾ

1. ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിലൂടെ വിപണന സാദ്ധ്യത വർദ്ധിപ്പിക്കണം.
2. വ്യവസായം തുടങ്ങുവാൻ താത്പര്യമുള്ളവർക്ക് ഈ രംഗത്തെക്കുറിച്ചും സാങ്കേതികമായ കാര്യങ്ങൾ സംബന്ധിച്ചും ആവശ്യമായ പരിശീലനം നൽകണം.
3. വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നിയമപരമായ നൂലാമാലകൾ ഒഴിവാക്കപ്പെടണം.
4. പ്രധാന കാർഷികോൽപന്നങ്ങളായ കുരുമുളക്, റബ്ബർ, ചുക്ക്, ഏലം, കൊക്കോ എന്നിവയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ തുടങ്ങണം.
5. ആയുർവ്വേദ ഔഷധ സസ്യ കൃഷി സംബന്ധിച്ച് വ്യാപകമായ അവബോധം ജനങ്ങളിൽ സൃഷ്ടിക്കുകയും നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന ഔഷധ സസ്യങ്ങൾ ശേഖരിക്കുകയും ഇവ പ്രയോജനപ്പെടുത്തി ആയുർവ്വേദ ഔഷധ നിർമ്മാണം ആരംഭിക്കുകയും ചെയ്യുക.
6. വനിതകളേ ഉൾപ്പെടുത്തി വനിതാ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് മഹിളാസമാജങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹായം തേടണം.
7. റബ്ബർ അധിഷ്ടിത വ്യവസായങ്ങൾക്ക് രൂപം നൽകണം. ഉദാ: റബ്ബർ ബാൻറ്, കൈയ്യുറ.
8. ഒരു കൊക്കോ സംസ്കരണ കേന്ദ്രം ആരംഭിക്കുക.
9. ഒരു ക്ഷീര സംസ്കരണ കേന്ദ്രവും ക്ഷീരോൽപ്പന്ന നിർമ്മാണ യൂണിറ്റും തുടങ്ങണം.
10. തടി, ചകിരി, ചിരട്ട, ഈറ്റ, മുയൽ രോമം മുതലായവ ഉപയോഗിച്ചുള്ള കരകൗശല യൂണിറ്റുകൾ ഒന്നോ രണ്ടോ തുടങ്ങണം.
11. സഹകരണ അടിസ്ഥാനത്തിൽ കോഴി, ആട്, മുയൽ, പന്നി മുതലായവ വളർത്തുന്നതിന് സംവിധാനമുണ്ടാക്കണം. മാംസ സംസ്കരണ വിപണന കേന്ദ്രങ്ങളുണ്ടാക്കണം.
12. തയ്യൽ, എംബ്രോയ്ഡറി, നീഡിൽ വർക്ക്, നിറ്റിംഗ് വർക്ക് എന്നിവയിൽ പ്രാവീണ്യമുള്ളവരെ ഉൾപ്പെടുത്തി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.
13. സോപ്പു നിർമ്മാണ യൂണിറ്റ് ആരംഭിക്കുവാൻ കഴിയണം.
14. ഭാവി തലമുറയെന്ന നിലയിൽ വിദ്യാർത്ഥികളിൽ വ്യവസായത്തിൻെറ പ്രാധാന്യം ഉൾപ്പെടെയുള്ള അവബോധം സൃഷ്ടിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കണം.
15. ജന പങ്കാളിത്തത്തോടെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനു പ്രാമുഖ്യം നൽകുകയും വ്യവസായ രംഗത്തെ പ്രശ്നങ്ങൾ യാഥാർത്ഥ്യബോധത്തോടെ പരിഹരിക്കുന്നതിനും ആവശ്യമായ നേതൃത്വം നൽകുന്നതിനുമായി പഞ്ചായത്തു തല വ്യവസായ വികസന സമിതിക്കു രൂപം നൽകുകയും വേണം.
16. ജില്ലാ വ്യവസായ കേന്ദ്രം ജില്ലാ ആസ്ഥാനത്തേക്ക് മാറ്റണം.
17. ഫിനാൻഷ്യൽ കോർപ്പറേഷൻ ആഫീസ് ജില്ലാ ആസ്ഥാനവുമായി ബന്ധപ്പെട്ട് കഞ്ഞിക്കുഴി പഞ്ചായത്തിൽ ആരംഭിക്കുക.
18. പട്ടുനൂൽ വ്യവസായത്തിനുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം.
19. തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുകയും ഈ രംഗത്ത് കൂടുതൽ യൂണിറ്റുകൾ ആരംഭിക്കുകയും വേണം.
20. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കണം. കൊച്ചു ചേലച്ചുവട്ടിലുള്ള പൊതു സ്ഥലം ഇതിനായി വിനിയോഗിക്കാം.

# 5.4

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

# 5.4 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## A. ഗതാഗതം.

കൊടും കാടുകളിലെ ആനത്താരകളിലൂടെ നമ്മുടെ പൂർവ്വികർ കുടിയേറിവന്നു. കാലാന്തരത്തിൽ ആ മാർഗ്ഗം ഇന്നു കാണുന്ന റോഡുകൾ ആവുകയാണുണ്ടായത്. പ്രകൃതിരമണീയവും മനോഹരവുമായ നമ്മുടെ ഗ്രാമപഞ്ചായത്ത് ഏതാണ്ട് മൂന്നു ദശാബ്ദത്തെ മാത്രം വളർച്ചയിലൂടെയാണ് ഇന്നു കാണുന്ന അവസ്ഥയിലെത്തിയിട്ടുള്ളത്. കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ചു വളർച്ചയുണ്ടായിട്ടുണ്ടെങ്കിലും സമഗ്രമായ വികസനത്തിന്റെ വീക്ഷണത്തിൽ ഇന്നും ശൈശവാവസ്ഥയിൽ തന്നെയാണ്. വികസനത്തിന്റെ മറുവാക്കായി എന്നും നമ്മുടെ മനസ്സിലുള്ളത് റോഡുകളാണ്. ഇക്കാര്യത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്ത് ഏറെ പിന്നിലാണ്. ജില്ലാ ആസ്ഥാനത്തു നിന്നും കേവലം 20 കി.മീ. മാത്രം ദൂരമുള്ള നമ്മുടെ പഞ്ചായത്ത് ഈ മേഖലയിൽ ഏറെ അവഗണന അനുഭവിക്കുന്നുണ്ട്.

1976-ൽ പഞ്ചായത്ത് രൂപീകൃതമായപ്പോൾ നിലവിലുണ്ടായിരുന്ന, ഇടുക്കി പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് KSEB നിർമ്മിച്ച നേരിയമംഗലം-ഇടുക്കി റോഡുമാത്രമാണ് ഇന്നും പഞ്ചായത്തിലൂടെ കടന്നു പോകുന്ന പ്രധാനറോഡ്. ഇതാകട്ടെ 227.51 ച.കി.മീ. വിസ്തീർണ്ണമുള്ള പഞ്ചായത്തിന്റെ അതിർത്തിയിലൂടെ കടന്നു പോകുന്നതുമാണ്. ഈ റോഡ് ഒഴിവാക്കിയാൽ പഞ്ചായത്തിന്റെ കവാടം എന്നറിയപ്പെടുന്ന ചേലച്ചുവടുമുതൽ പഴയരിക്കണ്ടം വരെയും, നങ്കി S.N.സ്ക്കൂൾ പടി മുതൽ മഴുവടി ട്രൈബൽ കോളനി വരെയും, കഞ്ഞിക്കുഴി ടൗൺ മുതൽ പള്ളിപ്പടി വരെയും ചുരുളി ജംഗ്ഷൻ മുതൽ ആൽപ്പാറ സ്ക്കൂൾപടി വരെയുമുള്ള 14 കി.മീ. റോഡാണ് ടാർ ചെയ്തതായിട്ടുള്ളത്. ഇതിൽ ഏഴുകമ്പി മുതൽ പഴയരിക്കണ്ടം വരെ പൊട്ടിപ്പൊളിഞ്ഞു കിടക്കുകയാണ്. PWD റോഡുൾപ്പെടെ പഞ്ചായത്തിൽ ആകെ ടാർ ചെയ്ത റോഡുകളുടെ നീളം 47 കി.മീ. ആണ്.

രേഖകൾ പ്രകാരം 243.5 കി.മീ. വഴി ഗതാഗത യോഗ്യമായുണ്ട്. എന്നാൽ ഡ്രൈവർമാരുടെ കഴിവും മനോധൈര്യവും മൂലമാണ് പല സ്ഥലങ്ങളിലും ജീപ്പുകളെത്തിക്കുവാൻ കഴിയുന്നത്. കുടിയേറിയതു മുതൽ ജനങ്ങളുടെ ഐക്യബോധത്തിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെ നിർമ്മിച്ച വഴികൾ പഞ്ചായത്തിന്റെ നാമമാത്രമായ ഫണ്ടുപയോഗിച്ച് മെച്ചപ്പെടുത്തിയിട്ടുണ്ട്.

രണ്ട് ബസ്സ്റ്റാന്റുകളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. അതിലൊന്ന് ഇപ്പോഴും പ്രവർത്തനക്ഷമമായിട്ടില്ല. നേര്യമംഗലം□-ഇടുക്കി റോഡിലുള്ള ചേലച്ചുവട് ബസ്സ്റ്റാന്റിൽ ദിനം പ്രതി നാല്പതോളം ബസുകൾ കയറി ഇറങ്ങുന്നുണ്ട്. 10 ബസ്സർവ്വീസുകൾ കഞ്ഞിക്കുഴിക്കും. ഇവയിൽ 7എണ്ണം പഴയരിക്കണ്ടത്തിനും സർവ്വീസു നടത്തുന്നുണ്ട്. എങ്കിലും സമയത്തിന് സർവ്വീസ് ഇല്ലാത്തതിനാൽ ചേലച്ചുവട്-പഴയരിക്കണ്ടം റൂട്ടിൽ പലപ്പോഴും ട്രിപ്പ് ജീപ്പാണ് ആശ്രയം. ഈ ജീപ്പുകളുടെ ആധിക്യമാകാം ഒരു പക്ഷേ കൂടുതൽ ബസ് സർവ്വീസുകൾ ഉണ്ടാവാതിരിക്കുവാനുള്ള കാരണങ്ങളിലൊന്ന്. ടാക്സി ലോറി സ്റ്റാന്റുകൾ ഒന്നും തന്നെ നിലവിലില്ല. കീരിത്തോട്, ചേലച്ചുവട്, കഞ്ഞിക്കുഴി എന്നിവിടങ്ങളിൽ ടാക്സികൾ റോഡിലാണ് പാർക്കു ചെയ്യുന്നത്. ഇത് പലപ്പോഴും ഗതാഗതപ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്.

പഞ്ചായത്തിലെ വിവിധവാർഡുകളിലായി മൺവഴികളുടെ ഒരു നല്ല ശൃംഖലതന്നെയുണ്ട്. പക്ഷേ ഗതാഗത യോഗ്യമായ റോഡുകൾ ഇവയിൽ കുറവാണ്. ആവശ്യമായ ഓടകളോ, കലുങ്കുകളോ ഈ വഴികളിലില്ല. ഈ വഴികളുടെ അറ്റകുറ്റ പണികൾ യഥാസമയം നടക്കുന്നില്ല. ഫണ്ടില്ലായ്മ ഈ രംഗത്തെ വികസനത്തിനു തടസമാകുന്നുണ്ട്.

### പ്രശ്നങ്ങൾ

#### ടാർ റോഡുകളുടെ സ്ഥിതി.

നേര്യമംഗലം - ഇടുക്കി റോഡിലെ നീണ്ടപാറ മുതൽ അട്ടിക്കളം വരെയുള്ള 33 കിമീ. റോഡ് നമ്മുടെ പഞ്ചായത്തിലൂടെ കടന്നു പോകുന്നു. P.W.D ഉടമസ്ഥതയിലുള്ള ഈ റോഡിൽ കൊടും വളവുകളും ഇറക്കങ്ങളും ധാരാളമുണ്ട്. ആയതിനാൽതന്നെ അപ

കടങ്ങൾ നിത്യ സംഭവമാണ്. കീരിത്തോടുമുതൽ ചേലച്ചുവടുവരെയുള്ള ഭാഗമാണ് ഏറെ അപകടകരം. വളവുകളിലും മറ്റും ആവശ്യമായ സൈൻബോർഡുകൾ സ്ഥാപിക്കുകയും മറ്റു സുരക്ഷിതത്വ നടപടികൾ സ്വീകരിക്കുകയും വേണം. അടിക്കല്ലുകൾ ഇളകിയിരിക്കുന്ന ചുരുളിപ്പാലം ബലപ്പെടുത്തണം.

ചേലച്ചുവട് - പഴയരിക്കണ്ടം റോഡ് യഥാസമയം അറ്റകുറ്റപ്പണികൾ നടക്കാത്തതുമൂലം കുണ്ടും കുഴിയുമായിക്കിടക്കുന്നു. കൃത്യസമയത്ത് അറ്റകുറ്റപണികൾ നടത്തുകയും ആവശ്യമായ ഓടകൾ തീർക്കുകയും ചെയ്താൽ ഈ റോഡ് സംരക്ഷിക്കാം. കൂടാതെ ഏറ്റവും പ്രധാനം റോഡുനിർമ്മാണത്തിൽ ആവശ്യമായ ഗുണനിലവാരം ഉറപ്പു വരുത്തുകയാണ്. ഏതാനും മാസങ്ങൾക്കു മുമ്പ് പുതിക്കിപ്പണിത ചേലച്ചുവട് മുതൽ ഏഴുകമ്പി വരെയുള്ള ഈ റോഡിന്റെ പലഭാഗങ്ങളും വീണ്ടും തകർന്നത് ഇതിലേയ്ക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. ബാക്കിയുള്ള ടാർറോഡുകളിലൂടെ കാര്യമായ വാഹനസൗകര്യമില്ല. കഞ്ഞിക്കുഴി വരെ മാത്രം സർവ്വീസ് നടത്തുന്ന ബസുകൾ മഴുവടി കോളനിയിലേയ്ക്കു കൂടെ സർവ്വീസ് നീട്ടിയാൽ ആ പ്രദേശത്തെ ഗതാഗതപ്രശ്നങ്ങൾക്ക് അൽപ്പം ആശ്വാസം കിട്ടിയേക്കും.

### മെറ്റൽ റോഡുകളുടെയും മൺറോഡുകളുടെയും പ്രശ്നങ്ങൾ

മെറ്റൽ റോഡുകൾ കാര്യമായ അളവിൽ നമ്മുടെ പഞ്ചായത്തിൽ ഇല്ല. ആകെ 2.5 കി. മീ മാത്രമാണ് ഉള്ളത്. എല്ലാ ഗ്രാമസഭകളിൽ നിന്നും നിലവിലുള്ള മെറ്റൽ മൺറോഡുകൾ ടാറിംഗ് അടക്കമുള്ള പണികൾ പൂർത്തിയാക്കി ഗതാഗത സൗകര്യം ഉണ്ടാക്കണമെന്ന ആവശ്യമാണ് ഉയർന്നിരിക്കുന്നത്. കൃത്യ സമയത്ത് അറ്റകുറ്റപ്പണികൾ നടത്താൻ കഴിയാതിരിക്കുക, ഓടകൾ ഇല്ലാതിരിക്കുക, തുടങ്ങിയ കാരണങ്ങൾ കൊണ്ട് മൺറോഡുകൾ പല സ്ഥലങ്ങളിലും കിടങ്ങുകളായി മാറിയിട്ടുണ്ട്. എങ്കിലും എല്ലാ വർഷവും മൺറോഡുകളിൽ നടത്താറുള്ള പ്രാദേശിക മെയിൻറനൻസ് വേണ്ടത്ര ഫലപ്രദമല്ല. കുഴികളിൽ പുല്ലു ചെത്തിക്കൂട്ടിയതിനു ശേഷം പുറമേ മണ്ണു വെട്ടിനികത്തുന്ന മെയിൻറനൻസ് തൊട്ടടുത്ത മഴയിൽ തന്നെ കുത്തിയൊലിച്ചു പോകുന്നു. ഈപ്രവർത്തനത്തിൻെറ നിരർത്ഥകത പല ഗ്രാമസഭകളിലും ചർച്ചയ്ക്കു വരുകയും വിമർശനത്തിനു വിധേയമാകുകയും ചെയ്തിട്ടുണ്ട്. ഇതിനായി ഉപയോഗിക്കുന്ന ഫണ്ട് സ്ഥിരമായ നിർമ്മാണപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്. റോഡു തീർക്കുമ്പോൾ ഓടകൾ തീർക്കുകയെന്നത് ഒരാവശ്യമായി പലപ്പോഴും കാണാറില്ല. സമഗ്രമായ റോഡു വികസനത്തിൽ ഓടകളും സംരക്ഷണഭിത്തികളും നടപ്പാതകളും ഒഴിവാക്കാൻ പാടില്ലാത്ത അവശ്യഘടകങ്ങളാണ്.

### പൊതുവായ ഗതാഗത പ്രശ്നങ്ങൾ

PWD റോഡായ നേര്യമംഗലം-ഇടുക്കിറൂട്ടിൽ ആവശ്യത്തിന് ബസ് ഗതാഗതമുണ്ട് എന്നാൽ കഞ്ഞിക്കുഴി പഴയരിക്കണ്ടം പ്രദേശത്തേക്ക് ആവശ്യത്തിന് ബസ് സർവ്വീസ് നടത്തുന്നില്ല. ജീപ്പുകൾ സമാന്തര സർവ്വീസുകൾ നടത്തിവരുന്നു. ചേലച്ചുവട്-പഴയരിക്കണ്ടം റൂട്ടിൽ ഒരാൾക്ക് എട്ടു രൂപാ പ്രകാരം ജീപ്പു യാത്രക്കു കൂലി നൽകേണ്ടി വരുന്നു. ടാക്സി ചാർജ്ജ് വളരെ കുടുതലാണ്. ഇതിന് ഡ്രൈവർമാരുടെ ന്യായീകരണം റോഡു മോശമാണെന്നുള്ളതാണ്. K.S.R.T.C. ബസുകൾ പഞ്ചായത്തതിർത്തിലേക്കു കടന്നു വരുന്നില്ല. പാവപ്പെട്ടവരുടെ വാഹനം എന്നറിയപ്പെടുന്ന ഓട്ടോറിക്ഷകൾ കഞ്ഞിക്കുഴിയിൽ കുറവാണ്. ചേലച്ചുവട്ടിൽ മാത്രമാണ് ഇപ്പോൾ ഓട്ടോറിക്ഷകൾ ഉള്ളത്.

## ഭൂപ്രകൃതിയുടെ സ്വാധീനം

കുന്നും മലയും നിറഞ്ഞതാണ് നമ്മുടെ ഭൂപ്രകൃതി. അതുകൊണ്ട് റോഡുകളുടെ നിർമ്മാണത്തിൽ ഇതു നിഴലിച്ചിട്ടുണ്ട്. മക്കുവള്ളി പുന്നയാർ പ്രദേശങ്ങളിൽ റോഡുകൾ കുറവായിരിക്കുന്നതിന്റെ കാരണം ഇതു തന്നെയാണ്. ഇത്തരം മേഖലകളിൽ റോഡു നിർമ്മാണം വളരെ ചെലവേറിയതുമാണ്. നാമമാത്രമായി മാത്രം ഫണ്ടുള്ള ഗ്രാമപഞ്ചായത്തിന് ഇതുപോലുള്ള ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാൻ പലപ്പോഴും കഴിയാറില്ല.

മക്കുവള്ളി, കടുവാക്കുഴി, കൊടക്കല്ല്, വഞ്ചിക്കൽ പോലുള്ള ഭാഗങ്ങൾ പഞ്ചായത്താസ്ഥാനവുമായി ബന്ധം പോലും ഇല്ലാത്ത അവസ്ഥയിലാണ്. ഈമേഖലയിലേക്ക് നിലവിലുള്ള മൺറോഡുകൾ പണിപൂർത്തിയാക്കി ടാർ ചെയ്യുകയും റോഡുകൾ

ഇല്ലാത്തിടത്ത് പുതിയ റോഡുകൾ നിർമ്മിക്കുകയും ചെയ്യണം. ഇതിനായി ത്രിതല പഞ്ചായത്ത് സമിതികളും PWD യും ആവശ്യമായ പ്രവർത്തനങ്ങൾ നടത്തണം. വികസനത്തിൻെറ വീഥികൾ യാഥാർത്ഥ്യമാവണം. സമഗ്രവികസനമെന്ന സ്വപ്നത്തിൻെറ അടിസ്ഥാന ശിലകളായി ഈ ഗ്രാമീണറോഡുകൾ മാറണം.

## നിർദ്ദേശങ്ങൾ

നമ്മുടെ പഞ്ചായത്തിൻെറ വികസനത്തിന് അടിയന്തിരമായി പണി തീർത്ത് ടാർ ചെയ്യേണ്ട റോഡുകൾ.

1 ചേലച്ചുവട്-വണ്ണപ്പുറം റോഡിലെ പഴയരിക്കണ്ടം മുതൽ പ്ലാത്തിക്കവല വരെയുള്ള ഭാഗം മൺ പണികളും കലുങ്കുകളും പൂർത്തിയായിട്ടുള്ളതാണ്. ബാക്കി പണികൾ തീർത്ത് അടിയന്തിരമായി ബസ് ഗതാഗതത്തിന് യോഗ്യമാക്കണം.

2 പഴയരിക്കണ്ടം-മൈലപ്പുഴ-മക്കുവള്ളി മനയത്തടം-കൈതപ്പാറ വഴി സമീപ പഞ്ചായത്തായ ഉടുമ്പന്നൂരിലേക്കുള്ള റോഡ്. ഇതിൽ പഴയരിക്കണ്ടം മുതൽ കൈതപ്പാറ വരെയുള്ള ഭാഗം നമ്മുടെ പഞ്ചായത്തിലാണ്.

3 ചുരുളി-ആൽപ്പാറ-ചുരുളിപ്പതാൽ-മഴുവടി ട്രൈബൽ കോളനി റോഡ്. PWD റോഡിൽ നിന്നും തുടങ്ങുന്നതും 5,6,7 വാർഡുകളെ ബന്ധിപ്പിക്കുന്നതുമായ റോഡാണിത്. 1 K.M ദൂരം ടാർ ചെയ്ത ഈ റോഡിലെ ബാക്കി വരുന്ന 4 കി. മീ. ദൂരം കൂടി പണി തീർത്ത് ടാർ ചെയ്യുവാൻ കഴിയണം.

4 പഴയരിക്കണ്ടം പൊന്നെടുത്താൻ വഞ്ചിക്കൽ കൂടി തൊട്ടടുത്ത പഞ്ചായത്തിലെ മുള്ളരിങ്ങാടുമായി ബന്ധിപ്പിക്കുന്ന റോഡ്.

5 കീരിത്തോട്, വിജയൻസിറ്റി, പുന്നയാർ കീഴങ്ങാനം വഴി കഞ്ഞിക്കുഴി റോഡ്.

6 കീരിത്തോട് തള്ളക്കാനം റോഡ്.

7 പുന്നയാർ 7-ാം കൂപ്പ് പകുതിപ്പാലം റോഡ്.

മേൽ നിർദേശിച്ചതു കൂടാതെ പണി തീർക്കേണ്ടതായ നിരവധി റോഡുകൾ ഓരോ വാർഡുകളിലുമായി നിലവിൽ ഉണ്ട്. അവയുടെ ഒരു പട്ടിക ചുവടെ കൊടുക്കുന്നു. ലഭ്യമായ ഫണ്ടുപയോഗിച്ച് പണികൾ തീർക്കേണ്ടതാണ്.

8 പ്രധാന റോഡുകളിൽ യാത്രക്കാരുടെ സൗകര്യത്തിനായി വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കുക.

വെയിറ്റിംഗ് ഷെഡുകൾക്കായി നിർദേശിക്കുന്ന സ്ഥലങ്ങൾ.

തട്ടേക്കണ്ണി-1 , കരിമണൽ-1, പാമ്പളക്കവല -1, പകുതിപ്പാലം-2, ചേലച്ചുവട് ആയുർവ്വേദാശുപത്രി പടി-1, ചേലച്ചുവട് യൂണിയൻ ബാങ്ക് പടി-1 ,ഗാന്ധിഗ്രാം-1, അട്ടിക്കളം-1, കുട്ടപ്പൻസിറ്റി-1, ആൽപ്പാറ-1, ചേചുവട് CSI ആശുപത്രി പടി-1, കത്തിപ്പാറത്തടം-1, യാക്കോബായ പള്ളിപ്പടി-1, 7കമ്പി-1, തള്ളക്കാനം കുരിശുപടി-1, തള്ളക്കാനം ആശുപത്രിപടി-1, കുഴിസിറ്റി-1, വട്ടോമ്പാറ-1, പ്രഭസിറ്റി-1, കൊച്ചുപഴയരി-1, പഴയരിക്കണ്ടം-2, കുടുക്കാകണ്ടം -1, വരകുകളം-1, പൊന്നരത്താൻ-1, വരിക്കമുത്തൻ -1, വെൺമണി-2, പ്ലാത്തിക്കവല -1.

| വാർഡ് | കോഡ് | റോഡ് | ദൂരം | വീതി |
|---|---|---|---|---|
| 01 | | പഴയരിക്കണ്ടം-പൊന്നരുത്താൻ | 3.5 | |
| | | കരിമണൽ-പെരിയാർ | 1 | |
| | | വഞ്ചിക്കൽ-തട്ടേക്കണ്ണി | 2.5 | |
| | | പൊന്നരുത്താൻ-കടുവാക്കുഴി | 1.5 | |
| | | കുറിത്തിക്കവല-കുടുക്കാക്കണ്ടം | 2.5 | |
| | | കുടുക്കാക്കുണ്ടം-കൊച്ചുപഴയരി | 2.5 | |
| | | അമ്പലപ്പറമ്പ്-അമ്പലമേട് | 1.5 | |
| | | പ്രഭസിറ്റി-കുരിശുപാറ | 1 | |
| 02 | | കീരിത്തോട്-തള്ളക്കാനം | 3.5 | |
| | | പള്ളിപ്പടി-പുന്നയാർ | 2 | |
| | | പുന്നയാർ-ഏഴാംകൂപ്പ് | 2 | |
| | | ഏഴുകമ്പി-പുന്നയാർതണ്ട് | 1.5 | |
| | | ഏഴ്കമ്പി-കീരിത്തോട് | 2 | |
| | | നാലുകമ്പി-അഞ്ചുകുടി | 2.5 | |
| | | പുന്നയാർ ഈട്ടിക്കവർ-പാമ്പമത്തണ്ട് | 2 | |
| | | തള്ളക്കാനം-ഇലഞ്ഞിക്കൽപ്പടി | 1 | |
| | | പുന്നയാർ-കുരിശുപള്ളിപ്പടി | 2 | |
| | | പുന്നയാർ-പുന്നയാർതോളം | 2.5 | |
| 03 | | കീരിത്തോട്-പെരിയാർവാലി | 2.5 | |
| | | കീരിത്തോട്-കഞ്ചുകുടി | 4 | |
| | | കീരിത്തോട്-ഏഴാംകൂപ്പ് | 2 | |
| | | ചെമ്പകപ്പാറ-കട്ടിംഗ് | 2.5 | |
| | | പുന്നയാർ-പകുതിപ്പാലം | 1.5 | |
| | | ഏഴാംകൂപ്പ്-ആറാംകൂപ്പ് | 1.5 | |
| | | ഏഴാംകൂപ്പ്-പൊറ്റൻകോട് | 1.5 | |
| | | എസ്.എൻ.പടി-പെരിയാർ വാലി | | |
| | | പള്ളിക്കവല-പെരിയാർവാലി | 2.5 | |

| | | | | |
|---|---|---|---|---|
| | | ചേലച്ചുവട്-പെരിയാർവാലി | 1 | |
| | | കട്ടിംഗ്-പെരിയാർവാലി | 1.5 | |
| | | കത്തിപ്പാറ-ചെമ്പകപ്പാറ | 3.5 | |
| | | കത്തിപ്പാറ-കൊച്ചുചേലച്ചുവട് | 2 | |
| | | ഗാന്ധിസ്മാരകം-കത്തിപ്പാറ | 1 | |
| | | മുസ്ലീംപള്ളി-ഇടക്കാട് | 2.5 | |
| | | ചുരുളി-മുസ്ലീംപള്ളിപ്പടി | 2 | |
| | | കട്ടിംഗ്-ഇഞ്ചവരക്കൂത്ത് | 1.5 | |
| | | ജി.എൽ.പി.-പെരിയാർവാലി | 2.5 | |
| 05. | | അട്ടിക്കളം-കുട്ടപ്പൻസിറ്റി-ചുരുളി | 3.5 | |
| | | കുട്ടപ്പൻ സിറ്റി-മരുതുപാറ | 3 | |
| | | ചുരുളി-നാലുകമ്പി | 1 | |
| | | ചുരുളി-ഉപദേശിക്കുന്ന് | 1.5 | |
| | | പൊതയംപടി-മുസ്ലീംപള്ളി | 1.5 | |
| | | അമ്പലക്കവല-പെരിയാർവാലി | 1 | |
| | | അട്ടിക്കളം-പെരിയാർവാലി | 2 | |
| | | ചുരുളി-നാലുകമ്പി | 2 | |
| | | മഹജ്ജനസമാജംപടി-നാലുകമ്പി | 2 | |
| 06. | | ആൽപ്പാറ-കണ്ണാടിക്കവല | 3 | |
| | | കുഴിസിറ്റി-ജി.എച്ച്.എസ്.പടി | 3.5 | |
| | | കൊച്ചുചേലചുവട്-കത്തിപ്പാറ | 3 | |
| | | കൊച്ചുചേലചുവട്-ആൽപ്പാറ | 2 | |
| | | ചുരുളിപതാൽ-ഇടത്തട്ട് | 2 | |
| | | ആൽപ്പാറ-കവളക്കാട്പടി | 2 | |
| | | ആൽപ്പാറ-പാൽക്കുളംമേട് | 2.5 | |
| | | ചുരുളിപ്പതാൽ-കോളനി | 1 | |
| | | കുഴിസിറ്റ്-സെന്റ് മേരീസ്പടി | 1 | |
| | | കൊച്ചുചേലച്ചുവട്-കഞ്ഞിക്കുഴി | 1.5 | |
| | | കൊച്ചുചേലച്ചവട്-കണ്ണാടിക്കവല | 1 | |

| | | | | |
|---|---|---|---|---|
| 07 | | കഞ്ഞിക്കുഴി-മഴുവടി-മൈലപ്പുഴ | 5 | |
| | | കഞ്ഞിക്കുഴി-ട്രൈബൽ കോളനി | 2.5 | |
| | | മഴുവടി-പമ്പ് ഹൗസ് | 1 | |
| | | കഞ്ഞിക്കുഴി-മൂന്നേക്കർ കോളനി | 2.5 | |
| | | പിള്ളസിറ്റി-മൈലപ്പുഴ | 2 | |
| | | മൈലപ്പുഴ-പഴയരിക്കണ്ടം | 1 | |
| | | മൈലപ്പുഴ-കാനം | 1 | |
| | | മാമച്ചൻപടി-ഇടത്തട്ട് | 1 | |
| | | കൊച്ചുപഴയരി-പൊന്നാപ്പുപടി | 1.5 | |
| | | വട്ടോംപാറ-പള്ളിപ്പടി | 1 | |
| | | കഞ്ഞിക്കുഴി-ഇല്ലിക്കാനം അമ്പലക്കവല | 3 | |
| 08 | | പഴയരിക്കണ്ടം-തട്ടേക്കല്ല് | 2 | |
| | | പഴയരിക്കണ്ടം-മൈലപ്പുഴ | 1.5 | |
| | | പള്ളിക്കവല-തട്ടേക്കല്ല് | 2 | |
| | | പൊന്നരുത്താൻ-വരിക്കമുത്തൻ | 3 | |
| | | പഴയരിക്കണ്ടം-വെട്ടുകല്ല്പടി | 1 | |
| | | പഴയരിക്കണ്ടം-പൊന്നരുത്താൻ | 4 | |
| 09 | | വെൺമണി-അയ്യപ്പൻപാറ | 1.5 | |
| | | വെൺമണി-നാക്കയം | 2 | |
| | | വെൺമണി-കൂടത്തൊട്ടി | 1.5 | |
| | | വെൺമണി-പാലപ്ലാവ് | 1 | |
| | | വെൺമണി-തെക്കൻതോണി | 2 | |
| | | വെൺമണി-ഇഞ്ചയനപ്പാറ | 4 | |
| | | വെൺമണി-പട്ടയക്കുടി | 1.5 | |
| | | വരിക്കമുത്തൻ-വിയറ്റ്നാം | 1.5 | |
| | | വരിക്കമുത്തൻ-പട്ടയക്കുടി | 2 | |
| | | മൈലപ്പുഴ-വരിക്കമുത്തൻ | | |

| | | | | |
|---|---|---|---|---|
| | | വെൺമണി-പുളിക്കത്തൊട്ടി | 1.5 | |
| | | വെൺമണി-മണ്ണാംകാവ് | 1 | |
| 10. | | മക്കുവള്ളി-മനയത്തടം | 3 | |
| | | മൈലപ്പുഴ-കൈതപ്പാറ | 16 | |
| | | കൂട്ടക്കുഴി-കൈതപ്പാറ | 4 | |
| | | മക്കുവള്ളി-സ്കൂൾപടി | 1 | |
| | | മക്കുവള്ളി-കീരിപ്ലാവ് | 1 | |
| | | മക്കുവള്ളി-പത്തൊൻപത് | 1 | |
| | | മക്കുവള്ളി-മുത്തൻതൊള്ളി | 2 | |
| 11. | | കഞ്ഞിക്കുഴി-പംമ്പള | 4.5 | |
| | | വട്ടോംപാറ-മാക്കുംകല്ല്പടി | 4 | |
| | | വട്ടോംപാറ-പുന്നയാർ | 3 | |
| | | കഞ്ഞിക്കുഴി-കുരിശുമല-സെന്റ് തോമസ് എച്ച്.എസ്. | 2.5 | |

| നമ്പർ | പേര് റോഡ് | പാലം പേര് | വാർഡ് |
|---|---|---|---|
| 1. | വട്ടോംപാറ-പുന്നയാർ | വട്ടോംപാറ | 11, 7 |
| 2. | പ്രഭ സിറ്റി-കുരിശുപാറ | പ്രഭസിറ്റി | 11, 7 |
| 3. | കൊമ്പുപഴയരി-കുരിശുപാറ | റീത്ത്പള്ളിപ്പടി | 7, 1 |
| 4. | കൊച്ചുചേലചുവട്-ആനപ്പാറ | ചുരുളിത്തോട്ടിൽ | 5 |
| 5. | കീരിത്തോട്-പെരിയാർ | പെരിയാർ | 3 |
| 6. | പുന്നയാർ-പുന്നയാർതോളം | പുന്നയാർ ഈസ്റ്റ് | 2 |
| 7. | തട്ടേക്കൻ-വഞ്ചിക്കൻ | വഞ്ചാക്കൻ | 8 |
| 8. | മക്കുവള്ളി-മനയത്തടം | ശിവരാമൻപടി | 10 |
| 9. | മക്കുവള്ളി- | S.N.L.P.S.പടി | 10 |
| 10. | വട്ടോംപാറ | ചപ്പാത്ത് | 11 |
| 11. | പെരിയാർ വാലി ചപ്പാത്ത് | | 4 |
| 12. | ചുരുളി തുറവയ്ക്കൽപടി പാലം | | 5 |
| 13. | ചേലചുവട്പള്ളിപടി-പെരിയാർവാലി | വടക്കേമുറിപ്പടി | 5 |
| 14. | വെൺമണി-നാക്കയം | മേക്കൽപടി | 9 |

## പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

| നമ്പർ | പേര് | വാർഡ് | നീളം |
|---|---|---|---|
| 1. | പൊന്നെടുത്താൻ-തട്ടേക്കണ്ണി | 1 | |
| 2. | കടുവാക്കുഴി-കൊടക്കല്ല് | 1 | |
| 3. | പഞ്ചാരക്കുത്ത്-കല്ലുമ്മേൽക്കല്ല് | 3 | |
| 4. | അട്ടിക്കളം-പാൽക്കുളംമേട് | 5 | |
| 5. | കൊച്ചുചേലചുവട്-മറംപടി-ചുരുളിപ്പാതാൽ | 6 | |
| 6. | പഴയരിക്കണ്ടം കൊടക്കല്ല് | 8 | |
| 7. | മക്കുവള്ളി-കീരിപ്ലാവ് | 10 | |
| 8. | മൈലപ്പുഴ-മുക്കാനാംപാറ-ഇഞ്ചപ്പാറ | 10 | |
| 9. | ശങ്കുണ്ണിപ്പടി-കീഴങ്ങാനം-കീരിത്തോട് | 11 | |
| 10. | കഞ്ഞിക്കുഴി-കീഴങ്ങാനം-പാമ്പള | 11 | |

## പഞ്ചായത്തിലെ ടാർ റോഡുകൾ

| നമ്പർ | പേര് | ഉടമസ്ഥത | ദൂരം | ബസ്മുതലായ യാത്രാസൗകര്യം |
|---|---|---|---|---|
| 1. | അട്ടിക്കളം-നീണ്ടപാറ | PWD | 33 | ഉണ്ട് |
| 2. | ചേലചുവട്-പഴയരിക്കണ്ടം | പഞ്ചായത്ത് | 10 | ഉണ്ട് |
| 3. | എസ്.എൻ.സ്കൂൾപടി-മഴുവടി | പഞ്ചായത്ത് | 2 | ഇല്ല |
| 4. | കഞ്ഞിക്കുഴി-പള്ളിപ്പടി | പഞ്ചായത്ത് | 1 | ഇല്ല |
| 5. | ചുരുളി-ആനപ്പാറ | പഞ്ചായത്ത് | 1 | ഇല്ല |

# B. ഊർജ്ജം

ലോകപ്രസിദ്ധമായ ഇടുക്കി ജലവൈദ്യുതപദ്ധതിയോട് ഏറെ അടുത്തുകിടക്കുന്ന ഒരു പഞ്ചായത്താണ് ഇടുക്കി - കഞ്ഞിക്കുഴി. ലോവർ പെരിയാർ ജലവൈദ്യുത പദ്ധതി ഈ പഞ്ചായത്തതിർത്തിക്കുള്ളിൽത്തന്നെ പണി പൂർത്തിയാക്കി വരുന്നു. എങ്കിലും പഞ്ചായത്തിലെ ഒരു വാർഡിൽപ്പോലും പൂർണ്ണമായി വൈദ്യുതി എത്തിക്കുവാൻ കഴിഞ്ഞിട്ടില്ല. ആകെയുള്ള 9029 വീടുകളിൽ 1458 വീടുകൾക്കു മാത്രമേ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ളു. ഇടുക്കി ജില്ലയിലെ പള്ളിവാസൽ പൗവ്വർ ഹൗസ്സിൽ നിന്നുമുള്ള വൈദ്യുതിയാണ് കഞ്ഞിക്കുഴി പഞ്ചായത്തിൽ ലഭിക്കുന്നത്. വിതരണം വാഴത്തോപ്പ് മേജർ ഓഫീസ് വഴിയും.

വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട് ഈ പഞ്ചായത്തിൽ ആകെ ഏഴു ട്രാൻസ്ഫോർമറുകളാണ് പ്രവർത്തിക്കുന്നത്. ഇതിൽ ചേലച്ചുവട്, കഞ്ഞിക്കുഴി കീരിത്തോട് എന്നിവ അധികഭാരം വഹിക്കുന്നവയാണ്. ഇതുകൊണ്ടുതന്നെ ഈ പ്രദേശത്തുള്ള ഗാർഹിക ഉപഭോക്താക്കൾ വോൾട്ടേജ് ക്ഷാമം അനുഭവിക്കുന്നു. ഇതു പരിഹരിക്കുവാൻ വട്ടോമ്പാറ, ചുരുളി ഏഴാം കൂപ്പ് എന്നീ പ്രദേശങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം. പഞ്ചായത്തിൽ ആകെ 14.5 കി.മീ. 11.K.V. ലൈനുകളും 42.5 കി.മീ. ത്രീഫേസ് ലൈനുകളും 62.5 കി.മീ. സിംഗിൾ ഫേസ് ലൈനുകളും ഉണ്ട്. 2 ട്യൂബുകളടക്കം 144 സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ട്. പക്ഷെ ഇവയൊന്നും തന്നെ കാര്യമായി പ്രവർത്തിക്കുന്നില്ല.

വീട്ടാവശ്യത്തിന് വിറകാണ് മഹാഭൂരിപക്ഷം ജനങ്ങളും ഉപയോഗിക്കുന്നത്. അപൂർവ്വമായി പാചകത്തിന് മണ്ണെണ്ണ ഉപയോഗിക്കുന്നവരുമുണ്ട്. കുക്കിംഗ് ഗ്യാസ് ഒരു ചെറിയ ന്യൂനപക്ഷം മാത്രം ഉപയോഗിക്കുന്നു. വെളിച്ചത്തിനായി കൂടുതൽ ആളുകളും മണ്ണെണ്ണയാണ് ഉപയോഗിക്കുന്നത്. റേഷൻ വിഹിതം വെട്ടിക്കുറക്കുക വഴി ഇതിന്റെ ലഭ്യത കുറഞ്ഞിട്ടുണ്ട്. ദക്ഷത കൂടിയ വിറകടുപ്പുകൾ പ്രചാരത്തിലുണ്ട്. കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, IREP തുടങ്ങിയ ഏജൻസികൾ ഈ രംഗത്ത് പ്രവർത്തിക്കുന്നു. ഇത്തരം അടുപ്പുകൾ ഉപയോഗിച്ചാൽ വിറകിന്റെ ആവശ്യം മൂന്നിലൊന്നായി കുറയ്ക്കുവാനും വീട്ടമ്മയുടെ ആരോഗ്യം സംരക്ഷിക്കുവാനും കഴിയും. പഞ്ചായത്തിലെ വെൺമണി പൊന്നരത്താൻ എന്നീ പ്രദേശങ്ങളിൽ സൗരോർജ്ജവും പ്രയോജനപ്പെടുത്തുന്നുണ്ട്.

## പ്രശ്നങ്ങൾ.

1. പഞ്ചായത്തിന്റെ ഒരു വാർഡിലും പൂർണ്ണമായി വൈദ്യുതി എത്തിക്കുവാൻ കഴിഞ്ഞിട്ടില്ല.

2. വോൾട്ടേജ് വളരെക്കുറവ്, വളരെയധികം പ്രസരണ നഷ്ടം ഉണ്ടാകുന്നു.

3സ്ട്രീറ്റ് ലൈറ്റുകൾ കുറവാണ്. ഉള്ളവതന്നെ കാര്യമായി പ്രവർത്തിക്കുന്നില്ല.

4. പഞ്ചായത്തിലെ ഭൂരിപക്ഷം കോളനികളിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ല.

5. മണ്ണെണ്ണയുടെ വിഹിതം വെട്ടിക്കുറച്ചതു മൂലം ലഭ്യതയിൽ കുറവനുഭവപ്പെടുന്നു.

6. പാരമ്പര്യ ഊർജ്ജ സ്രോതസുകളെ ഉപയോഗിക്കുവാനുള്ള അറിവില്ലായ്മ.

7. ബോർഡുജീവനക്കാരുടെ അനാസ്ഥയും അഴിമതിയും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലുള്ള വിമുഖതയും.

## പരിഹാര നിർദ്ദേശങ്ങൾ

1. പണി പൂർത്തിയായി വരുന്ന ലോവർ പെരിയാർ ജലവൈദ്യുത പദ്ധതി കമ്മീഷൻ ചെയ്യുമ്പോൾ നമ്മുടെ പഞ്ചായത്തിന് അർഹമായ വൈദ്യുതി വിഹിതം ലഭ്യമാക്കണം.

2. വോൾട്ടേജ് ക്ഷാമവും പ്രസരണ നഷ്ടവും കഴിവതും ഒഴിവാക്കണം. ഇതിനായി കാലഹരണപ്പെട്ട വൈദ്യുതി ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കണം. മരച്ചില്ലകളിലും മറ്റും തട്ടി വൈദ്യുതി നഷ്ടപ്പെടാതിരിക്കാൻ കാലാകാലങ്ങളിൽ ടച്ച് വെട്ടി മാറ്റ

ണം. വൈദ്യുതിയുടെ ഉപഭോഗം കുറക്കുവാൻ ദക്ഷത കൂടിയ കോംപാക്ട് ഫ്ലൂറസെന്റ് ലാംപുകൾ ഉപയോഗിക്കുവാൻ കഴിയണം. ഇത്തരം കാര്യങ്ങളിൽ ജന പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

3. ചില പുതിയ പദ്ധതി നിർദ്ദേശങ്ങൾ തന്നെ പല ഗ്രാമ സഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

a. സമുദ്രനിരപ്പിൽ നിന്നും 3500 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന പാൽക്കുളം മേട്ടിൽ കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതി.

b. ഇഞ്ചവരക്കുത്ത് മിനിജല വൈദ്യുത പദ്ധതി.

c. വട്ടോൻ പാറ മിനിജല വൈദ്യുത പദ്ധതി.

d. ചുരുളിതോട്ടിൽ മിനിജല വൈദ്യുത പദ്ധതി.

e. കീഴാർ കുത്ത് മിനിജല വൈദ്യുത പദ്ധതി.

ഇവ നടപ്പാക്കുന്നതിന് വേണ്ടതു ചെയ്യണം.

4. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കണം.

5. ഇനിയും വൈദ്യുതി എത്താത്തിടങ്ങളിൽ വൈദ്യുതി എത്തിക്കുക.

6. മക്കുവള്ളി മനയത്തടം കൈതപ്പാറ പോലുള്ള പ്രദേശങ്ങളിൽ അനെർട്ടിന്റെ സഹായത്തോടുകൂടി സൗരോർജ്ജം ഉപയോഗപ്പെടുത്തിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക.

7. ആവശ്യമായ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റിടുക.

8. വഴിവിളക്ക് പദ്ധതികളുടെ നടത്തിപ്പ് പഞ്ചായത്തു വഴിയാക്കുക.

9. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരിചയപ്പെടുത്തുന്ന അനർട്ടിന്റെ IREP ഓഫീസുകൾ പഞ്ചായത്തു തലത്തിൽ ആരംഭിക്കുക.

10. വൈദ്യുതി ബോർഡിലെ അഴിമതി അവസാനിപ്പിക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അതാതിടങ്ങളിലെ വൈദ്യുതി വിതരണ പ്രവർത്തനങ്ങളിൽ ഇടപെടുന്നതിന് അധികാരം നൽകുക.

11. ദക്ഷത കൂടിയ അടുപ്പുകൾ എല്ലാവീട്ടിലും സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. IREP യുടെ സഹായത്തോടെ ഗ്രാമതല വിദഗ്ദ്ധരെ നിയമിക്കുക. ഇതിന്റെ പ്രചാരണം പഞ്ചായത്ത് ഏറ്റെടുക്കുക.

12. ഊർജ്ജ ക്ഷമത കൂടിയ ഉപകരണങ്ങൾ മാത്രം ഉപയോഗിക്കുക. ഉദാ:- പ്രഷർ കുക്കർ, കച്ചിപ്പെട്ടി, കോംപാക്ട് ഫ്ലൂറസെന്റ് ലാംപുകൾ.

13. വൈദ്യുതി ബിൽ അടയ്ക്കുന്നതിന് പഞ്ചായത്തിൽ സൗകര്യമുണ്ടാക്കണം.

# C. മാർക്കറ്റ്

കാർഷികമേഖലയ്ക്ക് പ്രധാന്യമുള്ളതാണ് ഇടുക്കി-കഞ്ഞിക്കുഴി പഞ്ചായത്ത്. പ്രാധാനമായും നാണ്യവിളകളാണ് ഇവിടെ ഉത്പാദിപ്പിക്കുന്നത്. കറുത്തപൊന്ന് എന്നറിയപ്പെടുന്ന കുരുമുളകു കൃഷിക്ക് ഒരശനിപാതം പോലെ ബാധിച്ച ധ്രുതവാട്ടത്തിന്റെ ഭീഷണിയിൽ നിന്നും അതേല്പ്പിച്ച സാമ്പത്തീകാഘാതത്തിൽ നിന്നും ജനങ്ങൾ മോചനം നേടി വരുന്നതേയുള്ളു. അടക്ക, കുരുമുളക്, റബ്ബർ തുടങ്ങിയ നാണ്യ വിളകളും ഇഞ്ചി, ഏലം, മഞ്ഞൾ, ഗ്രാമ്പു, ജാതി തുടങ്ങിയ സുഗന്ധ ദ്രവ്യങ്ങളും തേങ്ങ, കപ്പ, നേന്ത്രവാഴ തുടങ്ങിയ ഭഷ്യവിളകളും നമ്മുടെ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. തങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില കിട്ടുക എന്നത് ഏതൊരു കർഷകന്റെയും സ്വപ്നമാണ്. ഈ ആവശ്യം മുൻനിർത്തിക്കൊണ്ടുള്ള നിർദ്ദേശങ്ങളാണ് പ്രധാനമായും ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ളത്.

നിലവിൽ പഞ്ചായത്തിൽ ഒരിടത്തും പൊതു മാർക്കറ്റുകൾ ഇല്ല. കാർഷികോല്പ്പന്നങ്ങളുടെ സംഭരണവും വിപണനവും സ്വകാര്യ വ്യക്തികളെ ആശ്രയിച്ചാണ് കൂടുതലും നിലനിൽക്കുന്നത്. ഇടുക്കി ജനറൽ മാർക്കറ്റിംഗ് സഹകരണസംഘം, കഞ്ഞിക്കുഴി ജനറൽ മാർക്കറ്റിംഗ് സഹകരണസംഘം തുടങ്ങിയവ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും റബ്ബർ സംഭരണം മാത്രമേ പ്രധാനമായും നടക്കുന്നുള്ളൂ. മറ്റ് കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുകയും മേൽപ്പറഞ്ഞ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും സുതാര്യമാക്കുകയും ചെയ്യേണ്ടതാണ്. പ്രവർത്തനമില്ലാത്ത മാർക്കറ്റിംഗ് സഹകരണസംഘങ്ങൾ പ്രവർത്തനമാരംഭിക്കുകയും പഞ്ചായത്തിന്റെ എല്ലാമേഖലകളിലുമുള്ളവയുടെ സേവനം ലഭ്യമാക്കുകയും വേണം.

കാർഷികോൽപ്പന്നങ്ങൾ വില്ക്കുന്നതുപോലെ തന്നെ നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനും കാര്യക്ഷമമായ ഒരു മാർക്കറ്റ് ആവശ്യമാണ്. ആഴ്ച ചന്തയുടെ സ്വരൂപത്തിലേയ്ക്ക് നമ്മുടെ കച്ചവട സംവിധാനം വളരണം. വെൺമണി, പഴയരിക്കണ്ടം കഞ്ഞിക്കുഴി, ചേലച്ചുവട്, കീരിത്തോട് ഇവിടങ്ങളിൽ ആഴ്ച ചന്തകളുണ്ടാവണം. നിത്യപയോഗസാധനങ്ങളുടെ വില അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അമിതലാഭം ഉണ്ടാക്കുവാനുള്ള ശ്രമം അനുവദിച്ചു കൂടാ. ഇതിനായി സഹകരണ മാവേലി സ്റ്റോറുകളും കൺസ്യൂമർ സഹകരണ സംഘങ്ങളും കീരിത്തോട്, ചേലച്ചുവട്, പഴയരിക്കണ്ടം, വെൺമണി എന്നീ പ്രദേശങ്ങളിലുണ്ടാവണം. കീരിത്തോട്ടിലെ പഞ്ചായത്തു വക സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സും, മിനി മാർക്കറ്റും ആരംഭിക്കണം.

മത്സ്യ-മാംസ വ്യാപാരം ഗുണനിലവാരമുള്ളതും കാര്യക്ഷമവുമാകേണ്ടതാണ്. ഇതിനായി പഞ്ചായത്തിന്റെ നീയന്ത്രണത്തിൽ മത്സ്യ-മാംസ മാർക്കറ്റ് തുറക്കുവാനുള്ള ശ്രമം നടത്തേണ്ടതാണ്. ശാസ്ത്രീയമായ അറവു ശാലകളും വിപണന സംവിധാനവും ഉണ്ടാക്കുകയും ആരോഗ്യ വകുപ്പധികൃതരുടെ സഹകരണത്തോടെ ഗുണനിലവാരം ഉറപ്പു വരുത്തേണ്ടതുമാണ്.

നമ്മുടെ പഞ്ചായത്തിനെ CBNP (Community Based Nutrition Programme) പദ്ധതിയിൽപ്പെടുത്തി തൊഴിൽ രഹിതരായ ജനങ്ങളെ കോർത്തിണക്കി ചുരുങ്ങിയ ചെലവിൽ മനുഷ്യ വിഭവശേഷി ലഭ്യമാക്കി തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാം. ഇതു വഴി കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുവാനും സ്ഥിരമായ വിപണി നിലനിർത്തുവാനും കഴിയുന്നു. ഇപ്രകാരം നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ കാർഷികോൽപ്പന്നങ്ങളുടെ വിപണി മുന്നിൽ കണ്ടുകൊണ്ടുള്ള കരുത്തുറ്റ വ്യവസ്ഥയോടു കൂടിയ ഒരു പഞ്ചായത്ത് വിപണന സംവിധാനം ഉണ്ടാകുന്നത് ജനകീയ ആസൂത്രണത്തിലൂടെ നമുക്ക് നേടാൻ കഴിയുന്ന ഒരു മുന്നേറ്റമായിരിക്കും.

# 5.5

# പൊതുജനാരോഗ്യം കുടിവെള്ളം

# 5.5 പൊതുജനാരോഗ്യം, കുടിവെള്ളം

## A. ആരോഗ്യം

1976-ൽ നിലവിൽ വന്ന ഇടുക്കികഞ്ഞിക്കുഴി പഞ്ചായത്തിൽ ആരോഗ്യരംഗത്ത് നിലവിലുള്ള സംവിധാനങ്ങൾ പ്രധാനമായും, സർക്കാർ മേഖലയിൽ കഞ്ഞിക്കുഴി പ്രാഥമികാരോഗ്യകേന്ദ്രവും അനുബന്ധ ഉപകേന്ദ്രങ്ങളും, ചേലച്ചുവട് ഗവ. ആയുർവ്വേദ ഡിസ്പൻസറിയും, പഴയരിക്കണ്ടം ഗവ. ഹോമിയോ ഡിസ്പൻസറിയും സ്വകാര്യമേഖലയിൽ കഞ്ഞിക്കുഴിയിലും ചേലച്ചുവട്ടിലും പ്രവർത്തിക്കുന്ന ഓരോ ചെറിയ ആശുപത്രികളും, ആയുർവ്വേദരംഗത്തുള്ള കുറേ പാരമ്പര്യ ചികിത്സകരുമാണ്. സ്പെഷ്യാലിറ്റി സൗകര്യത്തോടു കൂടിയ ഒരു സ്വകാര്യ ആശുപത്രി പണിതീർന്നിട്ടുണ്ട് എങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. വിദഗ്ധചികിത്സ ആവശ്യമായി വരുന്ന രോഗികളെക്കൂടാതെ ഗർഭിണികൾക്ക് പ്രസവാവശ്യത്തിനു പോലും അടിമാലി, പൈനാവ്, കോതമംഗലം മുതലായ സ്ഥലങ്ങളിൽ പോയി വൈദ്യസഹായം തേടേണ്ട അവസ്ഥയാണുള്ളത്.

ജനനനിരക്ക്, മരണനിരക്ക്, ശിശുമരണനിരക്ക്, മാതൃമരണനിരക്ക് എന്നിവയുടെ അടിസ്ഥാനത്തിൽ നോക്കി കാണുമ്പോൾ കഞ്ഞിക്കുഴി പഞ്ചായത്ത് ആരോഗ്യരംഗത്ത് വളരെ മുൻപിലാണ്. എന്നാൽ രോഗാതുരതയുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ നാം വളരെ പിന്നിലാണ്. ദിവസേന ശരാശരി 320 പേർ പഞ്ചായത്തിലെ വിവിധ സർക്കാർ ആശുപത്രിയിലും രണ്ടു സ്വകാര്യ ആശുപത്രിയിലുമായി ചികിത്സ തേടിയെത്തുന്നുണ്ട്. പഞ്ചായത്തിലുള്ള സ്വകാര്യ ഡിസ്പൻസറിയിലും, പഞ്ചായത്തിനു പുറത്തുള്ള ആശുപത്രികളിലും പോകുന്ന രോഗികളുടെ കൂടി സംഖ്യയാകുമ്പോൾ ഈ കണക്കെത്രയോ ഭീമമാകുന്നു.

ഔദ്യോഗിക കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ ജനനനിരക്ക് 12 ആണ്. സംസ്ഥാന ശരാശരിയേക്കാൾ വളരെ താഴ്ന്ന നിരക്കാണിത്. മരണനിരക്ക് 2.78 ആണ്. ശിശുമരണനിരക്കും മാതൃമരണനിരക്കും വളരെ താഴ്ന്നതാണ്. അംഗവൈകല്യമുള്ളവരുടെ കണക്ക് ലഭ്യമല്ല. സ്ഥായിയായ രോഗബാധിതരുടെ എണ്ണം താഴെ കൊടുക്കുന്നു.

| നമ്പർ | രോഗം | രോഗികൾ |
|---|---|---|
| 1 | രക്തസമ്മർദ്ദം | 322 |
| 2 | പ്രമേഹം | 207 |
| 3 | കാൻസർ | 3 |
| 4 | കുഷ്ഠം | 2 |
| 5 | ക്ഷയം | 72 |
| 6 | ഹൃദ്രോഗം | 14 |

പി. എച്ച്. സെന്ററിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്.

നമ്മുടെ പഞ്ചായത്തിൽ സാധാരണയായി കണ്ടുവരുന്ന പകർച്ചവ്യാധികൾ മഞ്ഞപ്പിത്തം, ടൈഫോയ്ഡ്, വയറിളക്ക രോഗങ്ങൾ, ചെങ്കണ്ണ്, ചിക്കൻപോക്സ്, ത്വക്ക് രോഗങ്ങൾ എന്നിവയാണ്. മലമ്പനിരോഗം അപൂർവ്വമായെങ്കിലും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. 1996-ൽ 6 മലമ്പനി കേസുകൾ റിപ്പോർട്ടു ചെയ്യപ്പെട്ടു എന്നാൽ ഇതുവരെ ഇവിടെ രോഗപകർച്ച നടന്നതായി അറിവില്ല. അന്യസംസ്ഥാനങ്ങളിൽ പോയി തിരികെവരുന്നവരാണ് ഇതുവരെ ഇവിടെ രോഗികളായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. കൂടാതെ 72 ക്ഷയരോഗ കേസുകളും 2 കുഷ്ഠരോഗ കേസുകളും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

മഞ്ഞപ്പിത്തം, ചിക്കൻപോക്സ്, ത്വക്രോഗങ്ങൾ (പ്രധാനമായും സ്കാബിസ്) എന്നിവ വേനൽക്കാലത്തും വയറിളക്കരോഗങ്ങൾ, ടൈഫോയ്ഡ് എന്നിവ വർഷകാലത്തുമാണ് അധികമായിക്കാണുന്നത്. താഴ്ന്ന പരിസര ശുചീകരണനിലവാരവും ശുദ്ധജലദൗർലഭ്യവുമാണ് ഈ ഉയർന്ന രോഗാതുരാവസ്ഥയ്ക്ക് കാരണങ്ങൾ.

പകർച്ചവ്യാധി നിയന്ത്രണം പ്രധാനമായും പഞ്ചായത്തേരിയായിൽ വരുന്ന ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും ചുമതലയാണ്. 227.5 ച.കി.മി. വിസ്തീർണ്ണവും 32523 ജനസംഖ്യ (ഹെൽത്ത് സർവ്വെ

96)യുമുള്ള കഞ്ഞിക്കുഴി പഞ്ചായത്തിൽ ഒരു ഹെൽത്ത് ഇൻസ്പെകെടറും 5 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുമാണ് നിലവിലുള്ളത്. തന്മൂലം പല സ്ഥലങ്ങളിൽ നിന്നും പകർച്ചവ്യാധികൾ യഥാസമയം കണ്ടെത്തുന്നതിലും പ്രതിരോധനടപടികൾ സ്വീകരിക്കുന്ന കാര്യത്തിലും വീഴ്ച വരുന്നുണ്ട്.

## നിലവിലുള്ള സംവിധാനങ്ങളും പ്രശ്നങ്ങളും

### 1.കഞ്ഞിക്കുഴി പ്രാഥമികാരോഗ്യകേന്ദ്രം

പ്രാരംഭത്തിൽ ജി. ആർ. ഡി (ഗവ. റൂറൽ ഡിസ്പൻസറി) ആയിരുന്ന സ്ഥാപനം 1990-ൽ പി. എച്ച്. സി. ആയി ഉയർത്തുകയും പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഫീൽഡു വിഭാഗം ജീവനക്കാർ ഉൾപ്പടെ 24 പേർ ഇവിടെ സ്ഥിരമായി ജോലി ചെയ്യുന്നുണ്ട്. ഇവിടെ ഡോക്ടർ സ്ഥിരമായി സേവനം അനുഷ്ഠിക്കാൻ തുടങ്ങിയിട്ട് 6 മാസം മാത്രമേ ആയിട്ടുള്ളു. ഔട്ട് പേഷ്യന്റ് വിഭാഗം മാത്രം പ്രവർത്തിക്കുന്ന ഇവിടെ ദിവസേന ശരാശരി 125 രോഗികൾ ചികിത്സ തേടി എത്തുന്നുണ്ട്. ഡോക്ടർ സ്ഥിരമായി സേവനം അനുഷ്ഠിക്കാൻ തുടങ്ങിയതിനുശേഷം ഇവിടെ വരുന്ന രോഗികളുടെ എണ്ണത്തിൽ ക്രമാനുഗതമായ വർദ്ധനവുണ്ടായിട്ടുണ്ട്. ഇവിടെയെത്തുന്ന രോഗികളുടെ സ്ഥിതിവിവരകണക്കുകൾ ചുവടെ ചേർക്കുന്നു

| വർഷം | ഇൻ പേഷ്യന്റ് എണ്ണം | ഔട്ട് പേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ പ്രതിവർഷം എണ്ണം | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്രോഗങ്ങൾ | വാതരോഗം | പകർച്ച വ്യാധികൾ | വിഷ ചികിത്സ | മറ്റുള്ളവ | ആകെ |
| 1992-93 | ഇല്ല | 35860 | 316 | 1307 | 489 | ഇല്ല | 33748 | 35860 |
| 1993-94 | " | 32317 | 284 | 1218 | 534 | " | 30281 | 32317 |
| 1994-95 | " | 37219 | 198 | 1419 | 477 | " | 35125 | 37219 |
| 1995-96 | " | 35687 | 167 | 1651 | 696 | " | 33473 | 35687 |
| Total | " | 141083 | 965 | 5595 | 1896 | ." | 132627 | 141083 |

ഓപ്പറേഷൻ തിയേറ്ററും ലബോറട്ടറിയും ലേബർ റൂമും 10 കിടക്കകളോടുകൂടിയ വാർഡുമുള്ള ഈ സ്ഥാപനത്തിൽ രോഗികളെക്കിടത്തി ചികിത്സ (ഇൻ പേഷ്യന്റെ വിഭാഗം) തുടങ്ങുകയെന്നത് ഈ പഞ്ചായത്തിലെ ആരോഗ്യരംഗത്തെ സുപ്രധാനമായ ഒരു ചുവടുവെയ്പ്പായിരിക്കും ഇതിനുള്ള ഏകപ്രതിബന്ധം ഇവിടെ ശുദ്ധജലവിതരണസംവിധാനം ഇല്ലായെന്നുള്ളതാണ്. ആശുപത്രിക്ക് സ്വന്തമായി കിണറും വെള്ളം സംഭരിച്ചിടാനുള്ള ടാങ്കും മറ്റു സൗകര്യങ്ങളുമുണ്ട് വെള്ളം പമ്പ് ചെയ്യാനുപയോഗിക്കുന്ന മോട്ടോർ സ്ഥാപിച്ചാൽ ഇവിടെ ഐ. പി. തുടങ്ങാവുന്നതാണ്. ഇതോടൊപ്പം പോരായ്മയുള്ള ഫർണീച്ചർ വാങ്ങേണ്ടതുമുണ്ട് ഇവ രണ്ടിനും കൂടി ഉദ്ദേശം 30,000 രൂപമാത്രമേ ചിലവു വരികയുള്ളു.

നമ്മുടെ ജില്ലയിൽ ഇടുക്കി ബ്ലോക്കിനുമാത്രമേ ഒരു ബ്ലോക്ക് പി. എച്ച്. സി. യോ, കമ്യൂണിറ്റി ഹെൽത്ത് സെന്ററോ ഇല്ലാതുള്ളു. അതുകൊണ്ട് ബ്ലോക്ക് പി. എച്ച്. സി വഴി നടപ്പാക്കേണ്ട പല പരിപാടികളും ഇടുക്കി ബ്ലോക്കിലെ പഞ്ചായത്തുകൾക്ക് നഷ്ടപ്പെടുന്നുണ്ട്. ഇപ്പോൾ സംയോജിത ശിശു വികസന പരിപാടി(ഐ. സി. ഡി, എസ്)യുടെ നടത്തിപ്പിൽ ഇടുക്കി ബ്ലോക്കിനെ പ്രതിനിധീകരിക്കുന്നത് കഞ്ഞിക്കുഴി പി. എച്ച്. സി ആണ്. ഈ സ്ഥിതിഗതികളെല്ലാം പരിഗണിച്ച് കഞ്ഞിക്കുഴി പി

എച്ച്. സി. യെ ഒരു ബ്ലോക്ക് പി. എച്ച്. സി ആയി ഉയർത്തിയാൽ കഞ്ഞിക്കുഴി പഞ്ചായത്തിനോടൊപ്പം ഈ ബ്ലോക്കിൽ വരുന്ന മറ്റു പഞ്ചായത്തുകൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്.

കഞ്ഞിക്കുഴി പി.എച്ച്.സി യിൽ ഒരു ഡ്രൈവറുടെ തസ്തിക നിലവിലുണ്ട് എങ്കിലും നാളിതുവരെ വാഹനം അനുവദിച്ചു കിട്ടിയിട്ടില്ല. വാഹനത്തിന്റെ അഭാവം ഈ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്.

എ. ആരോഗ്യ ഉപകേന്ദ്രങ്ങൾ:

ഈ പഞ്ചായത്തു മേഖലയിൽ ആകെ 8 ആരോഗ്യഉപകേന്ദ്രങ്ങൾ നിലവിലുണ്ട് ഇവയിൽ 5 എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്. എന്നാൽ രണ്ടെണ്ണം മാത്രമാണ് വാസയോഗ്യമായിട്ടുള്ളത്. ഒരു കേന്ദ്രത്തിൽ പോലും ജീവനക്കാർ സ്ഥിരമായി താമസിക്കുന്നില്ല. വാർഡുതലത്തിലുള്ള ആരോഗ്യസേവന പ്രവർത്തനങ്ങൾക്ക് (പ്രത്യേകിച്ച് മാതൃശിശു സംരക്ഷണവും പ്രതിരോധ ചികിത്സയും) മേൽനോട്ടം വഹിക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ട ഈ സ്ഥാപനങ്ങളുടെ ഇന്നത്തെ അവസ്ഥയിൽ മാറ്റം വരുത്തേണ്ടതനിവാര്യമാണ്.

ബി. ബേസിക് ഹെൽത്ത് സെക്ഷൻ

ഈ പഞ്ചായത്തിന്റെ 11 വാർഡുകളിലായി 5 ബേസിക് ഹെൽത്ത് സെക്ഷനും അതിനോടനുബന്ധിച്ച് 5 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും പ്രവർത്തിച്ചുവരുന്നു.

പകർച്ച വ്യാധി നിയന്ത്രണം, പൊതുജനാരോഗ്യം, കുടുംബക്ഷേമം, മറ്റ് ദേശീയാരോഗ്യപരിപാടികൾ എന്നിവ നടപ്പാക്കാൻ മുഖ്യമായും ചുമതലയുള്ള ഇവരെ പല ആവശ്യങ്ങൾക്കും പൊതുജനങ്ങൾക്ക് സമീപിക്കേണ്ടി വരുന്നുണ്ട്. എന്നാൽ ഇവർക്ക് കൃത്യമായി ഓഫീസില്ലാത്തതിനാൽ ആവശ്യസമയത്ത് ജനങ്ങൾക്ക് ഇവരുമായി ബന്ധപ്പെടുവാൻ കഴിയുന്നില്ല.

3000 ജനസംഖ്യയ്ക്ക് ഒരാൾ എന്ന ക്രമത്തിലാണ് ഇവരെ നിയമിക്കേണ്ടത് എങ്കിലും 32523 ജനസംഖ്യ (ഹെൽത്ത് സർവ്വേ 96)ക്ക് കേവലം 5 പേർ മാത്രമാണ് നിലവിലുള്ളത് ഇതുമൂലം ജനങ്ങൾക്ക് ഇവരുടെ സേവനം കൃത്യസമയത്ത് ലഭിക്കുന്നില്ല.

## 2 ഗവ. ആയുർവ്വേദ ഡിസ്പെൻസറി ചേലച്ചുവട്

ചേലച്ചുവട്ടിലുള്ള ആയുർവ്വേദ ഡിസ്പൻസറിയിൽ ഒരു ഡോക്ടർ സ്ഥിരമായി സേവനം അനുഷ്ഠിച്ചു വരുന്നു. സ്വന്തമായി കെട്ടിടമില്ല. ശരാശരി 25,000 രോഗികൾ ഓരോ വർഷവും ചികിത്സതേടി ഈസ്ഥാപനത്തിലെത്തുന്നുണ്ട്.

ഈ സ്ഥാപനത്തിൽ ചികിത്സയ്ക്കെത്തുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | ഇൻ പേഷ്യന്റ് എണ്ണം | ഔട്ട് പേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ പ്രതിവർഷം എണ്ണം | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്രോഗങ്ങൾ | വാതരോഗം | പകർച്ച വ്യാധികൾ | വിഷ ചികിത്സ | മറ്റുള്ളവ | ആകെ |
| 1992-93 | ഇല്ല | 23411 | 5627 | 9369 | 1171 | 215 | 7029 | 23411 |
| 1993-94 | " | 23672 | 6114 | 9745 | 1405 | 218 | 6190 | 23672 |
| 1994-95 | " | 26311 | 6018 | 10420 | 1539 | 216 | 8118 | 26311 |
| 1995-96 | " | 26271 | 6792 | 10818 | 815 | 298 | 7548 | 26271 |
| Total | " | 99665 | 24551 | 40352 | 4930 | 997 | 2885 | 99665 |

### ഗവ. ആയുർവ്വേദ മൊബൈൽ ഡിസ്പൻസറി

പൈനാവ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഗവ. ആയുർവ്വേദ മൊബൈൽ ഡിസ്പൻസറി മുൻകാലങ്ങളിൽ ആഴ്ചതോറും കീരിത്തോട്ടിലെത്തുമായിരുന്നു. കീരിത്തോട്ടിലെ ജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് ഒരു പരിധിവരെയെങ്കിലും ഇതൊരു പരിഹാരമായിരുന്നു. എന്നാൽ കഴിഞ്ഞ കുറേകാലങ്ങളായി ഈ യൂണീറ്റ് കീരിത്തോട്ടിലെത്തുന്നില്ല.

### 3. ഗവ. ഹോമിയോ ഡിസ്പൻസറി പഴയരിക്കണ്ടം

തികച്ചും അവികസിത മേഖലകളായ വെൺമണി, വരിക്കമുത്തൻ, തട്ടേക്കല്ല്, പഴയരിക്കണ്ടം, കുടുക്കേകണ്ടം, പൊന്നെടുത്താൻ, വടക്കേത്തൊട്ടി മുതലായ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ആശ്രയിക്കേണ്ടിവരുന്ന ഏക ആരോഗ്യസ്ഥാപനമാണ് ഇത്. വർഷം തോറും ഇവിടെ ശരാശരി 17,000 രോഗികൾ ചികിത്സതേടിയെത്തുന്നുണ്ട്.

**ചികിത്സതേടിയെത്തുന്ന രോഗികളുടെ കണക്ക് ചുവടെ ചേർക്കുന്നു**

| വർഷം | ഇൻ പേഷ്യന്റ് എണ്ണം | ഔട്ട് പേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ പ്രതിവർഷം എണ്ണം | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്രോഗങ്ങൾ | വാതരോഗം | പകർച്ച വ്യാധികൾ | വിഷ ചികിത്സ | മറ്റുള്ളവ | ആകെ |
| 1992-93 | ഇല്ല | 14709 | 2390 | 4114 | 564 | ഇല്ല | 7641 | 14709 |
| 1993-94 | ” | 20498 | 3579 | 5346 | 1108 | ” | 10465 | 20498 |
| 1994-95 | ” | 21169 | 4518 | 3742 | 909 | ” | 12000 | 21169 |
| 1995-96 | ” | 21777 | 1828 | 6143 | 764 | ” | 13242 | 21777 |
| Total | ” | 78153 | 12315 | 19345 | 3345 | ” | 43348 | 78153 |

ഇവിടെ മെഡിക്കൽ ഓഫിസർ ഉൾപ്പടെ 3 ജീവനക്കാരാണുള്ളത്. 8-ാം പദ്ധതിക്കാലത്ത് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കിയെന്നുള്ളതാണ് ഈ സ്ഥാപനത്തിന് എടുത്തു പറയത്തക്ക തരത്തിലുള്ള നേട്ടം എങ്കിലും പോരായ്മകളാണ് അധികവും. തീർത്തും അവികസിത മേഖലയായതുകൊണ്ട് ജീവനക്കാർക്ക് താമസിക്കുവാൻ വാടകയ്ക്കുപോലും വീടുകിട്ടുവാനില്ല. തിരുവനന്തപുരത്തുള്ള ഡയറക്ട്രേറ്റിൽ നിന്നുമാണ് ഇവിടുത്തേയ്ക്ക് ആവശ്യമായിവരുന്ന മരുന്നുകൾ അനുവദിച്ചുകിട്ടുന്നത്. പാഴ്സൽ സർവ്വീസ് വഴി അടിമാലിയിലെത്തുന്ന മരുന്ന് ഇവിടുത്തെ ജീവനക്കാരുടെ സ്വന്തം പണം മുടക്കിയാണ് സ്ഥാപനത്തിലെത്തിക്കുന്നത്.

### രോഗപ്രതിരോധവും മാതൃശിശു സംരക്ഷണവും

കഞ്ഞിക്കുഴി പഞ്ചായത്തിൽ ആകെ 2102 കുട്ടികൾ 5 വയസ്സിൽ താഴെ പ്രായമുള്ളവരാണ് ഇതിൽ 382 കുട്ടികൾ ഒരുവയസ്സിൽ താഴെപ്രായമുള്ളവരാണ്. ഇതിൽ 304 കുട്ടികൾ മാത്രമേ പൂർണ്ണമായും രോഗപ്രതിരോധചികിത്സ സ്വീകരിച്ചിട്ടുള്ളു. കൂടാതെ 166 ഗർഭിണികൾ ആരോഗ്യകേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

45 വയസ്സ് വരെ പ്രായമുള്ള ദമ്പതിമാരുടെ എണ്ണം ചുവടെ ചേർക്കുന്നു. (പ്രായാടിസ്ഥാനത്തിലുള്ള വിവരണം.)

| ക്രമനമ്പർ | പ്രായം | എണ്ണം |
|---|---|---|
| a. | 15 - 19 | 75 |
| b. | 20 - 24 | 478 |
| c. | 25 - 29 | 841 |
| d. | 30 - 34 | 933 |
| e. | 35 - 39 | 675 |
| f. | 40 - 44 | 487 |
| | ആകെ | 3489 |

അവലംബം E.C. സർവ്വേ96, PHC, കഞ്ഞിക്കുഴി

15-നും 45-നും ഇടയ്ക്ക് പ്രായമുള്ള ദമ്പതിമാരുടെ കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

| ക്രമനമ്പർ | കുട്ടികളുടെ എണ്ണം | ആകെ അമ്മമാർ | കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ചവർ |
|---|---|---|---|
| 1 | 1 | 569 | 550 |
| 2 | 2 | 1331 | 1148 |
| 3 | 3-ഉം അതിൽക്കൂടുതലും | 1403 | 962 |
| | ആകെ | **3303** | **2660** |

അവലംബം. EC സർവ്വേ-96, PHC കഞ്ഞിക്കുഴി

രോഗപ്രതിരോധ ചികിത്സയിൽ ഈ പഞ്ചായത്ത് പിന്നോട്ടു പോകാൻ കാരണം നിലവിലുള്ള ആരോഗ്യ ഉപകേന്ദ്രങ്ങൾ തുറന്നു പ്രവർത്തിക്കാത്തതാണ്. മാത്രവുമല്ല, കഞ്ഞിക്കുഴി പ്രാഥമികാരോഗ്യ കേന്ദ്രത്തിലും പഴയരിക്കണ്ടം ഉപകേന്ദ്രത്തിലും, കഞ്ഞിക്കുഴിയിലും തേലച്ചുവട്ടിലുമുള്ള സ്വകാര്യആശുപത്രികളിലും മാത്രമേ പ്രതിരോധ ചികിത്സാ ക്യാമ്പുകൾ നടത്തിയിരുന്നുള്ളു. ഈ അടുത്ത കാലത്തായി വെൺമണി, ചുരുളി, കീരിത്തോട് എന്നീ സ്ഥലങ്ങളിലും കൂടി പ്രതിരോധചികിത്സാ ക്യാമ്പുകൾ ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ആവശ്യമായ ഭൗതികസാഹചര്യങ്ങളില്ല. ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാർ യഥാസമയം ഭവനസന്ദർശനം നടത്തുകയോ ആവശ്യമായ ബോധവൽക്കരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയോ ചെയ്യുന്നില്ല.

## പരിസരശുചിത്വം

പരിസരശുചിത്വം പാലിക്കുന്നതിലൂടെ പ്രാണിജന്യവും ജലജന്യവുമായ രോഗങ്ങളെ പൂർണ്ണമായും തടയാവുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ ഇതിനുള്ള ഏറ്റവും നല്ല മാർഗ്ഗം ബോധവൽക്കരണമാണ്.

ഇതിൽ നിന്നും വ്യത്യസ്തമായി ടൗണുകളിലെ മാലിന്യങ്ങൾ ഒരു വലിയ പൊതുജനാരോഗ്യപ്രശ്നമായി നിലകൊള്ളുന്നു. കഞ്ഞിക്കുഴി, ചേലചുവട്, ചുരുളി, കീരിത്തോട്, കരിമണൽ എന്നിവിടങ്ങളിലെ ഓടകളിൽ കല്ലും മണ്ണും ചപ്പുചവറുകളും നിറഞ്ഞ് തടസ്സപ്പെട്ടിരിക്കുന്ന അവസ്ഥയിലാണ്. ഇവയിൽ നിറഞ്ഞുനില്ക്കുന്ന മലിനജലം ദുർഗന്ധത്തിനും ഈച്ച, കൊതുക് മുതലായവ പെറ്റുപെരുകുന്നതിനും രോഗസംക്രമണത്തിനും കാരണമാവുന്നു. ഇതു കൂടാതെ ടൗണുകളിൽ ചപ്പുചവറുകൾ പലഭാഗത്തും കുന്നുകൂടികിടക്കുകയും പഞ്ചായത്തിൽ നിന്നും സ്ഥാപിച്ചിട്ടുള്ള വെയിസ്റ്റ് ബോക്സുകൾ നിറഞ്ഞ് കവിഞ്ഞ് ദുർഗന്ധം വമിക്കുന്ന അവസ്ഥയിലുമാണ്. ഇവ നീക്കം ചെയ്യുന്നതിനോ ടൗണുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനോ നിലവിൽ യാതൊരു സംവിധാനവുമില്ല. ഇതിന് സ്ഥിരവും കുറ്റമറ്റതുമായ ഒരു സംവിധാനം ആവശ്യമാണ്.

## കക്കൂസ് നിർമ്മാണം

കഞ്ഞിക്കുഴി പഞ്ചായത്തിലെ 25%ത്തോളം വീടുകൾക്കു മാത്രമേ സുരക്ഷിതമായ (വാട്ടർ സീൽ ടൈപ്പ്) കക്കൂസുകളുള്ളു. ബാക്കി 75% വീടുകൾക്കും കക്കൂസ് നിർമ്മിക്കുകയും മുഴുവൻ ജനങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കുകയും ചെയ്താൽ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന രോഗങ്ങളിൽ 70%വും ഒഴിവാക്കാൻ കഴിയും.

കക്കൂസില്ലാത്ത 75% വീടുകളിൽ 35%ത്തിന് സ്വന്തമായി കക്കൂസ് നിർമ്മിക്കുവാനുള്ള സാമ്പത്തികാവസ്ഥ ഉള്ളവരാണ്. ഇവർ സ്വന്തമായി കക്കൂസ് നിർമ്മിക്കാത്തത് ഇക്കാര്യത്തിലുള്ള അജ്ഞതയും താല്പര്യക്കുറവും മൂലമാണ്.

## അറവുശാലകൾ

ഈ പഞ്ചായത്തിൽ ഉദ്ദേശം 16 അറവുശാലകളും വിൽപനകേന്ദ്രങ്ങളുമുണ്ട്. പലർക്കും ലൈസൻസുണ്ടെങ്കിലും നിബന്ധനകൾ പാലിക്കാറില്ല. ഭക്ഷ്യയോഗ്യമല്ലാത്ത മാംസം വിൽക്കുന്നതിലൂടെ പൊതുജനാരോഗ്യരംഗത്ത് ഭീഷണി ഉയർത്തുന്നുണ്ട്.

ഭക്ഷ്യയോഗ്യമല്ലാത്ത മൽസ്യം(പച്ചമീൻ) ഈ പഞ്ചായത്തിന്റെ പരിധിക്കുള്ളിൽ വിൽപന നടത്തിയതിനാൽ ഭക്ഷ്യവിഷബാധ ഉണ്ടായിട്ടുള്ളതായി റിപ്പോർട്ടുകളുണ്ട്.

## അനധികൃത ചികിത്സാ കേന്ദ്രങ്ങൾ

കഞ്ഞിക്കുഴി പഞ്ചായത്തിൽ അംഗീകൃതാതുരാലയങ്ങളെക്കാൾ പലമടങ്ങ് കൂടുതലാണ് വ്യാജന്മാർ വിലസുന്ന അനധികൃത ചികിത്സാകേന്ദ്രങ്ങൾ. ഇവരുടെയടുത്ത് ചികിത്സയ്ക്കെത്തുന്ന സാധാരണക്കാരെ നിരോധിച്ചമരുന്നുകളുൾപ്പടെ ആവശ്യമില്ലാത്ത പലമരുന്നുകളും അധികമാത്രയിൽ നൽകി കൊള്ളയടിക്കുന്ന അവസ്ഥാ വിശേഷം നിലവിലുണ്ട്.

## എയിഡ്സ് രോഗനിയന്ത്രണ പരിപാടി

ലോകജനതയുടെ നിലനിൽപ്പിനുതന്നെ ഭീഷണിയായിക്കൊണ്ടിരിക്കുന്ന എയിഡ്സ് എന്ന മഹാമാരിയെ മുന്നിൽകണ്ടുകൊണ്ട് നിയന്ത്രണപരിപാടികൾ ആവിഷ്ക്കരിക്കേണ്ടതാവശ്യമാണ്. നമ്മുടെ പഞ്ചായത്തിൽ എയിഡ്സ് രോഗബാധ സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട് ഫലപ്രദമായ ചികിത്സയോ പ്രതിരോധചികിത്സയോ കണ്ടുപിടിച്ചിട്ടില്ലാത്ത ഇതിനെ നിയന്ത്രിക്കാനുള്ള ഒരേ ഒരു മാർഗ്ഗം രോഗം വരാതെ ശ്രദ്ധിക്കുകമാത്രമാണ്. ഇതിന് വ്യാപകമായ ബോധവൽക്കരണ പരിപാടികൾ ആവശ്യമാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ.... സർക്കാരേതര ഏജൻസികളുമായി ബന്ധപ്പെട്ട് ഇതു സാദ്ധ്യമാക്കാവുന്നതാണ്.

## നിർദ്ദേശങ്ങൾ

1 കഞ്ഞിക്കുഴി പി. എച്ച്. സി യിൽ വെള്ളം പമ്പ് ചെയ്യുന്നതിന് ആവശ്യമായ മോട്ടർ സ്ഥാപിക്കുകയും മറ്റു ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്ത് ഇൻ പേഷ്യന്റ് വിഭാഗം ആരംഭിക്കുക.

2 കഞ്ഞിക്കുഴി പി. എച്ച്. സി. യെ ഇടുക്കി ബ്ലോക്ക് പി. എച്ച്. സി. ആയി ഉയർത്തുക.

3. കുടുക്കേകണ്ടം, പഴയരിക്കണ്ടം, ചുരുളി എന്നീ സബ്സെന്ററുകളുടെ അറ്റകുറ്റപണികൾ നടത്തുകയും പഞ്ചായത്തിലുള്ള മുഴുവൻ സബ്

സെന്ററുകളിലും വെള്ളവും വൈദ്യുതിയും എത്തിക്കുകയും ചെയ്യുക.

4. ആരോഗ്യപ്രവർത്തനം ചിട്ടപെടുത്തന്നതിന്റെ ഭാഗമായി എല്ലാ സബ്സെന്ററുകളിലും ആവശ്യമായ രജിസ്ട്രറുകളും ഫർണീച്ചറുകളും നൽകുക.

5. കഞ്ഞിക്കുഴി, പുന്നയാർ ഈസ്റ്റ് എന്നീ സബ് സെന്ററുകൾക്ക് സ്വന്തമായി കെട്ടിടം പണിയുക.

6. പഞ്ചായത്തിന്റെ വർദ്ധിച്ച വിസ്തൃതിയും ജനസംഖ്യയും കണക്കിലെടുത്ത് 7, 4, 10, 11 വാർഡുകളിൽ പുതിയ സബ്സെന്ററുകളനുവദിച്ച് ജീവനക്കാരെ നിയമിക്കുക.

7. ഉപകേന്ദ്രങ്ങളിലെ ജീവനക്കാർ ഉപകേന്ദ്രങ്ങളിൽ താമസിക്കുന്നു എന്നും അതാത് വാർഡുകളിൽ ഭവനസന്ദർശനം നടത്തുന്നു എന്നും ഉറപ്പുവരുത്തുക.

8. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് അതാത് വാർഡുകളിൽ ഓഫീസ് നൽകുകയും അവരുടെ സേവനം ജനങ്ങൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

9. ജനസംഖ്യാനുപാതികമായി കൂടുതൽ ജെ. എച്ച്. ഐ. മാരെ നിയമിക്കുക.

10. നിലവിലുള്ള ആരോഗ്യപ്രവർത്തകരേയും സന്നദ്ധസംഘടനാ പ്രവർത്തകരേയും ഉപയോഗപ്പെടുത്തി എല്ലാവർഷവും ഫാമിലി ഹെൽത്ത് സർവ്വെ നടത്തുകയും അതിന്റെ ക്രോഡീകൃത രൂപം പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക.

11. എല്ലാ ഉപകേന്ദ്രങ്ങളുടെയും (സബ്സെന്റർ) കീഴിൽ രോഗ പ്രതിരോധചികിത്സാക്യാമ്പുകൾ എല്ലാമാസവും നടത്തുക.

12. സബ്സെന്ററുകളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക

13. പരിസരശുചിത്വം പാലിക്കേണ്ടതിന്റെ ആവശ്യകതയെ മുൻനിറുത്തി മഹിളാസമാജങ്ങൾ, അംഗൻവാടികൾ, മറ്റു സന്നദ്ധസംഘടനകൾ എന്നിവവഴി ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുക.

14. ടൗൺ ശുചീകരണത്തിനായി രണ്ടു തൂപ്പുകാരെ നിയമിക്കുക.

15. പ്രധാനകേന്ദ്രങ്ങളായ കഞ്ഞിക്കുഴി ചേലച്ചുവട്, കീരിത്തോട് എന്നിവിടങ്ങളിൽ കൂടുതൽ വെയിസ്റ്റ് ബോക്സുകൾ സ്ഥാപിക്കുകയും മാലിന്യങ്ങൾ നീക്കം ചെയ്ത് നശിപ്പിക്കുന്നതിന് സ്ഥിരമായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

16. കഞ്ഞിക്കുഴി ടൗണിലെ ഓടകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും കോൺക്രീറ്റ് സ്ലാബുകളുപയോഗിച്ച് മൂടുകയും ചെയ്യുക.

17. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വീടുകൾക്ക് സ്വന്തമായി കക്കൂസ് നിർമ്മിക്കുന്നതിന് സാമ്പത്തികസഹായം നൽകുക.

18. സ്വന്തമായി കക്കൂസ് നിർമ്മിക്കുവാനുള്ള സാമ്പത്തികാവസ്ഥയുണ്ടായിട്ടും കക്കൂസ് നിർമ്മിക്കാത്തവർക്ക് ആവശ്യമായ ആരോഗ്യഅവബോധവും പ്രേരണയും ഉണ്ടാകുവാൻവേണ്ട പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുക.

19. പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മുഴുവൻ അറവുശാലകൾക്കും പൊതുജനാരോഗ്യനിയമത്തിലെ ബന്ധപ്പെട്ടവകുപ്പുകൾ പ്രാകാരം ലൈസൻസ് നിർബന്ധമാക്കുകയും വിൽക്കപ്പെടുന്ന മാംസം ഭയയോഗ്യമാണെന്ന് ബന്ധപ്പെട്ട അധികാരികൾ വഴി ഉറപുവരുത്തുകയും ചെയ്യുക.

20. കഞ്ഞിക്കുഴി, ചേലച്ചുവട്, കീരിത്തോട്, വെൺമണി എന്നിവിടങ്ങളിൽ പഞ്ചായത്തറവുശാലകൾ പണിത് പൊതുലേലത്തിൽ കൊടുക്കുക.

21. മത്സ്യവ്യാപാരത്തിന്(പച്ചമീൻ) കഞ്ഞിക്കുഴി, ചേലച്ചുവട്, മുതലായ പ്രധാനകേന്ദ്രങ്ങളിൽ കൃത്യമായ സ്ഥലം കണ്ടെത്തുകയും ടൗണുകളിലെ വഴിയോര കച്ചവടം നിരോധിക്കുകയും ചെയ്യുക.

22. സൂര്യാസ്തമനത്തിനുസേഷമുള്ള പച്ചമീൻ വ്യാപാരം പരസ്യബോർഡുകൾ സ്ഥാപിച്ചു നിരോധിക്കുക.

23. വാഹനത്തിൽ കൊണ്ടുനടന്നുള്ള മത്സ്യവ്യാപാരം നിയമാനുസൃതമാക്കുന്നതിന് ലൈസൻസ് നിർബന്ധമാക്കുക.

24. പഞ്ചായത്തു പ്രദേശത്തുള്ള ഹോട്ടലുകൾ, ബേക്കറികൾ, കൂൾബാറുകൾ, സോഡാ നിർമ്മാണയൂണീറ്റുകൾ, ഫ്ലവർമില്ലുകൾ etc. തുടങ്ങിയവക്ക് ലൈസൻസ് നിർബന്ധമാക്കുകയും കാലാകാലങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധനനടത്തുകയും ചെയ്യുന്നു.

25. D&O - Trades ന് ലൈസൻസ് നൽകുമ്പോൾ ബന്ധപ്പെട്ട ഹെൽത്ത് അധികൃതരുടെ സൈറ്റ് സർട്ടിഫിക്കറ്റും, സോഡാ നിർമ്മാണയൂണിറ്റുകൾക്ക്, ഉപയോഗിക്കുന്ന വെള്ളത്തിന്റെ ലബോറട്ടറി പരിശോധനാ റിപ്പോർട്ടും നിർബന്ധമാക്കുക.

26. ഹോട്ടൽ, ബേക്കറി, സോഡാനിർമ്മാണശാല, കോൾഡ് സ്റ്റോറേജ് മുതലായ ഭക്ഷ്യോൽപന്ന വിൽപനശാലകളിൽ ജോലിചെയ്യുന്നവർക്ക് ഹെൽത്ത് കാർഡ് സംവിധാനം ഏർപ്പെടുത്തുക.

27. ഈ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ക്ലിനിക്കുകളിലും മറ്റ് ചികിത്സാകേന്ദ്രങ്ങളിലും ചികിത്സ വിധിക്കുന്നവർ നിയമപ്രകാരം അംഗീകാരമുള്ളവരാണ് എന്ന് ഉറപ്പുവരുത്തുക.

28. വെൺമണിയിൽ നിലവിലുള്ള സബ്സെന്റർ ടി. എസ്. പി (ട്രൈബൽ സബ്പ്ലാൻ), എസ്.സി. പി (സ്പെഷ്യൽ കംപോണന്റ് പ്രോഗ്രാം) എന്നീ സ്കീമുകളിൽ പെടുത്തി പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തുക.

29. കൊമ്പു ചേലഞ്ചുവടുഭാഗത്ത് നീക്കിയിട്ടിരിക്കുന്ന സ്ഥലത്ത് പൊതു ശ്മശാനം പണിയുക.

30. ഈ പഞ്ചായത്തിലെ നിർധനരും മാറാരോഗികൾക്കുവേണ്ടി ഒരു പുനരധിവാസ കേന്ദ്രം പണിയുകയും ഈ പഞ്ചായത്ത് യാചകനിരോധന മേഖലയായി പ്രഖ്യാപിക്കുകയും ചെയ്യുക.

31. പേവിഷബാധ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അലഞ്ഞുതിരിയുന്ന നായ്കളെ പിടിച്ചു നശിപ്പിക്കാൻ ഒരു സ്ഥിരസംവിധാനം ഉണ്ടാക്കുകയും വളർത്തുനായ്കൾക്ക് നിർബന്ധിത ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യുക.

32. പേവിഷബാധയ്ക്കുള്ള ചികിത്സയായ എ. ആർ. വി (ആന്റി റാബിസ് വാക്സിൻ) കഞ്ഞിക്കുഴി പി. എച്ച്. സി യിൽ ലഭ്യമാക്കുക.

33. എയിഡ്സ് രോഗനിയന്ത്രണത്തിനായി ബോധവൽക്കരണപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക.

34. ചേലച്ചുവട്ടിലുള്ള ആയുർവ്വേദ ഡിസ്പൻസറി 30 കിടക്കകളോടുകൂടിയ ആശുപത്രിയായി ഉയർത്തുകയും സ്വന്തം കെട്ടിടം പണിയുകയും ചെയ്യുക.

35. പൈനാവ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഗവ. ആയുർവ്വേദ മൊബൈൽ ഡിസ്പെൻസറി ആഴ്ചയിൽ ഒരു ദിവസം ഈ പഞ്ചായത്തിൽ സ്ഥിരമായി എത്തിക്കുക.

36. പഴയരിക്കണ്ടം ഗവ. ഹോമിയോ ഡിസ്പൻസറിയുടെ ഭൗതീകസാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും രോഗികളെ കിടത്തിചികിത്സിക്കാവുന്ന ഒരു ആശുപത്രിയായി ഉയർത്തുകയും ചെയ്യുക.

47. ഒരു ആരോഗ്യ ഉപദേശകസമിതി (Health advisary committe) രൂപീകരിക്കുക

# B. കുടിവെള്ളം

ഇടുക്കി കഞ്ഞിക്കുഴി പഞ്ചായത്തിൽ രണ്ടാം വാർഡിൽ ഏഴുകമ്പിമുതൽ പതിനൊന്നാം വാർഡിൽ കഞ്ഞിക്കുഴി വരെയുള്ള മലയുടെ മുകൾ ഭാഗങ്ങളും ചെരിവു പ്രദേശങ്ങളും, ഏഴാം കൂപ്പ്, പകുതിപ്പാലം പ്രദേശങ്ങളും ചേലച്ചുവട് പെരിയാർവാലി, കട്ടിംഗ് ചെമ്പകപ്പാറ പ്രദേശങ്ങളും, അമ്പലക്കവല, പഴയരി ക്കണ്ടം കുരിശു പാറ, വടക്കേത്തൊട്ടി, തട്ടേക്കണ്ണി, ആൽപ്പാറ, മണിപ്പാറ പ്രദേശങ്ങളും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന മേഖലകളാണ്. ഈമേഖലകളിൽ വർഷകാലത്ത്പോലും കുടിവെള്ള ക്ഷാമം അനുഭവപെടുന്ന പ്രദേശങ്ങളും ഉൾപ്പെടുന്നു. പഞ്ചായത്തിലെ വിവിധമേഖലകളിൽതാമസിക്കകന്ന ജനങ്ങൾ കിണറുകൾ, ചെറിയ നിരുറവകൾ തുടങ്ങി യവയിൽ നിന്നുമാണ് ജലം ശേഖരിക്കുന്നത് ഇവ യൊന്നും തന്നെ വേണ്ട രീതിയിൽ സംരക്ഷി ക്കപ്പെടാത്തത് കൊണ്ടാണ് പകർച്ച വ്യാധികളും മറ്റും പകർന്ന് പിടിക്കുന്നത്.

നമ്മുടെ പഞ്ചായത്തിൽ എൻ.ഈ.എസ്. ബ്ലോക്കുകൾ വഴിയും പഞ്ചായത്ത് നേരിട്ടും 40-ഓ ളം കിണറുകൾ കുഴിച്ചിട്ടുണ്ട്. എന്നാൽ ഇവയിൽ പലതും വരൾച്ചസമയത്ത് വറ്റിപോകുന്നവയാണ്. കൂടാതെ പൈപ്പുകൾ വഴി ശുദ്ധജല വിതരണം നട ത്തുന്ന പദ്ധതികൾ, ചേലച്ചുവട്, കീരിത്തോട്, 5 സെന്റ്, 4 സെൻെ കോളനികൾ, കഞ്ഞിക്കുഴി മൂന്നേ ക്കർ കോളനി, മഴുവടി ട്രൈബൽ കോളനി എന്നിവിട ങ്ങളിലായി ഉണ്ട്. ഇവയിൽ പലതും അറ്റകുറ്റ പണി കൾ നടത്താത്തതുകൊണ്ടും മറ്റ് സാങ്കേതിക കാരണങ്ങളാലും ജനങ്ങൾക്ക് വേണ്ട രീതിയിൽ ഉപ യോഗപ്രദമല്ല

പഞ്ചായത്തിൽ കീരിത്തോട്ടിൽ രണ്ടും കട്ടിംഗ്, തള്ളക്കാനം, വട്ടോം പാറ, ഏഴുകമ്പിസ്കൂൾ എന്നിവ ടങ്ങളിലും കുഴൽകിണറുകൾ കുഴിച്ചിട്ടുണ്ട് സംരക്ഷിക്കപെടാത്തതിനാൽ ഇവയിൽ പലതും ഉപയോഗപ്രദമല്ല.

## പ്രശ്നങ്ങൾ

1. കുന്നിൻ പ്രദേശങ്ങളിൽ താമസിക്കുന്ന വർക്ക് വർഷത്തിൽ ഏറിയസമയവും ജലക്ഷാമം അനുഭവപെടുന്നു.
2. കുന്നിൻ പ്രദേശങ്ങളിൽ ഉറവ ജലത്തിന്റെ ലഭ്യതകുറവ്
3. പൊതുകിണർ കുഴിക്കുന്നതിലെ ആസൂത്ര ണമില്ലായ്മ.
4. മണ്ണിനടിയിൽ പാറകൾപലസ്ഥലങ്ങളിലും കാണപെടുന്നതിനാൽ കിണർകുഴിക്കുന്ന തിനുള്ള ബുദ്ധിമുട്ട്.
5. കുഴൽ കുണറുകൾ പ്രതീക്ഷയ്ക്കൊത്ത് പ്രവർ ത്തിക്കുന്നില്ല
6. പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ഡ്രില്ലിംഗ് മെഷിൻ എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ട് .
7. ശാസ്ത്രീയരീതിയിൽ പരിരക്ഷിക്കാത്തതി നാൽ വർഷകാലത്ത് കുന്നിൻ മുകലിലുള്ള നീരുറവ കളും മറ്റു ജലസ്രോതസുകളും മലിനമാക്ക പ്പെടുന്നു .
8. പൈപ്പുവഴിയുള്ള ജലം വേണ്ടരീതിയിൽ ലഭിക്കുന്നില്ല . അറ്റകുറ്റപണി കൾ നടത്തുന്നില്ല.
9. ശുദ്ധജലം സംരക്ഷിക്കെണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങൾക്ക് വേണ്ടരീതിയിൽ അവബോധം ഇല്ലാത്തതിനാൽ പൈപ്പ്വെള്ള വും മറ്റും കന്നുകാലികളെ കുളിപ്പിക്കുന്നതിനും ചെടികൾ, വൃക്ഷങ്ങൾ ഇവ നനയ്ക്കുന്നതി നും ആവശ്യമില്ലാതെ ഒഴുക്കികളയുന്നതിനും ഇടയാക്കുന്നു.
10. വൈദ്യുതിയുടെ അപര്യാപ്തതമൂലം പല പദ്ധതികളും വേണ്ട രീതിയിൽ പ്രവർത്തി ക്കുന്നില്ല
11. വർഷകാലങ്ങളിൽ സുലഭമായ പെയ്ത്ത് വെള്ളം ഭൂമിയിൽ കിനിഞ്ഞിറങ്ങുന്നതിനുള്ള സൗകര്യമില്ലായ്മ നീരുറവകളെ ബാധിക്കുന്നു.

## നിർദ്ദേശങ്ങൾ

1. നിർദ്ദിഷ്ട ഏഴുകമ്പി കഞ്ഞിക്കുഴി ടൗൺ ജല വിതരണ പദ്ധതി എത്രയും വേഗം നടപ്പാക്കിയാൽ 2,4,6,11 വാർഡുകളിലെ 500-ൽ പരം കുടും ബങ്ങൾക്ക് പ്രയോജനപ്പെടും.

2. കഞ്ഞിക്കുഴി ടൗൺ പരിസരത്ത് കുളം കുഴിച്ച് പുന്നയാർമലയിൽ ടാങ്ക് പണിത് വെള്ളം എത്തിച്ചാൽ 7, 6,11 വാർഡുകളിലെ 500-ൽ പരം കുടുംബങ്ങൾക്ക് പ്രയോജനപെടും.

3. 3-ാം വാർഡിൽ മുതുകാട്ടിൽ ജോസഫിന്റെ സ്ഥലത്ത് കുളം കുഴിച്ച് പകുതിപ്പാലം പ്രദേശത്തെ 140-ഓളം കുടുംബങ്ങൾക്ക് പ്രയോജനപ്പെടുത്താം.

4. 4-ാം വാർഡിൽ കരിപ്പുകാട്ടിൽ പുരയിടത്തിൽ കുളം കുഴിച്ചാൽ ചേലച്ചുവട് പെരിയാർവാലി പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

5. 4-ാം വാർഡിൽ പുലിപ്പാറ പുരയിടത്തിൽ കുളം കുഴിച്ച് ചെമ്പകപ്പാറ, കത്തിപാറ നാലുകമ്പി പ്പള്ളി പ്രദേശങ്ങളിലെ 150-ൽ പരം കുടും ബങ്ങൾക്ക് പ്രയോജനപ്പെടും.

6. 7-ാം വാർഡിൽ നിലവിലുള്ള ജല വിതരണ പദ്ധതി വിപുലികരിച്ച് മഴുവടി അമ്പലക്കവല റോഡി ലൂടെ ഒരുകിലോമീറ്റർ നീട്ടുകയും ഹൗസ്കണക്ഷൻ നൽകുകയും ചെയ്താൽ നൂറിൽ പരം കുടുംബങ്ങൾക്ക് പ്രയോജനപ്പെടും. അതെ ലൈനിൽ തന്നെ മൂന്നേക്കർ കോളനിമലയിൽ നൂറ്റമ്പതുമീറ്റർ വീതം വശങ്ങളിലേക്ക് പൈപ്പ്ലൈൻനീട്ടി ഹൗസ്കണക്ഷൻ നൽകിയാൽ 35-ൽപരം കുടംബങ്ങൾക്ക് പ്രയോജനപ്പെടും.

7. കീരിത്തോട്, ഏഴാംകുപ്പ്, ശുദ്ധജല വിതരണ പദ്ധതി ഏറ്റവും വേഗം നടപ്പാക്കുക.

8. 11-ാം വാർഡിൽ ഇറകുത്തിയിൽ പുരയിടത്തിൽ നിലവിലുള്ള കുളത്തിൽ നിന്നും പുന്നയാർ മലയിൽ ടാങ്ക് നിർമ്മിച്ച് ജലമെത്തിച്ചാൽ 7,11, 1 വാർഡുകളിലെ കുരിശുമല, പുന്നയാർ, വട്ടോംമ്പാറ, പ്രഭസിറ്റി പ്രദേശങ്ങളിലെ മുന്നുറിൽ പരം കുടുംബങ്ങൾക്ക് പ്രയോജനപെടും.

9. ആൽപ്പാറ-മണിപ്പാറ ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കുക

10. 1-ാം വാർഡിലെ കുടുക്കാകണ്ടം കുളബക്കര കുട്ടപ്പന്റെ പുരയിടത്തിൽ നിലവിലുള്ള കുളം വികസിപ്പിച്ച് ഉയർന്നപ്രദേശത്ത് ടാങ്ക് നിർമ്മിച്ച് ജലമെത്തിച്ചാൽ കുടുക്കാക്കണ്ടം വടക്കെത്തൊട്ടി പ്രദേശങ്ങളിലെ നൂറിലധികം കുടുംബങ്ങൾക്ക് പ്രയോജനപെടും

11. 8-ാം വാർഡിൽ തുരുത്തേൽ ശ്രീധരന്റെ പുരയിടത്തിൽ കുളം നിർമ്മിച്ച് കുരിശ് മലയിൽ ടാങ്ക് നിർമ്മിച്ച് ജലം എത്തിച്ചാൽ തട്ടേക്കല്ല് പൊന്നരത്താൻ കുറിഞ്ഞികവല വരകുളം എന്നിവിടങ്ങളിലെ നാനുറിൽപ്പരം കുടുംബങ്ങൾക്ക് പ്രയോജനപെടും.

12. 4-ാം വാർഡിൽ ദീപ്തി ഇംഗ്ലീഷ്സ്കൂൾ പരിസരത്ത് കുളം നിർമ്മിച്ച് പള്ളിക്കുന്ന് ഗാന്ധിഗ്രാം ഭാഗത്ത് ശുദ്ധജലം എത്തിക്കുക

13. 9-ാം വാർഡിൽ അംമ്പേദ്ക്കർ കോളനിയുടെ ഭാഗമായി അനുവദിച്ചിട്ടുള്ളതും പണിതീർത്ത് കിടക്കുന്നതുമായ കുളവും പമ്പ് ഹൗസും പ്രവർത്തന ക്ഷമമാക്കിയാൽ വിയറ്റ്നാം, ഉരുളിക്കൽ, അയ്യപ്പൻ പാറ, ബാലനാട്, പത്താം വാർഡിലെ ഇഞ്ചപ്പാറ, വെണ്മണി പ്രദേശങ്ങളിലെ 500-ൽ പരം കുടുംബങ്ങൾക്ക് പ്രയോജനപെടും

14. 2-ാം വാർഡിൽ പുന്നയാർ നിരപ്പേൽ സിറ്റിയിൽ പഴയവീട്ടിൽ ശമുവലിന്റെ പുരയിടത്തിൽ കുളം കുഴിച്ച് ആറാം കൂപ്പ് റോഡ് സൈഡിൽ ടാങ്ക് പണിത് പുന്നയാർ ഐ.എച്ച്. ഡി. പി. കോളനി പാമ്പളത്തണ്ട് ഭാഗങ്ങളിലെ 150-ൽ പരം കുടുംബങ്ങൾക്ക് പ്രയോജനപെടുത്താം

15. 3-ാം വാർഡിൽ ചാലിൽതാഴെ പാറുക്കുട്ടിയുടെ പുരയിടത്തിൽ കുളം കുഴിച്ച് 6-ാംകൂപ്പ് റോഡ് സൈഡിൽ ടാങ്ക് പണിത് അംബേഡ്ക്കർകോളനിയിൽ കുടിവെള്ളം എത്തിക്കാം

16. 2-ാം വാർഡിൽ വാറ്റ് കാട്ടിൽ ചാക്കോയുടെ പുരയിടത്തിൽ നിലവിലുള്ള കുളം വിപുലീകരിച്ച് തണ്ട് ഭാഗത്ത് ടാങ്ക് നിർമ്മിച്ച് പുന്നയാർ വിജയൻ സിറ്റി ഭാഗത്ത് 100-ൽപരം കുടുംബങ്ങൾക്ക് പ്രയോജനപെടുത്താം

17. 4-ാം വാർഡിൽ ഏഴുകമ്പി അരിമാലിൽ പുരയിടത്തിന് സമീപം കുളം കുഴിച്ച് കൊച്ചുചേലച്ചുവട് എടയ്ക്കാട് ഭാഗത്ത് യന്ത്രസഹായമില്ലാതെ തന്നെ ശുദ്ധജലം എത്തിക്കാൻകഴിയും

18. 11-ാം വാർഡിൽ നങ്കിസ്കൂളിന് സമീപം കുഴൽകിണർ നിർമ്മിച്ച് വെള്ളം പമ്പ് ചെയ്താൽ 100-ൽപരം കുടുംബങ്ങൾക്ക് പ്രയോജനപെടുത്താം

19. കീരിത്തോട് കുഴൽ കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് പകുതിപ്പാലം ഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാനുള്ള നിർദ്ദിഷ്ടപദ്ധതി നടപ്പാക്കുക

20. കീരിത്തോട് പെരിയാർവാലി ഭാഗത്ത് കുടിവെള്ളമെത്തിക്കാൻ പദ്ധതിവേണം

21. ഉമ്മൻചാണ്ടി ട്രൈബൽ കോളനി സ്കീം വിപുലപ്പെടുത്തിയാൽ 7-ാം വാർഡിലെ 40-ൽപരം കുടുംബങ്ങൾക്ക് പ്രയോജനപെടുത്താം

22. വട്ടോംപറയിലും പിള്ളസിറ്റിയിലും ഓരോകുഴൽ കിണർ നിർമ്മിക്കുക

23. പഞ്ചായത്തിലെ വാട്ടർഅതോറിറ്റി പമ്പ് ഹൗസ് ഓപ്പറേറ്റർമാരുടെ നിയന്ത്രണം പഞ്ചായത്തുകൾക്ക് നൽകുകയും ഒഴിവുകളിൽ താൽക്കാലിക നിയമനം നടത്തുവാൻ അധികാരം നൽകുകയും ചെയ്യുക

24. കീരിത്തോട് കോളനിയിലുള്ള വാട്ടർ അതോറിറ്റിവക വാട്ടർസപ്ലേസ്കീം ഡബിൾ കട്ടിംഗ് ഭാഗ ത്തേക്ക് പൈപ്പ് നീട്ടി വിപുലീകരിക്കണം.

25. പെരിയാറ്റിൽ നിന്നും കഞ്ഞിക്കുഴി പുന്നയാർ മലയുടെ മുകളിലേക്ക് വെള്ളം പമ്പ് ചെയ്ത് പഞ്ചായത്തിലെ പ്രധാനമേഖലകളിൽ കുടിവെള്ളം എത്തിക്കുവാനുള്ള വലിയ പദ്ധതി ലോക ബാങ്ക് സഹായത്തോടെ നടപ്പാക്കണം.

# 5.6

# വിദ്യാഭ്യാസം

# 5.6 വിദ്യാഭ്യാസം

കുടിയേറ്റങ്ങളുടെയും കുടിയിറക്കലിന്റെയും കുടിയിരുത്തലുകളുടെയും കഥയാണ് ഇടുക്കി- കഞ്ഞിക്കുഴി പഞ്ചായത്തിന്റെ ചരിത്രം. വീടുവയ്ക്കാനും കൃഷി ചെയ്യാനും സ്വന്തമായി മണ്ണുലഭിച്ച ആളുകൾ പിന്നീട് വിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തിച്ചു തുടങ്ങി. ഉൽപതിഷ്ണുക്കളായ ആളുകൾ പുറം നാടുകളിൽ നിന്നും നിലത്തെഴുത്താശാൻമാരെ ക്ഷണിച്ചു വരുത്തി നിലത്തെഴുത്താശാൻ കളരികൾ ആരംഭിച്ചതോടെയാണ് ഇവിടുത്തെ വിദ്യാഭ്യാസം തുടങ്ങുന്നത്. വിദ്യാസമ്പന്നരായ ചെറുപ്പക്കാരുടെ ശ്രമഫലമായി ആരംഭിച്ച പ്രൈമറി വിദ്യാലയങ്ങൾ പിന്നീടുണ്ടായി. 1970–1971 കാലഘട്ടത്തിൽ എബ്രഹാം വെട്ടിക്കുഴിയിൽ, ത്രസ്യാമ്മ മറ്റക്കര തുണ്ടിയിൽ, തുടങ്ങിയവരുടെ നേതൃത്വത്തിൽ ആൽപാറയിലും ശശീന്ദ്രൻ, ഗോപി കളയ്ക്കാട്ട്, റ്റി. ജെ. സാം കുഞ്ഞ്, കൃഷ്ണമ്മ, എ.റ്റി. ജോർജ്ജ് എംപ്രയിൽ, കെ.എം. ജോസഫ് പനന്താനം, കെ.എസ്. സെബാസ്റ്റ്യൻ, ടി.എ. ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ നങ്കിയിലും നിരപ്പേൽ രാമകൃഷ്ണന്റെ നേതൃത്വത്തിൽ കഞ്ഞിക്കുഴിയിലും പുളിമൂട്ടിൽ ജോസ്, പി.ഡി. ശോശാമ്മ എന്നിവരുടെ നേതൃത്വത്തിൽ ചേലച്ചുവട്ടിലും ആരംഭിച്ച വിദ്യാലയങ്ങൾ ഇതിനുദാഹരണങ്ങളാണ്. ജാതിമത ഭേതമന്യേ ഏവരുടെയും പ്രോത്സാഹനവും സഹകരണവും ഈ പ്രവർത്തനങ്ങൾക്കുണ്ടായി.

ഈ ഗ്രാമവാസികളുടെ നിരന്തരമായ പ്രവർത്തനങ്ങളുടെയും നിവേദനങ്ങളുടെയും ഫലമായി 1973-ൽ ഒരേ സർക്കാർ ഉത്തരവിൻ പ്രകാരം ആൽപ്പാറ, ചേലച്ചുവട്, കഞ്ഞിക്കുഴി എന്നിവിടങ്ങളിൽ പ്രൈമറി സ്കൂളുകൾ ആരംഭിച്ചു. തുടർന്ന് കീരിത്തോട്ടിലും ഒരു L.P. സ്കൂൾ ആരംഭിക്കുകയുണ്ടായി. ഈ സ്കൂളുകളുടെ ആരംഭത്തോടെയാണ് ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്ത് ശ്രദ്ധേയമായ മാറ്റങ്ങൾ ഉണ്ടായി തുടങ്ങിയത്. 1975 ജൂൺ അഞ്ചിന് ഇടുക്കി പദ്ധതിക്കുവേണ്ടി കുടിയിറക്കപ്പെട്ട വൈരമണിയിൽ നിലവിലുണ്ടായിരുന്ന ഏക സർക്കാർ പ്രൈമറി വിദ്യാലയം നങ്കിയിൽ സ്ഥാപിച്ചു. ഇതാണ് പഞ്ചായത്തിലെ പൂർണ്ണമായ ആദ്യത്തെ ലോവർ പ്രൈമറി സ്കൂൾ. ഈ വിദ്യാലയങ്ങൾക്കാവശ്യമായ താൽക്കാലിക കെട്ടിടങ്ങൾ, ഉപകരണങ്ങൾ, മറ്റു സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിൽ ഇന്നാട്ടുകാർ കാണിച്ച ഔൽസുക്യം പ്രശംസനീയമാണ്. ആദ്യകാലത്ത് ജനങ്ങൾ പൊതുസ്ഥാപനങ്ങളോട് കാട്ടിയിരുന്ന ഈ താൽപര്യം ഇന്നു നമുക്ക് അന്യമായിരിക്കുന്നു. പിന്നീട് വെണ്മണിയിൽ S.N.D.P. മാനേജ്മെന്റിലും, മഴുവടിയിൽ പ്രമുഖ സ്വാതന്ത്ര്യസമര സേനാനിയായിരുന്ന സത്യൻജി സ്വാമിയുടെ മാനേജ്മെന്റിലും, S.N.D.P. മാനേജ്മെന്റിൻ കീഴിൽ മക്കുവള്ളിയിലും ഓരോ എയ്ഡഡ് പ്രൈമറി സ്കൂളുകൾ ആരംഭിച്ചു.

1979-ൽ എസ്.എൻ.ഡി.പി. മാനേജ്മെന്റിൻ കീഴിൽ നങ്കിസിറ്റിയിലും, ചുരുളിയിലും ഓരോ യു.പി. സ്കൂളുകൾ ആരംഭിച്ചു. 1981-ൽ ആൽപ്പാറ ഗവ. എൽ.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്ത് യു.പി. സ്കൂളായി ഉയർത്തി. 1979-ൽ കഞ്ഞിക്കുഴിയിൽ ആരംഭിച്ച സെന്റ്. മേരീസ് യു.പി. സ്കൂൾ, വെണ്മണിയിൽ ആരംഭിച്ച സെന്റ്. ജോർജ്ജ് യു.പി. സ്കൂൾ എന്നിവയാണ് മറ്റു രണ്ട് യു.പി. സ്കൂളുകൾ.

1981-ൽ പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ കഞ്ഞിക്കുഴിയിൽ ആരംഭിച്ചു. ആദ്യകാലത്ത് ഉയർന്ന നിലവാരം പുലർത്താൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ എയ്ഡഡ് മേഖലയിൽ സ്കൂളുകൾ ആരംഭിച്ചതോടുകൂടി കുട്ടികളുടെ എണ്ണം ക്രമേണ കുറഞ്ഞുവരികയും പഠനനിലവാരം മോശമാവുകയും ചെയ്തു. 1982-ൽ ആരംഭിച്ച എസ്.എൻ.എച്ച്.എസ്സ്. ആണ് മറ്റൊരു ഹൈസ്കൂൾ. പഞ്ചായത്തിൽ ഏറ്റവും അധികം കുട്ടികൾ പഠിക്കുന്ന ഹൈസ്കൂളാണിത്. ശരാശരി നിലവാരം പുലർത്താൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട് സെന്റ്. തോമസ് ഹൈസ്ക്കൂൾ പുന്നയാർ ആണ് പഞ്ചായത്തിലെ മറ്റൊരു ഹൈസ്കൂൾ. പഠനനിലവാരത്തിൽ ഈ സ്കൂളും നല്ല നിലവാരം പുലർത്തുന്നു.

227.51 ച.കി.മി. വിസ്തൃതിയുള്ള ഈ പഞ്ചായത്തിലെ മൂന്നു ഹൈസ്കൂളുകളും മൂന്ന് കിലോമീറ്ററിനുള്ളിലാണ് സ്ഥിതിചെയ്യുന്നത് സമഗ്രമായ സർവ്വേയുടെ അടിസ്ഥാനത്തിലല്ലാതെ സ്കൂളുകൾ അനുവദിച്ചതുകൊണ്ട് ബഹുഭൂരിപക്ഷം വരുന്ന കുട്ടികളും ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ഏറെ

ബുദ്ധിമുട്ടുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിതരണത്തിലുണ്ടായ ഗുരുതരമായ അപാകത പരിഹരിക്കപ്പെടണം. വിവിധ വിദ്യാഭ്യാസ ഏജൻസികൾ മത്സരബുദ്ധിയോടെ വിദ്യാലയങ്ങൾ തുടങ്ങിയത് കഞ്ഞിക്കുഴിയുടെ വിദ്യാഭ്യാസമേഖലയിൽ ഏറെ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഈ മത്സരബുദ്ധി സമൂഹത്തിൽ വിഭാഗീയ ചിന്തയ്ക്ക് വഴിതെളിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കണം. സർക്കാർ വിദ്യാലയങ്ങളെ സ്വന്തം സ്ഥാപനമായി കരുതി പരിപാലിച്ചിരുന്ന ഇന്നാട്ടിലെ ജനങ്ങളിൽ ഉണ്ടായിട്ടുള്ള താൽപര്യകുറവ് ഈ സ്ഥാപനങ്ങളുടെ അധഃപതനത്തിന് കാരണമായിട്ടുണ്ട്.

1995-ൽ കഞ്ഞിക്കുഴിയിൽ എസ്.എൻ. മാനേജ്മെന്റിൽ ആരംഭിച്ച എസ്.എൻ വൊക്കക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഒഴിവാക്കിയാൽ മറ്റ് ഉന്നത വിദ്യാഭ്യാസസൗകര്യങ്ങൾ പഞ്ചായത്തിൽ ഇല്ലെന്ന് തന്നെ പറയാം മൂന്ന് ഹൈസ്കൂളുകളിൽ നിന്നായി ഓരോ വർഷവും പുറത്തുവരുന്ന വിദ്യാർത്ഥികൾ കോളേജ് വിദ്യാഭ്യാസത്തിനായി ആശ്രയിക്കുന്നത് വിദൂര ദേശത്ത് സ്ഥിതിചെയ്യുന്ന മൂരിക്കാശ്ശേരി പാവനാത്മാ കോളേജും മൂലമറ്റം സെ: ജോസഫ്സ് കോളേജും കട്ടപ്പന ഗവൺമെന്റ് കോളേജുമാണ്. അവിടേയും വളരെ കുറച്ച് വിദ്യാർത്ഥികൾക്കുമാത്രമെ പ്രവേശനം ലഭിക്കുന്നുള്ളു. മറ്റുള്ളവർ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളെ അഭയം പ്രാപിക്കുന്നു. പാരലൽ കോളേജുകളുടെ ഈ രംഗത്തുള്ള പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്.

ഉന്നത വിദ്യാഭ്യാസത്തിനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും വേണ്ട സ്ഥാപനങ്ങൾ അടിയന്തിരമായും പഞ്ചായത്തിൽ ആരംഭിക്കണം. ഇടത്തരം ദരിദ്ര കർഷകരും കർഷക തൊഴിലാളികളും അധിവസിക്കുന്ന ഈ പഞ്ചായത്തിലെ വളരെയധികം പേർക്കും ഇംഗ്ലീഷ് മീഡിയം സ്കൂളുകളോട് പ്രതിപത്തി വർദ്ധിച്ചുവരുന്നതായി കാണാം. ഇംഗ്ലീഷ് ഭാഷയോടുള്ള അന്ധമായ ആഭിമുഖ്യമാണ്, ഈ പ്രവണതക്കു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. അംഗീകൃത ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളൊന്നും ഈ പഞ്ചായത്തിലില്ല. അംഗീകാരമില്ലാത്ത രണ്ട് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലായി ധാരാളം കുട്ടികൾ പഠിക്കുന്നു.

അംഗീകാരമില്ലാത്ത 8 L.P. സ്കൂളുകളും ഒരു U.P. സ്കൂളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. എന്നാൽ ഭൂരിപക്ഷം അദ്ധ്യാപകരും അദ്ധ്യാപന പരിശീലനം നേടാത്തവരാണ്. അദ്ധ്യാപകർക്കുള്ള വേതനവും പരിമിതമാണ്. പൊതു ധാരയിൽ നിന്നും വേറിട്ടു നിൽക്കുന്ന ഇത്തരം സ്ഥാപനങ്ങൾ കുട്ടികളുടെ സർവതോമുഖമായ വികസനത്തിനുതകുന്ന വിദ്യാഭ്യാസലക്ഷ്യങ്ങൾ നേടുന്നതിൽ പരാജയപ്പെടുന്നു.

ഈ ഗ്രാമത്തിലെ വിദ്യാഭ്യാസത്തിനു ഹരിശ്രീ കുറിച്ചത് ആശാൻ കളരികളാണ്. പഴയരിക്കണ്ടം, ചുരുളിനടു സിറ്റി എന്നിവിടങ്ങളിൽ ആദ്യകാലങ്ങളിൽ നടത്തിയിരുന്ന ആശാൻ കളരികൾ ഇതിനുദാഹരണങ്ങളാണ്. പഞ്ചായത്തിൽ 26 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയുടെയെല്ലാം പ്രവർത്തനം തൃപ്തികരമാണെന്നു പറയാൻ നിവൃത്തിയില്ല. ഭൗതികസാഹചര്യങ്ങളുടെ അഭാവം, സേവനവേതന വ്യവസ്ഥകളിലെ അപര്യാപ്തത, മോണിറ്ററിംഗിന്റെ അഭാവം ഇവയൊക്കെ ഇതിനു കാരണങ്ങളാണ്.

അദ്ധ്യാപക രക്ഷാകർത്തൃസമിതിയുടെയും മാതൃസംഗമത്തിന്റെയും പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്ന വിദ്യാലയങ്ങളിൽ ഒട്ടേറെ വികസന പ്രവർത്തനങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമാണ്. ആൽപാറ ഗവ. യു.പി. സ്കൂളിലും ചേലച്ചുവട് ഗവ. എൽ.പി. സ്കൂളിലും നടന്നിട്ടുള്ള വികസന പ്രവർത്തനങ്ങൾ ഇതിനുദാഹരണങ്ങളാണ്. പഞ്ചായത്തിലെ മിക്ക വിദ്യാലയങ്ങളിലും P.T.A.യുടെയും മാതൃസംഗമത്തിന്റെയും പ്രവർത്തനങ്ങൾ ശക്തമായി വരുന്നത് ആശാവഹമായ കാര്യമാണ്.

വിദ്യാഭ്യാസരംഗത്ത് കാര്യക്ഷമമായി ഇടപെടാൻ ഗ്രാമപഞ്ചായത്ത് ശ്രമിക്കേണ്ടതാണ്. എല്ലാ വിദ്യാലയങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് സ്കൂൾ കോംപ്ലക്സുകൾ പ്രവർത്തനം ആരംഭിക്കേണ്ടതാണ്. സാക്ഷരതാപ്രവർത്തനങ്ങളും വിദ്യാഭ്യാസപ്രവർത്തനങ്ങളും ഏകീകരിച്ച് ചിട്ടപ്പെടുത്തേണ്ടതാണ്. എസ്.എസ്.എൽ.സി. വിജയശതമാനം ഉയർത്തുന്നതിനും പി.ടി.എ.യുടേയും മാതൃസംഗമത്തിന്റെയും പ്രവർത്തനം ശക്തമാക്കുന്നതിനും പഞ്ചായത്ത് നേതൃത്വം നൽകേണ്ടതാണ്.

നിലവിലുള്ള വിദ്യാലയങ്ങളിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത് കമ്മറ്റി അംഗങ്ങൾ, വിദ്യാഭ്യാസ പ്രവർത്തകർ, സന്നദ്ധസംഘടനാ പ്രതിനിധികൾ എന്നിവർ അടങ്ങിയ ഒരു സമിതി എല്ലാ വിദ്യാലയങ്ങളിലും സമയബന്ധിതമായി പരിശോധന നടത്തുകയും ആ പരിശോധനയുടെ വിവരണങ്ങൾ പഞ്ചായത്തു സമിതിയുടെ നേതൃത്വത്തിൽ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കുകയും വേണം.

പഞ്ചായത്തിലെ സ്കൂളുകളിലെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ തുക വകയിരുത്തണം. വിദ്യാഭ്യാസസെസ് ഏർപ്പെടുത്തികൊണ്ട് കൂടു തൽ വിഭവ സമാഹരണം നടത്താൻ പഞ്ചായത്തിനു കഴിയും. വിദ്യാർത്ഥികളുടെ കർമ്മോൽസുകതയെ ത്വരിതപ്പെടുത്തുന്ന തരത്തിൽ പാഠ്യേതര പ്രവർത്തന ങ്ങൾക്ക് രൂപം നൽകണം. അതുവഴി പഠനം കൂടുതൽ സജീവവും രസകരവും ആക്കാൻ കഴിയും. അദ്ധ്യാപ കരുടെ കാഴ്ചപ്പാടിലും മാറ്റങ്ങൾ വരേണ്ടതുണ്ട്. അദ്ധ്യാപനം രാഷ്ട്രസേവനം, രാഷ്ട്രസേവനം ജീവിത ലക്ഷ്യം എന്ന് വിശ്വസിച്ച് പ്രവർത്തിച്ച ഗുരുക്കന്മാരുടെ പാതയിൽ നിന്നും ഇന്നത്തെ അദ്ധ്യാപകർ വ്യതിചലി ച്ചിട്ടുണ്ടോ എന്ന് പരിശോധിക്കണം. ജില്ലാ പ്രൈമറി വിദ്യാഭ്യാസപരിപാടി ഇടുക്കി ജില്ലയിൽ നടന്നുവരുന്നു. പ്രാരംഭപ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിലും നടന്നിട്ടുണ്ട് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അക്കാഡമിക്നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ പഞ്ചായത്തിലെ സ്കൂളുകളിൽ എല്ലാവർഷവും വിജ്ഞാനോൽസവങ്ങൾ സംഘടിപ്പിക്കാറുണ്ട്.

മാതൃസംഗമങ്ങൾ, പി.ടി.എ.കൾ സ്കൂൾ വികസന സമിതികൾ സന്നദ്ധ സംഘടനകൾ മെച്ചപ്പെട്ട മൂല്യനിർണ്ണയരീതി, പാഠ്യേതരപ്രവർത്തനങ്ങൾ, ജനകീയ ഇടപെടലുകൾ എല്ലാംകൂടി ഒത്തുചേർന്നാൽ വിദ്യാഭ്യാസമേഖലയുടെ ശോച്യാവസ്ഥ പരിഹരിക്കാൻ കഴിയും. നമ്മുടെ ഗ്രാമത്തിന്റെ സാംസ്കാരികമായ ഉയർച്ചയ്ക്ക് അതു വഴിതെളിക്കും.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന അഞ്ചുവർഷത്തേയ്ക്ക് വേണ്ട വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

I (a) ഓലകെട്ടിടത്തിൽ പ്രവർത്തിക്കുന്ന G.L.P.S. നങ്കി, G.U.P.S. പഴയരിക്കണ്ടം, G.U.PS. ആൽപ്പാറ എന്നീ സ്കൂളുകൾക്ക് ആവശ്യമായ സ്ഥിരം കെട്ടിടങ്ങൾ നിർമ്മിക്കണം.

(b) ശുദ്ധജലവിതരണ സൗകര്യം ഇല്ലാത്ത സ്കൂളുകളിൽ വേണ്ടസൗകര്യങ്ങൾ ഏർപ്പെടുത്തുക.

(c) G.L.P.S. കഞ്ഞിക്കുഴിക്ക് ജനലുകളും വാതിലുകളും പിടിപ്പിക്കുകയും അറ്റകുറ്റപ്പണികൾക്ക് തുക അനുവദിക്കുകയും ചെയ്യുക.

(d) കളിസ്ഥലം ഇല്ലാത്ത വിദ്യാലയങ്ങളിൽ കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക.

(e) സ്കൂൾ വക സ്ഥലങ്ങൾക്ക് ചുറ്റുമതിൽ കെട്ടുക.

(f) എല്ലാ സ്കൂളുകളും വൈദ്യുതീകരിക്കുക.

II. (a) G.L.P.S. കീരിത്തോട്, G.L.P.S. കഞ്ഞികുഴി, S.N.L.P.S. മക്കുവള്ളി എന്നീ സ്കൂളുകൾ യു.പി. സ്കൂളുകളാക്കി ഉയർത്തണം.

(b) G.U.P.S. പഴയരിക്കണ്ടം, G.U.P.S. ആൽപാറ എന്നിവ ഹൈസ്കൂൾ ആയി ഉയർത്തണം.

(c) വെണ്മണിയിൽ പുതിയ ഹൈസ്കൂൾ അനുവദിക്കണം.

(d) പുതിയ L.P സ്കൂളുകൾ സംബന്ധിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ സർവ്വേ നടത്തണം. 1,2,5,6 വാർഡുകളിൽ സ്കൂൾ വേണമോ എന്ന് പരിശോധിക്കണം.

(e) 1-ാംവാർഡിൽ തട്ടേക്കണ്ണിയിൽ ഒരു ഏകാദ്ധ്യാപക വിദ്യാലയം ആരംഭിക്കണം.

III (a) G.H.S. കഞ്ഞിക്കുഴി ഹയർ സെക്കൻഡറി സ്കൂളായി ഉയർത്തണം.

(b) കഞ്ഞിക്കുഴി കേന്ദ്രമായി ഒരു കോളേജ് അനുവദിക്കുക.

(c) ചേലടുവട് കേന്ദ്രീകരിച്ച് ഒരു ITI ആരംഭിക്കുക.

(d) പഴയരിക്കണ്ടം G.U.P.S നോടനുബന്ധിച്ച് ഒരു ട്രൈബൽ ഹോസ്റ്റൽ സ്ഥാപിക്കണം.

IV. (a) സ്കൂൾ വായനശാലകളിൽ കുട്ടികൾക്കാവശ്യമായ പുസ്തകങ്ങൾ വിതരണം ചെയ്യുകയും വായനയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

(b) സന്നദ്ധ സംഘടനകളുടെയും പി.റ്റി.എ, മാതൃസംഗമം, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെയും സഹകരണത്തോടെ വിദ്യാലയങ്ങൾക്കാവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുക.

(c) കുട്ടികളിൽ കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുവാനും, പ്രവർത്തിച്ച് പഠിക്കാനും ഉതകുന്ന രീതിയിലുള്ള പ്രോജക്റ്റുകൾ ഏർപ്പെടുത്തുക. പച്ചക്കറി കൃഷി ഔഷധ സസ്യകൃഷി, പൂക്കൃഷി എന്നിവ പരീക്ഷിക്കാവുന്നതാണ്.

(d) പ്രാദേശികമായി കിട്ടുന്ന വിദഗ്ദ്ധരുടെ സഹായത്തോടെ പ്രവൃത്തി പരിചയം നേടിക്കൊടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏർപ്പെടുത്തണം.

(e) കുട്ടികളുടെ സർഗ്ഗ വാസനകളെ പ്രോത്സാഹിപ്പിക്കുന്നതിന് നാട്ടിലുള്ള കലാകാരന്മാരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തണം.

(f) കുട്ടികളുടെ കലാ കായികപ്രവൃത്തി പരിചയ മത്സരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

(g) ഗവ.സ്കൂളുകളിലുണ്ടാകുന്ന താത്കാലിക ഒഴിവുകൾ നികത്തുന്നതിനുള്ള അധികാരം പഞ്ചായത്തിന് നൽകുക.

VI. എല്ലാ പ്രൈമറി സ്കുളിനോടനുബന്ധിച്ചും പ്രീപ്രൈമറി സ്കൂളുകൾ ആരംഭിക്കുക.

VII. കഞ്ഞിക്കുഴി പഞ്ചായത്തിൽ ജൂനിയർ ടെക്നിക്കൽ കോളേജ് ആരംഭിക്കുക.

VIII. ചേലച്ചുവട്ടിൽ ഹൈസ്കൂൾ ആരംഭിക്കുക.

IX. അട്ടിക്കളത്ത് ഡയറി സയൻസ് കോളേജ് ആരംഭിക്കണം.

X. ഒരു പോളി ടെക്നിക്ക് പഞ്ചായത്തിൽ ആരംഭിക്കുക.

XI മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ ഒരു

ഇൻഫർമേഷൻ സെന്റർ ഇടുക്കിയിൽ ആരംഭിക്കണം.

## അദ്ധ്യാപകർ വിദ്യാർത്ഥികൾ

| നമ്പർ | സ്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പു. | സ്ത്രീ. | ആകെ |
| 1 | ഗവ.L.P.S. നങ്കി | ഗവ. | 60 | 57 | 117 | 1 | 5 | 6 |
| 2. | S.N. U.P.S. നങ്കി സിറ്റി | എയി. | 142 | 132 | 214 | 5 | 9 | 14 |
| 3. | G.U.P.S പഴയരിക്കണ്ടം | ഗവ. | 252 | 252 | 504 | 4 | 9 | 13 |
| 4. | S.N.L.P.S. വെണ്മണി | എയി. | 69 | 65 | 134 | 2 | 3 | 5 |
| 5. | S.N.L.P.S. മക്കുവള്ളി | എയി | 16 | 22 | 38 | 1 | 3 | 4 |
| 6. | S.N.V.H.S. നങ്കി സിറ്റി | എയി | 463 | 421 | 884 | 19 | 24 | 43 |
| 7. | S.N.U.P.S ചുരുളി | എയി | 226 | 172 | 398 | 3 | 10 | 13 |
| 8. | G.H.S. കഞ്ഞിക്കുഴി | ഗവ. | 55 | 33 | 88 | 1 | 3 | 4 |
| 9. | തുല്യോദയ L.P.S.മഴുവടി | എയി | 60 | 54 | 114 | 1 | 4 | 5 |
| 10. | സെന്റ് തോമസ് H.S. പുന്നയം | എയി. | 234 | 252 | 486 | 12 | 7 | 19 |
| 11. | G.L.P.S കീരിത്തോട് | ഗവ. | 125 | 111 | 236 | 4 | 4 | 8 |
| 12. | സെന്റ് മേരീസ് U.P.S കഞ്ഞിക്കുഴി | എയി. | 182 | 173 | 355 | 4 | 7 | 11 |
| 13. | G.L.P.S. കഞ്ഞിക്കുഴി | ഗവ. | 40 | 24 | 64 | - | 4 | 4 |
| 14. | സെന്റ് ജോർജ് U.P.S വെണ്മണി | എയി. | 187 | 172 | 359 | 4 | 7 | 11 |
| 15. | ഗവ.L.P.S. ചേലച്ചുവട് | ഗവ. | 64 | 59 | 123 | 3 | 1 | 4 |
| 16. | ഗവ.U.P.S. ആൽപാറ | ഗവ. | 121 | 114 | 235 | 3 | 4 | 7 |
| | ആകെ | | 2296 | 2113 | 4409 | 67 | 104 | 171 |

## ഭൗതിക സാഹചര്യങ്ങൾ

| നമ്പർ | സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | പാചകമുറി |
|---|---|---|---|---|---|---|---|---|
| 1 | ഗവ.എൽ.പി.എസ്. നങ്കി | 117 | 6 | 2 | 2 | ഇല്ല | ഇല്ല | ഉണ്ട് |
| 2. | എസ്.എൻ.യു.പി.എസ്. നങ്കി സിറ്റി | 274 | 14 | 1 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3. | ജി.യു.പി.സ്. പഴയരിക്കണ്ടം | 504 | 13 | 1 | 1 | ഇല്ല | ഇല്ല | ഇല്ല |
| 4. | എസ്.എൻ.എൽ.പി.എസ്. വെണ്മണി | 134 | 5 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 5. | എസ്.എൻ.എൽ.പി.എസ്. മക്കുവള്ളി | 38 | 4 | 2 | 1 | ഇല്ല | ഇല്ല | ഉണ്ട് |
| 6. | എസ്.എൻ.വി.എച്ച്.എസ്. നങ്കി സിറ്റി | 884 | 43 | 4 | 3 | ഉണ്ട് | ഉണ്ട് | ഇല്ല |
| 7. | എസ്.എൻ.യു.പി.എസ്. ചുരുളി | 398 | 13 | 1 | 1 | ഉണ്ട് | ഇല്ല | ഭാഗികം |
| 8. | ജി.എച്ച്.എസ്. കഞ്ഞിക്കുഴി | 88 | 4 | 1 | 2 | ഇല്ല | ഇല്ല | ഇല്ല |
| 9. | തുല്യോദയ എൽ.പി.എസ്. മഴുവടി | 114 | 5 | 2 | 1 | ഇല്ല | ഇല്ല | ഇല്ല |
| 10. | സെന്റ് തോമസ് എച്ച്.എസ്.പുന്നയം | 486 | 19 | 2 | 2 | ഉണ്ട് | ഉണ്ട് | ഇല്ല |
| 11. | ജി.എൽ.പിഎസ്. കീരിത്തോട് | 236 | 8 | 1 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 12. | സെന്റ് മേരീസ് യു.പി.എസ്. കഞ്ഞിക്കുഴി | 355 | 11 | 1 | 2 | ഉണ്ട് | ഉണ്ട് | ഇല്ല |
| 13. | ജി.എൽ.പി.എസ്. കഞ്ഞിക്കുഴി | 401 | 21 | 1 | 1 | ഇല്ല | ഇല്ല | ഇല്ല |
| 14. | സെന്റ് ജോർജ് യു.പി.എസ്. വെണ്മണി | 359 | 11 | 3 | 2 | ഇല്ല | ഇല്ല | ഉണ്ട് |
| 15. | ഗവ.എൽ.പി.എസ്. ചേലചുവട് | 123 | 4 | 1 | 1 | ഇല്ല | ഉണ്ട് | ഉണ്ട് |
| 16. | ഗവ. യു.പി.എസ്.ആൽപാറ | 235 | 7 | 2 | 2 | ഉണ്ട് | ഉണ്ട് | ഇല്ല |

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| എൽ.പി. | | | യു.പി. | | | എച്ച്.എസ്. | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 1163 | 299 | 25.7 | 2125 | 562 | 26.4 | 1458 | 246 | 16.8 |
| | | | | | | | ആകെ | 23 |

## അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത

| | ലൈബ്രറി | ലാബ് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കോർഡർ | ടെലിവിഷൻ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക്ക് ബോർഡ് | മാതൃസംഗമം | ക്ലാസ് പി.റ്റി.എ. പ്രവർത്തിക്കുന്നുണ്ടോ |
|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 11 | 8 | 3 | 7 | 9 | 1 | 1 | 0 | 117 | 13 | 12 |
| ഇല്ലാത്തത് | 5 | 8 | 13 വേണ്ടത്ര ഇല്ല | 9 | 7 | 15 | 15 | 16 | 70 ആവശ്യം ഉണ്ട് | 3 | 4 |

## പഠനം നിർത്തിയവരുടെ കണക്ക്

| SC/ST | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 14 | 7 | 21 | 49 | 31 | 80 |
| | | | | ആകെ | 101 |

## എസ്.എസ്.എൽ.സി വിജയശതമാനം

| | 92-93 | വിദ്യാർത്ഥി കളുടെ എണ്ണം | 93-94 | വിദ്യാർത്ഥി കളുടെ എണ്ണം | 94-95 | വിദ്യാർത്ഥി കളുടെ എണ്ണം | 95-96 | വിദ്യാർത്ഥി കളുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| S.N.V.H.S.S. Nanki | 47% | 218 | 49% | 202 | 50.5% | 182 | 51.5% | 183 |
| G.H.S. Kanjikkuzhi | | | | | 20% | | 11% | |
| St. Thomas H.S. Punnayar | 83% | | 69% | | 69% | | 75% | |

## എൽ.പി. യു.പി. എച്ച്.എസ്. വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

| | എൽ.പി.. | | | യു.പി. | | | എച്ച്.എസ്. | | |
|---|---|---|---|---|---|---|---|---|---|
| ആകെ വിദ്യാർത്ഥികൾ | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 4746 | 434 | 392 | - | 1110 | 1015 | 47.7 | 752 | 706 | 48.4 |

# 5.7

# പാർപ്പിടം സാമൂഹികക്ഷേമം

# 5 - 7 പാർപ്പിടം - സാമൂഹ്യക്ഷേമം

വികസനപരമായി ഏറെ പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ 9029 വീടുകളാണ് നിലവിൽ ഉള്ളത്. ഇതിൽ 70% കുടിലുകളാണ്. കുടിലുകൾ മിക്കതും പുല്ലും ഈറ്റയിലയും ഉപയോഗിച്ച് മേഞ്ഞിട്ടുള്ളവയാണ്. പണികഴിഞ്ഞ വീടുകൾ കോൺക്രീറ്റ് ചെയ്യപ്പെട്ടവയുണ്ടെങ്കിലും ഓടോ ആസ്ബറ്റോസോ മേഞ്ഞ വീടുകളാണ് ഏറിയപങ്കും. ഇത്തരം വീടുകളിലും ഉറപ്പും അടിസ്ഥാന സൗകര്യങ്ങളും പരിമിതമാണ്.

കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന ജനങ്ങൾ അധിവസിക്കുന്ന ഭൂപ്രദേശമെന്ന നിലയിൽ, കാർഷിക മേഖലയുടെ തളർച്ച ഇവിടുത്തെ വീടുകളുടെ നിർമ്മാണത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ ഇവിടെ ഇനിയും ധാരാളം വീടുകൾ നിർമ്മിക്കേണ്ടിയിരിക്കുന്നു. ആദിവാസികളും ദുർബല വിഭാഗങ്ങളും ഏറെയുള്ള ഈ പഞ്ചായത്തിൽ സർക്കാർ ഭവന നിർമ്മാണ പദ്ധതികളുടെ അപര്യാപ്തത തെളിഞ്ഞു കാണാൻ കഴിയും. ദരിദ്രരും കൂലി വേലക്കാരും ധാരാളം ഉള്ള ഈ മേഖലയിൽ സ്വന്തമായൊരു വീടില്ലാത്തവരും ഉണ്ട്.

കൈവശ ഭൂമിക്ക് പട്ടയം ഇല്ലാത്തതിനാൽ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ബാങ്ക് ലോണുകളോ ഇതര സർക്കാർ സാമ്പത്തികാനുകൂലങ്ങളോ പൂർണ്ണമായി ഈ മേഖലയിൽ ലഭ്യമല്ല. പട്ടയം ഉള്ള കീരിത്തോട്, ചേലച്ചുവട്, തള്ളക്കാനം, കഞ്ഞിക്കുഴി തുടങ്ങിയ മേഖലകളിൽ ഭാഗികമായി ഭവന നിർമ്മാണ വായ്പാ പദ്ധതികൾ ലഭിച്ചിട്ടുണ്ട്. പട്ടയം ഇല്ലെങ്കിലും കൈവശ സർട്ടിഫിക്കറ്റെങ്കിലും ലഭ്യമായിരുന്നെങ്കിൽ ഭവന രഹിതർക്കുള്ള 'ഇന്ദിരാ ആവാസ് യോജന' പോലുള്ള സർക്കാർ സഹായ പദ്ധതികൾ ഈ പഞ്ചായത്തിലും നടപ്പിൽ വരുമായിരുന്നു.

ഈ പഞ്ചായത്തിലെ ഭവന നിർമ്മാണ പ്രശ്നങ്ങളിൽ പ്രധാനമായത് നിർമ്മാണ വസ്തുക്കൾ അകലെ നിന്നും എത്തിക്കേണ്ടി വരുന്നു എന്നുള്ളതാണ്. ഇത് വലിയ സാമ്പത്തിക നഷ്ടത്തിന് ഇടയാക്കുന്നുണ്ട്. സിമൻറ്, ഓട്, കമ്പി, ആസ്ബറ്റോസ്, മണൽ, മര ഉരുപ്പടികൾ എന്നിവയിൽ മിക്കതും തന്നെ പഞ്ചായത്തിന് വെളിയിൽ നിന്നും എത്തിക്കേണ്ടി വരുമ്പോൾ റോഡുകളുടെ ശോച്യാവസ്ഥയും അപര്യാപ്തതയും അധിക ചെലവിന് ഇടയാക്കുന്നു. ഈ പഞ്ചായത്തിൽ ആവശ്യത്തിന് പാറ ലഭ്യമാണെങ്കിലും ഇഷ്ടിക നിർമ്മാണത്തിനും ഇതര ആവശ്യങ്ങൾക്കും പൂർണ്ണമായി ഉപയുക്തമാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. സ്വകാര്യ മേഖലയിൽ ഒരു ഹോളോ ബ്രിക്സ് യൂണിറ്റ് പ്രവർത്തിച്ച് വരുന്നു. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നാടൻ സിമൻറ് ഇഷ്ടികയുടെ നിർമ്മാണം വ്യാവസായികാടിസ്ഥാനത്തിൽ നടന്നു വരുന്നുണ്ട്. എന്നാൽ ആവശ്യവുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ ഉല്പാദനം വളരെ കുറവാണ്.

വീടുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് മരത്തിൻെറ ലഭ്യതയും ഇവിടെ വലിയ പ്രശ്നമാണ്. സ്വന്തം പുരയിടത്തിൽ നില്ക്കുന്ന മരം പോലും വനഭൂമിയുടെ പേരിൽ കർഷകന് ഉപയുക്തമാക്കാൻ ഏറെ പ്രയാസപ്പെടേണ്ടി വരുന്നു. അതുപോലെ തന്നെ വിദഗ്ധ തൊഴിലാലികളുടെ കുറവും നിർമ്മാണത്തെ ബാധിക്കുന്നുണ്ട്.

ഒരളവുവരെ വീടില്ലാത്തവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമാകാൻ ചേലച്ചുവട്ടിലും, കീരിത്തോട്ടിലും ഉള്ള ലക്ഷം വീട് കോളനികൾക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും കോളനിയിലെ അടിസ്ഥാന സൗകര്യങ്ങൾ വളരെ പരിമിതമാണ്. ഈ പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിലായി നിലവിലുള്ള സർക്കാർ ഭൂമികളിൽ ഭവന രഹിതർക്കായി വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ പദ്ധതികൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

### പാർപ്പിട നിർമ്മാണ പ്രശ്നങ്ങൾ

1. സാമ്പത്തിക പരാധീനത.
2. കൈവശ ഭൂമിക്ക് പട്ടയമില്ലാത്തത്.
3. നിർമ്മാണ വസ്തുക്കളുടെ അമിത വില.

4. ചെലവു കുറഞ്ഞ വീടുകളെ കുറിച്ചുള്ള അറിവില്ലായ്മ.
5. വിദഗ്ദ്ധ തൊഴിലാളികളുടെ കുറവ്.
6. വിവിധ സർക്കാർ ഹൗസിംഗ് സ്ക്കീമുകളുടെ കുറവു്.
7. ഹൗസിംഗ് സൊസൈറ്റികളുടെ അപര്യാപ്തത.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പാർപ്പിട പ്രശ്നത്തിനു പ്രമുഖ സ്ഥാനം നല്കേണ്ടതുണ്ട്.
2. ഭവന നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക വഴി പ്രാദേശികമായ ഉപ്പാദനം, തൊഴിൽ പുരോഗതിക്കും അമിത വില നിയന്ത്രിക്കുന്നതിനും ലഭ്യത ഉറപ്പുവരുത്തുന്നതിനും ഉപകരിക്കും.
3. മരത്തിൻെറ ഉപയോഗത്തിന് ഫോറസ്റ്റ് നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുകയും ലേലം ചെയ്ത് ഉപഭോക്താവിന് നല്കുന്നതിനുള്ള അധികാരം പഞ്ചായത്തിന് ലഭിക്കുക വഴി പഞ്ചായത്തിന് വരുമാനം കൂടുകയും വികസന പ്രവർത്തനങ്ങൾക്ക് ഉപകരിക്കുകയും ചെയ്യും.
4. ഭവന നിർമ്മാണ സഹകരണ സംഘം പ്രവർത്തനമാരംഭിക്കുകവഴി ഭവന നിർമ്മാണ രംഗത്ത് ഏറെ പുരോഗതി കൈവരിക്കാൻ കഴിയും.
5. ഭവന നിർമ്മാണ രംഗത്ത് ഏറെ പ്രതികൂലമായ ഘടകം - കൈവശ ഭൂമിക്ക് പട്ടയം ലഭ്യമല്ലന്നതിനാൽ കുറഞ്ഞ പക്ഷം കൈവശക്കാരന് വീടു നിർമ്മിക്കുന്ന സ്ഥലത്തിനെങ്കിലും റവന്യൂ വകുപ്പ് വഴി കൈവശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കണം.
6. ചെലവ് കുറഞ്ഞതും, ശില്പ ചാതുര്യമുള്ളതും, സൗകര്യ പ്രദവും, പ്രകൃതി ക്ഷോഭങ്ങളെ ചെറുക്കാൻ കഴിവുള്ളതുമായ വീടുകളുടെ നിർമ്മാണത്തിന് പഞ്ചായത്ത് തല വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും ആവശ്യമായ പരിശീലനം ഈ രംഗത്തു പ്രവർത്തിക്കുന്നവർക്കു കൊടുക്കുകയും വേണം.
7. പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് കൂടുതൽ ഭവന പദ്ധതികൾ ആസൂത്രണം ചെയ്യുകയും, പദ്ധതി ആനുകൂല്യങ്ങൾക്ക് കാലാനുസൃതമായ വർദ്ധന ഉണ്ടാക്കുകയും ചെയ്യണം.
8. പഞ്ചായത്തിലെ സൗകര്യപ്രദമായ സർക്കാർ ഭൂമി ഏറ്റെടുത്ത് ഭവന രഹിതർക്ക് വീട് നിർമ്മിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ആരംഭിക്കണം.
9. വീടുകളുടെ നിർമ്മാണത്തിനാവശ്യമായ കമ്പി, സിമൻറ് മുതലായവയുടെ വില്പന സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയോ സഹകരണ സ്ഥാപനങ്ങൾ വഴിയോ നടത്തുക.
10. ലക്ഷം വീട് കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
11. ഭവന നിർമ്മാണ വായ്പയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ലളിതമാക്കുക. ഒരു ലക്ഷം രൂപയോ അതിൽ താഴെയോ ഉള്ള ഭവന പദ്ധതികൾക്ക് പ്രാദേശിക വിദഗ്ദരുടെ പ്ലാനും എസ്റ്റിമേറ്റും അംഗീകരിക്കുക.
12. സാധാരണക്കാർക്കുള്ള ഭവന നിർമ്മാണ വായ്പകൾക്ക് പലിശ ഇളവനുവദിക്കുക.
13. മൈത്രി ഭവന നിർമ്മാണ പദ്ധതിയുടെ നടത്തിപ്പ് പഞ്ചായത്ത് വഴിയാക്കുക.
14. ഹൗസിംഗ് ബോർഡ് ബ്രാഞ്ചാഫീസ് ജില്ലാ ആസ്ഥാനത്ത് പ്രവർത്തനമാരംഭിക്കണം.
15. താഴ്ന്ന വരുമാനക്കാർക്ക് ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് നിർമ്മിതി കേന്ദ്രം ആഫീസ് പഞ്ചായത്തിൽ തുടങ്ങുക.

## സാമൂഹ്യക്ഷേമം

കഞ്ഞിക്കുഴി പഞ്ചായത്തിൽ ആകെയുള്ള ജനങ്ങളിൽ 70% ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരാണ്. ഇതിൽ 40% പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിലും 60%മറ്റുള്ളവരുമാണ്. പട്ടിക ജാതി - പട്ടിക വർഗ്ഗത്തിൽപ്പെട്ട ദാരിദ്ര രേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് വേണ്ടി നിരവധി സാമൂഹ്യ ക്ഷേമ പദ്ധതികൾ നിലവിലുണ്ട്. ഇതിനായി വികസന ഡിപ്പാർട്ട്മെൻറും വികസന കോർപ്പറേഷനും പ്രവർത്തിച്ചു വരുന്നു. എന്നാൽ ഈ വകുപ്പുകളുടെ ജില്ലാ ആഫീസുകൾ മൂലമറ്റത്തും കോട്ടയത്തുമായി പ്രവർത്തിക്കുന്നതിനാലും പദ്ധതികളെ സംബന്ധിച്ച് ശരിയായ അറിവ് യഥാസമയം ലഭിക്കാതെ വരുന്നതിനാലും അർഹരായ പല ആളുകൾക്കും പദ്ധതികൾ ശരിയായ തരത്തിൽ പ്രയോജനപ്പെടുത്താൻ കഴിയാതെ വരുന്നുണ്ട്. ദാരിദ്ര രേഖയ്ക്ക് താഴെയുള്ള മറ്റുള്ളവർക്കും അർഹമായ വികസന പദ്ധതികളിൽ പങ്കാളികളാകാൻ കഴിയുന്നില്ല.

ദാരിദ്ര രേഖയ്ക്ക് താഴെയുള്ള ആളുകളുടെ ക്രമാതീതമായ വർദ്ധന കേന്ദ്ര സംസ്ഥാന സർക്കാറുകൾ കാലാകാലങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സാമൂഹ്യ ക്ഷേമ വികസന പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതിന് തെളിവാണ്.

സാമൂഹ്യക്ഷേമ രംഗത്ത് ഈ പഞ്ചായത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. **IRDP** -

   ദാരിദ്ര നിർമ്മാജനത്തിനുള്ള സംയോജിത ഗ്രാമ വികസന പദ്ധതിയാണിത്. ഈ പഞ്ചായത്തിൽ ഈ പദ്ധതിയിൻ കീഴിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കാൻ കഴിയുന്ന ധാരാളം ആളുകളുണ്ടെങ്കിലും പദ്ധതി വിഹിതം കണക്കാക്കുമ്പോൾ ജന സംഖ്യാനുപാതികമായി ഇവിടെ പദ്ധതികൾ അനുവദിച്ചിട്ടില്ല.

2. **ICDS** -

   ഗ്രാമീണ മേഖലകളിലെ കുട്ടികളുടെ സാമൂഹ്യ പരവും വിദ്യാഭ്യാസപരവും ആരോഗ്യപരവുമായ വികസനം ലക്ഷ്യമാക്കിയാണ് സംയോ

ജിത ശിശു വികസന പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി26 അംഗൻവാടികൾ പ്രവർത്തിച്ച് വരുന്നു എന്നാൽ പെരിയാർ വാലി, മനയത്തടം, മൈലപ്പുഴ, തട്ടേക്കണ്ണി, കുടക്കല്ല്, കൊച്ചുചേലച്ചുവട് എന്നീ മേഖലകളിൽ അംഗൻവാടികൾ ഇല്ല. അംഗൻ വാടികളെ കേന്ദ്രീകരിച്ച് പ്രവർത്തിക്കേണ്ട മാതൃസംഘങ്ങൾ എല്ലാ അംഗൻവാടികളിലും ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല.

3. **DWCRA -**

ഗ്രാമീണ മേഖലകളിലെ സ്ത്രീകളുടെ ഉന്നമനത്തിനായുള്ള വികസന പദ്ധതിയാണ് DWCRA. ഈ പഞ്ചായത്തിൽ നിലവിൽ ഒരു DWCRA യൂണിറ്റ് മാത്രമേ പ്രവർത്തനത്തിലുള്ളു. സ്ത്രീകളുടെ തൊഴിൽ വികസനത്തിനായുള്ള സഹകരണ - നിർമ്മാണ - സേവന യൂണിറ്റുകൾ ലഭ്യതയ്ക്കനുസരിച്ച് ഏറ്റെടുത്ത് നടത്തുവാൻ ഇവിടുത്തെ സ്ത്രീകൾക്ക് കഴിഞ്ഞിട്ടില്ല. പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മയും സേവന തല്പരരായ വികസന ഉദ്യോഗസ്ഥരുടെ അപര്യാപ്തതയും ഇതിന് കാരണമായിട്ടുണ്ട്.

4. **TRYSEM -**

18 മുതൽ 35 വയസുവരെയുള്ള യുവതി യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായുള്ള പരിശീലന സഹായ പദ്ധതിയാണിത്. ഈ പഞ്ചായത്തിലിതുവരെ ഈ പദ്ധതിയിൻ കീഴിൽ 30 ഗുണഭോക്താക്കൾ ഉണ്ടായിട്ടുണ്ട്. ട്രൈസം പരിശീലന പദ്ധതിയിൻ കീഴിൽ ഓട്ടോ മൊബൈൽ മെക്കാനിസം, റേഡിയോ ആൻറ് ടി. വി. റിപ്പയറിംഗ്, കമ്പ്യൂട്ടർ ട്രെയിനിംഗ്, പ്ലംബിംഗ്, തയ്യൽ, ടൈപ്പ് റൈറ്റിംഗ്, കമ്പോസിംഗ് എന്നിവ ഉദാഹരണങ്ങളാണ്.

5. **തൊഴിൽ രഹിത വേതനം:**

അഭ്യസ്ത വിദ്യരായ യുവതീയുവാക്കൾക്കു വേണ്ടി എംപ്ലോയിമെൻറ് എക്സ്ചേഞ്ചുകൾ വഴി നടപ്പിലാക്കി വരുന്ന ധനസഹായ പദ്ധതിയാണിത്. തൊടുപുഴയിൽ പ്രവർത്തിക്കുന്ന എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ യഥാസമയം പേരുകൾ രജിസ്റ്റർ ചെയ്യാത്തവർ ധാരാളമുണ്ട്. തൊഴിൽ രഹിത വേതനത്തിനുള്ള അപേക്ഷകൾ യഥാസമയം സമർപ്പിക്കാത്തവരും ഉണ്ട്.

6. **പെൻഷൻ:**

ശരിയായ അറിവു ഇല്ലാത്തതിനാൽ പല പെൻഷൻ ആനുകൂല്യങ്ങളും അർഹരായവർക്ക് ലഭിക്കാതെ വരുന്നു. എങ്കിലും ഈ പഞ്ചായത്തിൽ വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, വാർദ്ധക്യ കാല പെൻഷൻ, ക്ഷയരോഗി പെൻഷൻ, കാൻസർ പെൻഷൻ എന്നിവ നൽകി വരുന്നു.

7. **ക്ഷേമനിധി:**

ഈ പഞ്ചായത്തിൽ കർഷകതൊഴിലാളി ക്ഷേമനിധിയിൻ കീഴിൽ ധാരാളം കർഷകർ ഗുണഭോക്താക്കളായിട്ടുണ്ട്. അതുപോലെ തന്നെ നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലും നിരവധി ആളുകൾ ഗുണഭോക്താക്കളാണ്.

8. **പൊതുവിതരണം:**

പഞ്ചായത്തിലാകെ 12 റേഷൻ ഷാപ്പുകൾ പ്രവർത്തിച്ചു വരുന്നു. ഒരു മാവേലിസ്റ്റോർ കഞ്ഞിക്കുഴിയിൽ പ്രവർത്തിച്ചു വരുന്നു. പൊതുവിതരണ രംഗത്ത് കാലോചിതമായ പുരോഗതികൾ ആവശ്യമുണ്ട്. ഈ രംഗത്ത് സഹകരണ സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തണം.

## സാമൂഹ്യക്ഷേമ രംഗം നേരിടുന്ന പ്രശ്നങ്ങൾ

1. കൂടിയ ജനസംഖ്യയും കുറഞ്ഞ പദ്ധതികളും.
2. ഉദ്യോഗസ്ഥരുടെ ഉദാസീനത.
3. ഭൂപ്രദേശപരമായ പരാധീനതകൾ.
4. ശരിയായ അറിവിൻെറ അഭാവം.
5. വികസന ഓഫീസുകളിലേക്കുള്ള ദൂരക്കൂടുതൽ.
6. ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുടെ കുറവ്.

## നിർദ്ദേശങ്ങൾ

1. സർക്കാർ സാമൂഹ്യക്ഷേമ പരിപാടികളുടെ നേട്ടം അതാതു വിഭാഗങ്ങൾക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.
2. അംഗൻ വാടികളില്ലാത്ത മൈലപ്പുഴ, ഇടത്തൊട്ടി, കൈതപ്പാറ, മനയത്തടം, തട്ടേക്കണ്ണി, കൊച്ചുചേലച്ചുവട് എന്നിവിടങ്ങളിൽ പുതിയ അംഗൻവാടികൾ തുടങ്ങുകയും പൊന്നരുത്താനിലെ ശിശുമന്ദിരം ആവശ്യമായ സൗകര്യങ്ങളോടെ തുറന്നു പ്രവർത്തിക്കുകയും വേണം.
3. അംഗൻവാടി ജീവനക്കാരുടെ സേവന വേതന ഘടന പരിഷ്കരിക്കണം.
4. അംഗൻവാടിക്ക് കെട്ടിടമില്ലാത്ത സ്ഥലങ്ങളിൽ അടിയന്തരമായി കെട്ടിടം പണിയുക.
5. അംഗൻവാടി കെട്ടിടങ്ങളുടെ മെയിൻറനൻസ് ഫണ്ട് വർദ്ധിപ്പിക്കുകയും യഥാസമയം അനുവദിക്കുകയും ചെയ്യുക.
6. IRDP വായ്പകൾ കൂടുതൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയും, യഥാസമയം തിരിച്ചടയ്ക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.
7. PMRY ക്വോട്ട വർദ്ധിപ്പിക്കുക. തിരിച്ചടവ് ഉറപ്പാക്കുക.
8. DWCRA യൂണിറ്റുകൾ കൂടുതൽ അനുവദിക്കുക.
9. ട്രൈസം പൂർത്തിയാക്കുന്ന ആളുകൾക്ക് ഉടൻ തന്നെ സമയം ലഭ്യമാക്കണം.
10. സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ, ഖാദി യൂണിറ്റുകൾ എന്നിവ പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ എത്തിക്കുന്നതിന് വേണ്ടതു ചെയ്യണം.
11. ഇടുക്കി താലൂക്ക് രൂപീകരിക്കണം.
12. പഞ്ചായത്തിലെ VEO മാർക്ക് IRDP ഇൻഫ്രാസ്ട്രക്ച്ചറിൽ ഉൾപ്പെടുത്തി ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുക.

# 5.8

# വനിതാക്ഷേമം

# 5 -8 വനിതാക്ഷേമം

കേരളത്തിൻെറ ജനസംഖ്യയിൽ പുരുഷൻ മാരെ അപേക്ഷിച്ച് സ്ത്രീകളാണ് കൂടുതലെങ്കിലും നമ്മുടെ പഞ്ചായത്തിൽ നേരെതിരിച്ചാണ്. 91 സെൻ സസ് പ്രകാരം 14304പുരുഷൻമാരും 13651 സ്ത്രീക ളുമാണ് പഞ്ചായത്തിലുള്ളത്. ജന പങ്കാളിത്തത്തോ ടെ നടന്ന സാക്ഷരത പ്രവർത്തനത്തിലൂടെ നിരക്ഷര രായ സ്ത്രീകളിൽ ഭൂരിഭാഗത്തെയും സാക്ഷരരാക്കു വാൻ കഴിഞ്ഞിരുന്നുവെങ്കിൽ പോലും തുടർ പ്രവർ ത്തനങ്ങൾ നിലച്ചതു മൂലം സാക്ഷരതാ നിലവാരം നഷ്ടപ്പെട്ടത് ഈ രംഗത്തുള്ള പിന്നോട്ടടിയാണ്.

പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപന ങ്ങൾ ഇല്ലാത്തത് ഈ രംഗത്ത് സ്ത്രീകളുടെ പുരോഗ തിക്ക് തടസ്സമായിട്ടുണ്ട്. 95 - 96 അദ്ധ്യയന വർഷ ത്തിൽ SSLC യിൽ സംസ്ഥാനത്ത്13 - ാം റാങ്കും ജില്ലയിൽ ഒന്നാം സ്ഥാനവും പുന്നയാർ സെ: തോമസ് ഹൈസ്കൂളിലെ കുമാരി S. ശ്രീദേവി കരസ്ഥമാക്കിയത് അഭിനന്ദനാർഹമാണ്.

സാമൂഹ്യ പ്രവർത്തന രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. 1970 കാലഘട്ടങ്ങളിൽ പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ സജീവമായി പ്രവർത്തിക്കുന്ന ധാരാളം മഹിളാസമാജങ്ങളുണ്ടായി രുന്നു. ക്രമേണ ഇവയുടെ പ്രവർത്തനം മന്ദീഭവിക്കു കയാണുണ്ടായത്. ICDS നിലവിൽ വന്നതോടെ ഈ രംഗത്തുള്ള വികസന ബ്ലോക്കുകളുടെ ഇടപെടൽ കുറഞ്ഞത് ഇതിനൊരു കാരണമാണ്. ഝാൻസി മഹിളാ സമാജം ചുരുളി, ഗാന്ധി സ്മാരക മഹിളാ സമാജം കഞ്ഞിക്കുഴി, ദേശീയ മഹിളാ സമാജം ചേലച്ചുവട്, ഗ്രാമോദ്ധാരണ മഹിളാ സമാജം കീരി ത്തോട്, കസ്തൂർബാ മഹിളാ സമാജം മഴുവടി, പഴ യരിക്കണ്ടം മഹിളാ സമാജം എന്നിവ വളരെ നല്ല നിലയിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുള്ള മഹിളാസമാജങ്ങളാണ്. മഹിളാ സമാജങ്ങളുടെ പ്രവർത്തനം ഊർജിതപ്പെടുത്തുവാൻ പദ്ധതി ആവിഷ്കരിക്കണം.

പഞ്ചായത്തിൻെറ വിവിധ മേഖലകളിലായുള്ള 26 അംഗൻ വാടികൾ സ്ത്രീകളുടെ മേഖലയിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും, മഹിളാ സമാജങ്ങളുടെ രൂപീകരണത്തിനും നേതൃത്വം വഹി ക്കാൻ കഴിയുന്ന കേന്ദ്രങ്ങളാണ്. ഇവയെ വേണ്ട വിധം പ്രയോജനപ്പെടുത്തുവാൻ കഴിയണം. പഞ്ചാ യത്തു മേഖലയിൽ ആരോഗ്യ പ്രവർത്തകരുടെ മേൽ നോട്ടത്തിൽ നടക്കുന്ന മഹിള സ്വസ്ത് സംഘങ്ങളുടെ പ്രവർത്തനവും വേണ്ടത്ര സജീവമല്ല. കലാ സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ആശാവഹമല്ല. പഞ്ചായത്തു തലത്തിൽ ആസൂത്രണം ചെയ്യുന്ന കലാ സാംസ്കാരിക പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പു വരുത്തുവാൻ ഉതകുന്ന ബോധപൂർവ്വമായ ശ്രമങ്ങളുണ്ടാവണം. പ്രത്യേകിച്ച് ഗ്രന്ഥശാലകളിലും മറ്റും കൂടുതൽ സ്ത്രീകളെ അംഗങ്ങളാക്കുന്നതിനും അവരിലെ വായ നയുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനും കഴിയണം.

നിലവാരം കുറഞ്ഞ വാരികകളുടെ അതിപ്ര സരം സ്ത്രീകളുടെ മനോനിലയിൽ ഗുണകരമല്ലാത്ത മാറ്റങ്ങൾ വരുത്തുന്നു. ഇതര മലയോര പഞ്ചായത്തു കളെ അപേക്ഷിച്ച് നമ്മുടെ പഞ്ചായത്ത് ആത്മ ഹത്യാ നിരക്കിൻെറ കാര്യത്തിൽ മുൻപിലാണെ ന്നോർക്കുക.

ആരോഗ്യ രംഗത്തെ പ്രവർത്തനങ്ങൾ തൃപ്തി കരമല്ല. ആശുപത്രികളിൽ എത്തിച്ചേരുന്ന രോഗിക ളിൽ അധികവും സ്ത്രീകളാണ്. അത്യാവശ്യ സൗകര്യ ങ്ങൾ ഉള്ള ആശുപത്രികൾ ഇല്ലാത്തതു കാരണം ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും വരെ ദൂരെ ദേശങ്ങളിൽ ചികിത്സ തേടി പോകേണ്ടി വരുന്നു. കഞ്ഞിക്കുഴി P.H.C യിൽ രോഗികളെ കിടത്തി ചികിത്സ ആരംഭിക്കുകയും പതിനയ്യായിരത്തിനടുത്ത് സ്ത്രീ ജനസംഖ്യ വരുന്ന പഞ്ചായത്തിലെ P.H.C യിൽ സ്ത്രീ രോഗ വിദഗ്ധരുടെ സേവനം ലഭ്യമാ ക്കുന്ന സാഹചര്യം സൃഷ്ടിക്കുകയും വേണം.

തൊഴിൽ രംഗത്ത് സ്ത്രീകളുടെ സാന്നിദ്ധ്യം ഉണ്ടെങ്കിൽ പോലും ഏറിയ പങ്കും സ്ത്രീകൾ ഗൃഹ ജോലിയുമായി കഴിയുന്നവരാണ്. കൃഷി പ്രധാന

വരുമാന മാർഗ്ഗമായിട്ടുള്ള വീടുകളിൽ സ്ത്രീകൾ കാർഷിക വൃത്തിയിൽ ഏർപ്പെടാറുണ്ട്. അസംഘടിത തൊഴിൽ മേഖലയിലെ തൊഴിൽ വിവേചനം. തുല്യ ജോലിക്ക് തുല്യ വേതനത്തിൻെറ അഭാവം എന്നിവ നിലനിൽക്കുന്നുണ്ടെങ്കിൽ പോലും കുടുംബം പോറ്റാനായി കൂലിവേലയ്ക്കു പോകുന്ന ധാരാളം സ്ത്രീകളെ കാണുവാൻ കഴിയും.

ലധിഷ്ഠിതമായ ബോധവത്കരണവും ദിശാബോധത്തോടു കൂടിയുള്ള പ്രവർത്തനവും ആവശ്യമാണ്. സ്ത്രീകൾക്ക് കുടുംബത്തിലും സമൂഹത്തിലും മാന്യമായ ഒരു സ്ഥാനം നൽകാൻ കഴിയുകയു, ആകെയുള്ള ജനശക്തിയുടെ പകുതിയോളം വരുന്ന സ്ത്രീകളുടെ കർമ്മശേഷി ഉപയുക്തമാക്കിക്കൊണ്ടുള്ള പരിപാടികളിലൂടെ സാമൂഹ്യ മാറ്റ പ്രക്രിയയിൽ ക്രിയാത്മക ഘടകമായി മാറാൻ സ്ത്രീകൾക്കു കഴിയുകയും വേണം.

## തൊഴിൽ വിഭജനം

| അദ്ധ്യാപനം | | പ്രധാന തൊഴിൽ | | കർഷക തൊഴിലാളികൾ | | വ്യാപാരം വ്യവസായം | | തൊഴിൽ രഹിതർ | | നിരക്ഷരൻ | |
|---|---|---|---|---|---|---|---|---|---|---|---|
| പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ |
| 67 | 104 | 7869 | 1388 | 2618 | 651 | 409 | 36 | 5966 | 11055 | 2516 | 2820 |

വിദ്യാസമ്പന്നരായ ധാരാളം സ്ത്രീകൾ ആന്ധ്രാ പ്രദേശ്, തമിഴ്നാട്, കർണ്ണാടകം തുടങ്ങിയ അന്യ സംസ്ഥാനങ്ങളിൽ തൊഴിൽ തേടി പോയിട്ടുണ്ട്. കാർഷിക മേഖലയായ പഞ്ചായത്തിലെ സ്ത്രീകളുടെ തൊഴിൽ മേഖലയുടെ വളർച്ചയ്ക്കാവശ്യമായ പദ്ധതികൾ കൃഷിയുമായി ബന്ധപ്പെടുത്തി തന്നെ ആസൂത്രണം ചെയ്യുവാൻ കഴിയും. പച്ചക്കറി കൃഷി, ഔഷധ സസ്യ കൃഷി, കാലിവളർത്തൽ, ആട് വളർത്തൽ തുടങ്ങിയവ നമ്മുടെ പഞ്ചായത്തിൽ വനിതകൾക്ക് അനുയോജ്യമായ തൊഴിൽ മേഖലകളാണ്.

സ്ത്രീകളുടെ കൂട്ടായ്മയിലും പങ്കാളിത്തത്തിലും അധിഷ്ഠിതമായ ധാരാളം ചെറുകിട വ്യവസായങ്ങൾക്ക് രൂപം നൽകുവാൻ കഴിയും. നിർഭാഗ്യവശാൽ നമ്മുടെ പഞ്ചായത്തിൽ ഇത്തരം ശ്രമങ്ങൾ പരിമിതമാണ്. ഉള്ളവ തന്നെ കാര്യക്ഷമമായി പ്രവർത്തിക്കാത്ത അവസ്ഥയും, സ്ത്രീകൾക്കു മുൻകൈ എടുത്ത് പ്രവർത്തിക്കുവാൻ കഴിയുന്ന വ്യവസായ സംരംഭങ്ങളെക്കുറിച്ചുള്ള അജ്ഞതയും നേതൃത്വപരമായ പങ്കു വഹിക്കാൻ കഴിയുന്ന സ്ത്രീകളുടെ അഭാവവും ഇത്തരം പ്രവർത്തനങ്ങളുടെ ഇല്ലായ്മയ്ക്ക് കാരണമാണ്.

IRDP, TRYSEM, DWCRA, സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ എന്നിവയെ പ്രയോജനപ്പെടുത്തി ധാരാളം വനിതാ സംരംഭങ്ങൾ തുടങ്ങുവാൻ കഴിയണം. പഞ്ചായത്തിൽ ഒരു DWCRA യൂണിറ്റ് മാത്രമാണ് പ്രവർത്തിക്കുന്നത്. ട്രൈസം ട്രെയിനിംഗ് ലഭിച്ചവർ30 പേരുണ്ടെങ്കിലും ഇവരെ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

സമൂഹത്തിൽ വ്യാപകമാകുന്ന മദ്യപാന ശീലം മൂലമുണ്ടാകുന്ന കുടുംബ പ്രശ്നങ്ങളുടെ തീവ്രത അനുഭവിക്കേണ്ടി വരുന്നത് പ്രധാനമായും സ്ത്രീകളാണ്. ഈ രംഗത്ത് ജനങ്ങളുടെ കൂട്ടായ്മയി

### പ്രശ്നങ്ങൾ

1. രൂക്ഷമായ തൊഴിലില്ലായ്മ.
2. തൊഴിൽ മേഖലയിൽ സ്ത്രീകളോടുള്ള അവഗണന.
3. സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ട്.
4. വിപണിയുടെ അഭാവം.
5. തൊഴിൽ പരിചയമോ, നേതൃത്വ പരിശീലനമോ ഇല്ലാത്ത അവസ്ഥ.
6. തൊഴിൽ സംരക്ഷണമില്ലായ്മ.
7. നിലവാരം കുറഞ്ഞ വാരികകളുടെ അതിപ്രസരം.
8. സ്ത്രീകളുടെ വർദ്ധിച്ച അദ്ധ്വാന ഭാരം.
9. സ്ത്രീകളിലെ കൂടിയ രോഗാതുരത.
10. മതിയായ ചികിത്സാ സൗകര്യത്തിൻെറ അഭാവം.
11. മഹിളാ സംഘടനകളുടെ അഭാവം.
12. കൂട്ടായ്മയിലുള്ള താത്പര്യക്കുറവ്.

### പരിഹാര നിർദ്ദേശങ്ങൾ

1. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കണം. ഇതിനാവശ്യമായ വിവരങ്ങളും സഹായവും ലഭ്യമാക്കണം.
2. കൂലി നിരക്കിലുള്ള അന്തരം കുറയ്ക്കുക.
3. അംഗൻവാടികൾ കേന്ദ്രീകരിച്ച് മഹിളാ സമാജങ്ങളുടെ പ്രവർത്തനം ഊർജിതമാക്കുക.
4. വനിതാ വ്യവസായങ്ങൾ, തൊഴിൽ അവസരങ്ങൾ പ്രത്യേക വികസന പദ്ധതികൾ ആനുകൂല്യങ്ങൾ എന്നിവയെപ്പറ്റി സ്ത്രീകൾക്ക് അറിവ് കൊടുക്കുവാൻ വനിതാ ഇൻഫർമേഷൻ സെൻറർ തുറക്കുക.
5. സ്ത്രീ തൊഴിലാളികൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്തുക.
6. നിലവാരം കുറഞ്ഞ വാരികകളുടെ പ്രചരണം കുറച്ചു കൊണ്ടു വരികയും, 'ലൈബ്രറികളിൽ

നിലവാരമുള്ള പുസ്തകങ്ങൾ കൂടുതൽ എത്തിക്കുകയും ചെയ്യുക.

7. പഞ്ചായത്തിലെ മഹിളാ സമാജങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു വനിതാ സാംസ്കാരിക സംഘടനയ്ക്ക് രൂപം നൽകുക.
8. വനിതാ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വിപണന കേന്ദ്രം തുടങ്ങുക.
9. M.S.S യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
10. ഗ്രന്ഥശാലകളിൽ കൂടുതൽ വനിതകളെ അംഗങ്ങളാക്കുന്നതിന് ശ്രമിക്കണം.
11. കലാ - കായിക - സാംസ്കാരിക രംഗങ്ങളിലെ സ്ത്രീകളുടെ വികസനത്തിനുതകുന്ന പരിപാടികൾ ആവിഷ്കരിക്കണം.
12. കഞ്ഞിക്കുഴി P.H.C യിൽ സ്ത്രീ രോഗ വിദഗ്ദരുടെ സേവനം ലഭ്യമാക്കുകയും, IPവിഭാഗം ആരംഭിക്കുകയും ചെയ്യണം.
13. സമൂഹത്തിലെ മദ്യപാനാസക്തി കുറച്ചു കൊണ്ടു വരുന്നതിനുള്ള പരിപാടികൾ പടി പടിയായി നടപ്പിലാക്കണം.
14. സ്കൂളുകളിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കണം.
15. സ്ത്രീകളുടെ വർദ്ധിച്ചു വരുന്ന ആത്മഹത്യാ പ്രവണതയ്ക്കെതിരെ സന്നദ്ധ സംഘടനകൾ, മതസംഘടനകൾ ഇവയുമായി ചേർന്ന് ബോധവത്കരണം നടത്തണം.
16. ടലഞഭജ, തഭടഫ, യഭഴമഠന, തുടങ്ങിയ ക്ഷേമ പ്രവർത്തനങ്ങൾ അർഹരായ മുഴുവൻ വനിതകൾക്കും ലഭ്യമാക്കണം.
17. സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, ജില്ലാ വ്യവസായ കേന്ദ്രം, ഖാദി ഗ്രാമ വ്യവസായ കേന്ദ്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കണം.
18. വനിതാ വികസന കോർപ്പറേഷൻ ആഫീസുകൾ ജില്ലാ തലത്തിൽ ആരംഭിക്കണം.
19. ഖാദി ബോർഡ് ആഫീസ് ജില്ലാ ആസ്ഥാനത്ത് പ്രവർത്തനം ആരംഭിക്കണം.
20. ഇടുക്കി ജില്ലാ വനിതാ സെല്ലിന്റെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കണം.

"അടുക്കളപ്പുകക്കുടക്കയിൽ കുടുങ്ങിയുള്ളു നീറി കേണിടുന്നൊരമ്മമാരെ,

അകത്തളത്തിനപ്പുറത്തിരുൾക്കയങ്ങളിൽ മുഖം കുനിച്ചു കേണിടുന്ന

സോദരിമാരെ, നനഞ്ഞു വീർത്ത കൺ തുടച്ചുയർത്തെണിയ്ക്കുവാൻ

നമുക്ക് നേരമായ് നേരമായ് നേരമായ്."

# 5.9

# സഹകരണം

# 5 - 9 സഹകരണം

"ഓരോരുത്തരും എല്ലാവർക്കും വേണ്ടി.

എല്ലാവരും ഓരോരുത്തർക്കും വേണ്ടി."

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കുടിയേറി പാർത്തവരും ഇടുക്കി ജല വൈദ്യുത പദ്ധതിയ്ക്കു വേണ്ടി അയ്യപ്പൻകോവിൽ, ഇരട്ടയാർ, വൈരമണി വേങ്ങാനം പ്രദേശത്തു നിന്നും കുടിയൊഴിപ്പിച്ച് പുനരധിവസിപ്പിക്കപ്പെട്ടവരുമായ ഇടത്തരം കൃഷിക്കാരുടെ ഒരു മേഖലയാണ് ഇടുക്കി - കഞ്ഞിക്കുഴി പഞ്ചായത്ത്. മനോഹരവും, ഫലഭൂയിഷ്ഠവുമായ ഈ ഗ്രാമത്തിലേയ്ക്ക് കുടിയേറ്റക്കാരുടെ ഒരു പ്രവാഹം തന്നെ ഉണ്ടായി. തന്മൂലം കൃഷിക്കാരുടെ കൈവശ ഭൂമിയുടെ വിസ്തീർണ്ണം താരതമ്യേന കുറവാണ്. മൂന്നേക്കറിലധികം ഭൂമി കൈവശമുള്ളവർ ഈ പ്രദേശത്ത് വളരെ വിരളമാണ്. സാംസ്കാരിക രംഗത്തും, കാർഷിക രംഗത്തും ഇതര രംഗങ്ങളിലും മുൻപന്തിയിൽ നില്ക്കുന്ന ഈ പ്രദേശം സഹകരണ പ്രസ്ഥാനങ്ങൾക്ക് വളരാൻ പറ്റിയ സാഹചര്യമുള്ള മേഖലയാണ്.

1971 - 72 കാലഘട്ടങ്ങളിൽ ഇവിടെ കുടിയേറിയ കർഷകർ തങ്ങളുടെ കൈവശ ഭൂമിയിൽ സ്ഥിര ദേഹണ്ഡങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് സാമ്പത്തിക പരാധീനതകൾ മൂലം നന്നേ വിഷമിച്ചു. ഈ സന്ദർഭത്തിലാണ് തങ്ങൾക്ക് ഉപകാരപ്രദമായ ഒരു പ്രാഥമിക കാർഷിക സഹകരണ സംഘത്തിന്റെ ആവശ്യകതയെപ്പറ്റി അവർ കൂട്ടായി ചിന്തിച്ചത്. 1973 ൽ ആരംഭിച്ച അവരുടെ പരിശ്രമം പൂവണിയുന്നത് 1976 ജൂൺ മാസം 29 - ാം തീയതി ഐ.90 - ാം നമ്പരായി ഇടുക്കി - കഞ്ഞിക്കുഴി സർവ്വീസ് സഹകരണ ബാങ്ക് രജിസ്റ്റർ ചെയ്യപ്പെട്ടതോടെയാണ് ഈ സ്ഥാപനത്തിന്റെ തുടക്കത്തിനായി ഇവിടുത്തെ പ്രമുഖരായ പല സഹകാരികളും വളരെ ക്ലേശങ്ങൾ സഹിക്കേണ്ടി വന്നു. ശ്രീ. ദാമോദരൻ, വെള്ളാരം കുന്നേൽ ചീഫ് പ്രമോട്ടറായി ഒൻപത് അംഗങ്ങളുള്ള ഭരണ സമിതിയാണ് ബാങ്കിന്റെ ആദ്യകാല പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത്. ശ്രീമാന്മാരായ A.S. രാമകൃഷ്ണൻ, ചെറിയാൻ പൊന്നാട്ട്, സ്ക്കറിയാ കൊല്ലംപറമ്പിൽ, മാത്യു വാടയിൽ, മാത്യു പുളിയ്ക്കൽ, മാത്യു പനന്താനം, കുഞ്ഞുകൊച്ചു് അള്ളും പുറത്ത്, സോമൻ പാലൂർ, വാസു ആറുകണ്ടത്തിൽ, ഐസക് പാറശ്ശേരിൽ എന്നിവരാണ് പ്രമുഖരായ ആദ്യകാല സഹകാരികൾ. അദ്യത്തെ സമിതിയുടെ ശ്രമഫലമായി ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ നിന്നും ലഭിച്ച ചെറിയ തുക അംഗങ്ങൾക്ക് കാർഷിക വായ്പയായി നൽകുവാൻ കഴിഞ്ഞു. തുടർന്ന് കാലാകാലങ്ങളിൽ മാറിമാറി വന്ന ഭരണ സമിതികളുടെ പരിശ്രമ ഫലമായി ഈ സഹകരണ സ്ഥാപനത്തെ ഒരു നല്ല നിലയിലെത്തിക്കുവാൻ കഴിഞ്ഞു. ഈ ബാങ്കിൽ ഇന്ന് ഒൻപതിനായിരത്തിലധികം അംഗങ്ങളും ഒരു കോടി അറുപത്തിയഞ്ചുലക്ഷം രൂപാ പ്രവർത്തന മൂലധനവും ഉണ്ട്. ഈ സഹകരണ സ്ഥാപനം ഈ ഗ്രാമത്തിന്റെ ആശയും, ആവേശവുമായി തലയുയർത്തി നിൽക്കുന്നു.

തുടർന്നുള്ള വർഷങ്ങളിൽ സഹകരണ മേഖലയിൽ വിവിധ തരം പ്രസ്ഥാനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. കൈത്തറി നെയ്ത്തു സഹകരണ സംഘം, കൺസ്യൂമർ സഹകരണ സംഘം, ഹരിജൻ വിവിധോദ്ദേശ സഹകരണ സംഘം, വനിതാ സർവ്വീസ് സഹകരണ സംഘം, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ, സ്കൂൾ സഹകരണ സംഘങ്ങൾ എന്നിവ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പ്രവർത്തനം ആരംഭിച്ചു. ഇതു കൂടാതെ 1989 ൽ ഈ പഞ്ചായത്തിന്റെ 9 ഉം 10 ഉം വാർഡുകളും, വണ്ണപ്പുറം പഞ്ചായത്തിന്റെ ഒരു വാർഡും ഉൾപ്പെടുത്തി വെൺമണി കേന്ദ്രമായ ഇടുക്കി - വെൺമണി സർവ്വീസ് സഹകരണ ബാങ്കും രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചു. ഈ സ്ഥാപനവും ഇപ്പോൾ ഒരു വിധം നന്നായി പ്രവർത്തിച്ചു വരുന്നു. എന്നാൽ മേൽപ്പറഞ്ഞ സഹകരണ സ്ഥാപനങ്ങളിൽ രണ്ടു സർവ്വീസ് സഹകരണ ബാങ്കു

കളും, ഏതാനും മാർക്കറ്റിങ് സഹകരണ സംഘങ്ങളും, നാല് ക്ഷീരോല്പാദക സഹകരണ സംഘങ്ങളും ഒഴിച്ചാൽ ബാക്കിയുള്ളവ ഇന്ന് കടലാസ് സംഘങ്ങൾ മാത്രമായി തീർന്നിരിക്കുന്നു.

സഹകരണ മേഖലയിൽ വളർന്നു വരുന്ന രാഷ്ട്രീയ അതിപ്രസരവും, സ്വാർത്ഥ ലാഭത്തിനു വേണ്ടിയുള്ള പോക്കറ്റു സംഘങ്ങളുടെ രൂപീകരണവുമാണ് ഈ മേഖലയെ തളർത്താൻ കാരണമായിട്ടുള്ളത്.

## സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ.

ഈ പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന രണ്ടു സർവ്വീസ് സഹകരണ ബാങ്കുകളും സാമാന്യം നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. ജന സാന്ദ്രതയുള്ള ഒരു പഞ്ചായത്ത് എന്ന നിലയിൽ രണ്ടു ബാങ്കുകളിലും അംഗങ്ങൾ ധാരാളമുണ്ട്. അംഗങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾക്ക് അനുസരണമായി യഥാസമയം വായ്പകൾ നൽകുന്നതിന് ഈ ബാങ്കുകൾക്കു കഴിയുന്നില്ല. നിക്ഷേപ ലഭ്യത തുലോം കുറവായ ഈ പ്രദേശങ്ങളിൽ വായ്പ നൽകുന്നതിന് ജില്ലാ സഹകരണ ബാങ്കിനെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഈ ബാങ്കുകൾക്ക് ആവശ്യമായ വായ്പകൾ യഥാസമയം നൽകുന്നതിന് ഇടുക്കി ജില്ലാ സഹകരണ ബാങ്കിനു കഴിയുന്നില്ല. വർദ്ധിച്ചു വരുന്ന വായ്പ കുടിശ്ശികയും, ബാങ്കുകളുടെ വളർച്ചയ്ക്ക് തടസ്സമായി നിൽക്കുന്നു. വായ്പ കുടിശ്ശിക കുറച്ചും കൂടുതൽ നിക്ഷേപങ്ങൾ സ്വരൂപിച്ചും മുന്നേറിയെങ്കിൽ മാത്രമേ ഈ ബാങ്കുകൾക്കു പുരോഗതി പ്രാപിക്കാൻ കഴിയൂ. ഈ ബാങ്കുകൾ വഴി ഇപ്പോൾ കാർഷിക - കാർഷികേതര വായ്പകൾ നൽകുകയും, കൃഷിക്കാർക്ക് ആവശ്യമായ വളങ്ങളും കീടനാശിനികളും വില്പന നടത്തി വരികയും ചെയ്യുന്നു. കൂടാതെ സ്വർണ്ണ പണയ വായ്പകൾ, ചിട്ടികൾ, വിവിധ തരം ലഘു നിക്ഷേപ പദ്ധതികൾ എന്നിവയും ബാങ്കിൻെറ പ്രവർത്തനങ്ങളിൽ പെടുന്നു. കാർഷിക സെമിനാറുകളും, ചർച്ചാ ക്ലാസുകളും നടത്താറുണ്ട്. അംഗങ്ങൾക്ക് സഹകരണ വിദ്യാഭ്യാസത്തിൻെറ കുറവ് ഈ മേഖലയിൽ പ്രകടമാണ്. സെമിനാറുകൾ സംഘടിപ്പിച്ചാൽ പോലും അതിൽ പങ്കെടുക്കുന്ന അംഗങ്ങൾ വളരെ വിരളമാണ്.

ഈ പഞ്ചായത്തിൽ സഹകരണ മേഖലയിൽ പ്രവർത്തിച്ചു വരുന്ന ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ ഈ നാടിൻെറ നില നില്പിൻെറ പ്രധാന ഘടകങ്ങളായി പ്രവർത്തിച്ചു വരുന്നു. കഞ്ഞിക്കുഴി, പഴയരിക്കണ്ടം, ചേലച്ചുവട്, കീരിത്തോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ആപ്കോസ് ഡയറി സൊസൈറ്റികൾ ഇന്ന് സാമാന്യം നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ കാലിവളർത്തലിന് വലിയ സാദ്ധ്യതകളാണുള്ളത്. കർഷകൻ ഉൽപ്പാദിപ്പിക്കുന്ന പാൽ ന്യായവിലയ്ക്ക് വാങ്ങുന്നതിന് ഏജൻസികളില്ലാതിരുന്ന അവസരത്തിലാണ് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ രൂപം കൊണ്ടത്. ഇത് കൃഷിക്കാർക്ക് വളരെ ഉപകാര പ്രദമായി. ഈ സംഘങ്ങൾ പാൽ സംഭരിച്ചു വിപണനം നടത്തുകയും കാലിത്തീറ്റ മുതലായവ കൃഷിക്കാർക്ക് എത്തിച്ചുകൊടുക്കുകയും, സെമിനാറുകളും, ചർച്ചാ ക്ലാസുകളും നടത്തുകയും ചെയ്തു വരുന്നു. ചേലച്ചുവട്ടിലും കീരിത്തോട്ടിലും പ്രവർത്തിക്കുന്ന സംഘങ്ങൾ അസൂയാർഹമായ നേടും കൈവരിച്ചിട്ടുണ്ട്. കഞ്ഞിക്കുഴി, പഴയരിക്കണ്ടം എന്നിവിടങ്ങളിലെ ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ വിവിധ കാലഘട്ടങ്ങളിൽ പ്രവർത്തിച്ചിരുന്ന ഭരണ സമിതികളുടെ പിടിപ്പു കേടുമൂലവും, ജീവനക്കാരുടെ അഴിമതി മൂലവും തളർച്ചയുണ്ടായിട്ടുണ്ടെങ്കിലും ഇവ പരിഹരിച്ചു മുന്നേറിക്കൊണ്ടിരിക്കുന്നു.

കൃഷിക്കാരുടെ കാർഷിക വിഭവങ്ങൾ സംഭരിച്ച് വിപണനം നടത്തിവരുന്ന ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ പ്രവർത്തിച്ചു വരുന്നു. കഞ്ഞിക്കുഴി, ചേലച്ചുവട്, പഴയരിക്കണ്ടം എന്നിവിടങ്ങളിൽ മാർക്കറ്റിംഗ് സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് എങ്കിലും കഞ്ഞിക്കുഴി ടൗൺ കേന്ദ്രീകരിച്ചു പ്രവർത്തിച്ചു വരുന്ന ഇടുക്കി ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘവും, കഞ്ഞിക്കുഴി ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘവും മാത്രമാണ് കാര്യക്ഷമമായി പ്രവർത്തിക്കുന്നത്. ഒരു പ്രധാന റബ്ബർ ഉൽപ്പാദന കേന്ദ്രമായ ഈ പ്രദേശത്തെ റബ്ബർ കൃഷിക്കാർക്ക് റബ്ബറിന് ന്യായവില ഉറപ്പു വരുത്തിയതും ഈ സഹകരണ സംഘങ്ങളാണ്. കൂടാതെ കുരുമുളക്, കശുവണ്ടി മുതലായവയും ഈ സംഘങ്ങൾ സംഭരിച്ച് വിപണനം നടത്തി വരുന്നു.

കഞ്ഞിക്കുഴിയിൽ വർഷങ്ങൾക്കു മുമ്പ് രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ച ഹരിജൻ വിവിധോദ്ദേശ സഹകരണ സംഘം സഹകാരികളുടെ താൽപ്പര്യക്കുറവും, ജീവനക്കാരുടെ അനാസ്ഥയും മൂലം ഇന്ന് കടലാസ് സംഘമായി മാറിയിരിക്കുകയാണ്. വളരെയേറെ പുരോഗമന സാദ്ധ്യതകളുണ്ടായിരുന്ന ഒരു സഹകരണ സംഘമാണിത്.

വർഷങ്ങൾക്കു മുമ്പ് പ്രവർത്തനം ആരംഭിച്ച കൺസ്യൂമർ സഹകരണ സംഘവും, കഴിഞ്ഞ വർഷം പ്രവർത്തനം ആരംഭിച്ച വനിതാ സഹകരണ സംഘവും ഇപ്പോൾ പ്രവർത്തന രഹിത സംഘങ്ങളാണ്.

ഈ പഞ്ചായത്തിൽ സാമാന്യം നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന രണ്ട് സ്കൂൾ സഹകരണ

സംഘങ്ങൾ നിലവിലുണ്ട്. S.N. ഹൈസ്കൂളിലും, സെൻറ് തോമസ് ഹൈസ്കൂളിലും ഇവ പ്രവർത്തിച്ചു വരുന്നു. വിദ്യാർത്ഥികൾക്കാവശ്യമായ പാഠപുസ്തകങ്ങൾ, നോട്ടു ബുക്കുകൾ മറ്റു സ്റ്റേഷനറി സാധനങ്ങൾ തുടങ്ങിയവ ഇവിടെ വാങ്ങി വില്പന നടത്തി വരുന്നു.

ഇടുക്കി ജില്ലാ സഹകരണ ബാങ്കിൻെറ ഒരു ബ്രാഞ്ചു് ഇപ്പോൾ കഞ്ഞിക്കുഴിയിൽ പ്രവർത്തിച്ചു വരുന്നു. ഈ ബാങ്കു വഴി കച്ചവടക്കാർക്കുള്ള വായ്പകൾ, സ്വർണ്ണ പണയവായ്പകൾ എന്നിവ നൽകുകയും കൃഷിക്കാരിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. ഇവിടെ ഡി.ഡി. സൗകര്യവും ലഭ്യമാണ്.

## സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

കഞ്ഞിക്കുഴി പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന സഹകരണ സ്ഥാപനങ്ങൾ ഇന്ന് പല വിധത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിട്ടുക്കൊണ്ടിരിക്കുകയാണ്.

രണ്ടു സർവ്വീസു് സഹകരണ ബാങ്കുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും കർഷകർക്കും, വ്യാപാരികൾക്കും ആവശ്യാനുസരണമുള്ള വായ്പ യഥാസമയം നൽകുവാൻ കഴിയുന്നില്ല. വായ്പാവശ്യങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കിനെ ആശ്രയിക്കേണ്ടി വരുന്നതാണ്. ഇതിനു കാരണം.

ജില്ലാ സഹകരണ ബാങ്കിൻെറ നിലവിലുള്ള വായ്പാ നയം പ്രാഥമിക സഹകരണ ബാങ്കുകൾക്ക് ഉപകാരപ്രദമല്ല. വായ്പ എടുക്കുന്ന അംഗങ്ങൾ യഥാസമയം വായ്പ തിരിച്ചടയ്ക്കാത്തതാണ് സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നത്. കുടിശ്ശിക വർദ്ധിക്കുന്നതനുസരിച്ച് ബാങ്കുകൾക്ക് ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പ കിട്ടുന്നതിനുള്ള സാദ്ധ്യത ഇല്ലാതാകുന്നു. സഹകരണ ബാങ്കുകളിൽ നിക്ഷേപം നടത്തുക വഴി കൂടിയ പലിശ ലഭിക്കുന്നതിന് ഇടയാക്കുകയും, ഈ നിക്ഷേപ തുക ഈ നാട്ടിലെ ആളുകൾക്ക് വായ്പയായി ലഭിക്കുകയും ചെയ്യും. എന്നാൽ ഈ പ്രദേശത്തെ ആളുകൾ ഇതേപ്പറ്റി കൂടുതൽ ബോധവാന്മാരാകേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ കർഷകർക്ക് വളരെ ഉപകാരപ്രദമാണ്. എന്നാൽ മേൽത്തരം കന്നുകാലികൾ ഈ പ്രദേശത്ത് വളരെ കുറവാണ്. നല്ലയിനം കറവ പശുക്കളെ വാങ്ങുന്നതിനും അങ്ങനെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും സഹായകമായ രീതിയിൽ കർഷകർക്ക് വായ്പ ലഭിക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതാണ്. കൂടുതൽ വ്യാപകമായ പ്രവർത്തനങ്ങൾ ഈ മേഖലയിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിന് സഹായകമാണ്. നിർജീവമായ സംഘങ്ങൾ പുനഃരുദ്ധരിക്കുകയും, പുതിയവ ആരംഭിക്കുകയും ചെയ്താൽ ഈ രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാൻ കഴിയും.

വനിതാ വ്യവസായ സംരംഭകർക്ക് ഉപകാരപ്രദമായ വനിതാ സഹകരണ സംഘങ്ങൾ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്ന പ്രസ്ഥാനങ്ങളാണ്. നിർഭാഗ്യവശാൽ ഈ രംഗത്ത് കാര്യമായ പ്രവർത്തനങ്ങൾ നടത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല.

പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളും ഇവിടെ വമ്പിച്ച വിജയ സാദ്ധ്യതയുള്ളവയാണ്. എന്നാൽ നിലവിലുള്ളവ പ്രവർത്തന രഹിതവും, കാര്യക്ഷമതയില്ലാത്തവയുമാണ്.

സഹകരണ മേഖലയിൽ ഇന്ന് നിലനിൽക്കുന്ന രാഷ്ട്രീയ അതിപ്രസരവും, ഉത്തരവാദിത്വമില്ലായ്മയും, സ്വാർത്ഥതയും അവസാനിച്ചെങ്കിലേ ഈ രംഗത്ത് പുരോഗതി കൈവരിക്കുവാനും സഹകാരികൾക്ക് പ്രയോജനപ്രദമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുവാനും കഴിയൂ.

## പരിഹാര മാർഗ്ഗങ്ങൾ

സഹകരണ മേഖലയിൽ ഈ പഞ്ചായത്തിന് പുരോഗതി കൈവരിയ്ക്കാനുതകുന്ന ഏതാനും നിർദ്ദേശങ്ങളാണ് ചുവടെ ചേർക്കുന്നത്.

1. സഹകരണ സംഘം ആക്ടിൽ സംഘം രജിസ്ട്രേഷനു വേണ്ടി പറഞ്ഞിരിക്കുന്ന ഏറ്റവും കുറഞ്ഞ എണ്ണം അംഗങ്ങളെ മാത്രം ചേർത്തു കൊണ്ട് രൂപീകരിക്കുന്ന സംഘങ്ങളിൽ തുടർന്ന് അംഗങ്ങളെ ചേർക്കാതിരിക്കുകയും തികച്ചും സ്വകാര്യ സ്ഥാപനം പോലെ പ്രവർത്തിക്കുകയും ചെയ്യുന്നതു മൂലം കൂടുതൽ അഴിമതിക്കും ധൂർത്തിനും ഇടയാകുന്നു. ഇതുമൂലം താമസംവിനാ സംഘങ്ങൾ പ്രവർത്തനരഹിതമാകുന്നു. ഇത്തരം സംഘങ്ങൾ സഹകരണ പ്രസ്ഥാനത്തിലുള്ള ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെടുത്താൻ ഇടയാക്കുന്നു. പ്രവർത്തനരഹിതമായ സംഘങ്ങളെ ലിക്വിഡേറ്റു ചെയ്യേണ്ടതാണ്. വിശദമായ പഠനങ്ങൾക്കു ശേഷമെ പുതിയ സംഘങ്ങൾക്ക് രജിസ്ട്രേഷൻ നൽകാൻ പാടുള്ളൂ.
2. എല്ലാവിധ സഹകരണ സംഘങ്ങളിലും സ്വതന്ത്രമായി അംഗത്വം ലഭിക്കുന്നതിന് അവസരം ഉണ്ടാകണം.

3. നിലവിലുള്ള സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനങ്ങൾ കുറെക്കൂടി വിപുലീകരിക്കുകയും, കാര്യക്ഷമമാക്കുകയും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുകയും ചെയ്യുക.
4. കൃഷിക്കാരിൽ നിക്ഷേപ വാസന വളർത്തുന്നതിനാവശ്യമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുകയും, ഇതു വഴി നിക്ഷേപങ്ങൾ വർദ്ധിപ്പിച്ച് അംഗങ്ങൾക്ക് വിവിധ തരം വായ്പകൾ യഥാസമയം നൽകുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക.
5. സഹകരണ പ്രസ്ഥാനത്തെപ്പറ്റി അംഗങ്ങൾക്കും ഇടപാടുകാർക്കും കൂടുതൽ അറിവു ലഭിക്കാനുപകരിക്കുന്ന സഹകരണ വിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കുക.
6. ഇടുക്കി കഞ്ഞിക്കുഴി സർവ്വീസ് സഹകരണ ബാങ്കിന് കീരിത്തോട്, പഴയരിക്കണ്ടം, ചേലച്ചുവട്, കരിമണൽ എന്നീ ഭാഗങ്ങളിൽ ശാഖകൾ തുറന്ന് അംഗങ്ങൾക്കും ഇടപാടുകാർക്കും കൂടുതൽ സൗകര്യം സൃഷ്ടിക്കുക.
7. ജില്ലാ സഹകരണ ബാങ്കിൻെറ വായ്പാ നയം കുറെക്കൂടി ഉദാരവൽക്കരിക്കുകയും, സർവ്വീസ് ബാങ്കുകൾക്ക് പദ്ധതി വായ്പകളും മറ്റും യഥാസമയം നൽകുകയും ചെയ്യുക.
8. വായ്പ എടുത്തിട്ടുള്ള അംഗങ്ങൾ അവ കുടിശ്ശിക വരുത്താതെ തിരിച്ചടക്കുന്നതിനുള്ള ഊർജിത നടപടികൾ സ്വീകരിക്കുക. പഴകിയ വായ്പ കുടിശ്ശികക്കാരുടെ പേരിൽ നടപടി നടത്തി തുക ഈടാക്കുക.
9. മാർക്കറ്റിംഗ് മേഖലയിൽ നിലവിലുള്ള സംഘങ്ങൾ പ്രവർത്തനം മെച്ചപ്പെടുത്തുക. രാഷ്ട്രീയ പരിഗണനയില്ലാതെ അംഗങ്ങളെ ചേർക്കുകയും, കടലാസ് സംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയോ അല്ലാത്ത പക്ഷം അവയെ ലിക്വിഡേറ്റു ചെയ്യുകയോ ചെയ്യുക.
10. ക്ഷീരോല്പാദകർക്ക് നല്ലയിനം കറവപ്പശുക്കളെ വാങ്ങുന്നതിനും, തീറ്റപ്പുൽ കൃഷിക്കും വായ്പകൾ നൽകുകയും, ഇതുവഴി പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക.
11. പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപെട്ടവർക്ക് സഹായകമായ രീതിയിൽ നിലവിലുള്ള സംഘങ്ങൾ പുനഃരുജീവിപ്പിക്കുകയും പുതിയവ ആരംഭിക്കുകയും ചെയ്യുക.
12. വനിതാ സഹകരണ സംഘങ്ങൾ, കോഴി വളർത്തൽ സഹകരണ സംഘങ്ങൾ എന്നിവ ആരംഭിക്കുക വഴി വനിതകൾക്ക് സഹകരണ മേഖല വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
13. സഹകരണ രംഗത്തു് ഇന്ന് നിലനിൽക്കുന്ന അഴിമതിയും, സ്വാർത്ഥയും അവസാനിപ്പിച്ച് ശരിയായ പാതയിലൂടെയുള്ള, തത്വാധിഷ്ഠിതമായ പ്രവർത്തനം കാഴ്ച വെയ്ക്കുക.
14. സഹകരണ മേഖലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.
15. കൂടുതൽ സ്കൂൾ സഹകരണ സംഘങ്ങൾ ആരംഭിക്കുക.
16. സഹകരണ സംഘങ്ങളിൽ യഥാസമയം ഡിപ്പാർട്ട്മെൻറ് പരിശോധനകൾ നടത്തുകയും, ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുക.
17. സഹകരണ സെമിനാറുകൾ, കാർഷിക സെമിനാറുകൾ, ചർച്ചാ സമ്മേളനങ്ങൾ തുടങ്ങിയവ നടത്തി ആളുകളിൽ ബോധവൽക്കരണം നടത്തുക.
18. സഹകരണ രംഗത്ത് ചേലച്ചുവട്ടിൽ ഒരു സഹകരണ കോളജും വെൺമണിയിൽ ഒരു സഹകരണ ആശുപത്രിയും ആരംഭിക്കുക.

മേൽപ്പറഞ്ഞ കാര്യങ്ങൾ സമയ ബന്ധിതമായി നടത്തുക വഴി ഈ പഞ്ചായത്തിൽ സഹകരണ രംഗത്ത് വമ്പിച്ച പുരോഗതി കൈവരുത്തുവാൻ കഴിയും. എല്ലാവരുടെയും സഹകരണവും കൂട്ടായ പ്രവർത്തനവും ഉണ്ടാകട്ടെ.

**കാർഷിക സഹകരണ സംഘങ്ങൾ നൽകിയ വായ്പയുടെ വിവരങ്ങൾ**

| സംഘത്തിൻെറ പേര് | കാർഷിക വായ്പ | ഡയറി | മൈനർ ഇറിഗേഷൻ | I.R.D.P. | സ്വർണ്ണ പണയം | കച്ചവടം | മറ്റുള്ളവ |
|---|---|---|---|---|---|---|---|
| ഇടുക്കി - കഞ്ഞിക്കുഴി സർവ്വീസ് സഹകരണ ബാങ്ക് | 7710000 | 285000 | 335000 | 258000 | 1435000 | 109000 | 806000 |
| ഇടുക്കി - വെൺമണി സർവ്വീസ് സഹകരണ ബാങ്ക് | 2360200 | 8878 | - | 5000 | 288183 | 395900 | 513700 |

**സഹകരണ സ്ഥാപനങ്ങൾ നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ടും കിട്ടാനുള്ളവ**

| സംഘത്തിൻെറ പേര് | കാർഷികവായ്പ | കാർഷികേതര വായ്പ | I.R.D.P | കച്ചവടം |
|---|---|---|---|---|
| ഇടുക്കി - കഞ്ഞിക്കുഴി സർവ്വീസ് സഹകരണ ബാങ്ക് | 3490,000 | 711000 | 1,10,000 | 109000 |
| ഇടുക്കി - വെൺമണി സർവ്വീസ് സഹകരണ ബാങ്ക് | 813540 | 410950 | 5000 | 230800 |

## സഹകരണ സംഘങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| No | സ്ഥാപനത്തിന്റെ പേര് | പ്രവർത്തന പരിധി | അംഗങ്ങൾ | ആരംഭിച്ച വർഷം | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | ഗവ. ഓഹരി | പരമാവധി കടം എടുക്കാവുന്ന തുക |
|---|---|---|---|---|---|---|---|
| 1. | ഇടുക്കി - കഞ്ഞിക്കുഴി സർവ്വീസ് സഹകരണ ബാങ്ക് | വാർഡ് 9, 10 ഒഴിച്ച് ഇടുക്കി - കഞ്ഞിക്കുഴി പഞ്ചായത്ത് | 9100 | 1976 | 1035000 | ഇല്ല | 20700000 |
| 2. | ഇടുക്കി - വെൺമണി സർവ്വീസ് സഹകരണ ബാങ്ക് | കഞ്ഞിക്കുഴി പഞ്ചായത്ത് വാർഡ് 9, 10 - വണ്ണപ്പുറം പഞ്ചായത്ത് 1 - ാം വാർഡ് | 3400 | 1989 | 336980 | 3525000 | |
| 3. | ചേലച്ചുവട് ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം | ചേലച്ചുവട്, കീരിത്തോട് വാർഡുകൾ | 44 | 1993 | 1300 | - | |
| 4. | കഞ്ഞിക്കുഴി ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം | - | 104 | 1993 | 35000 | 1400000 | |

# 5 - 10 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ ധാരാളം അധിവസിക്കുന്ന ഒരു പഞ്ചായത്താണ് ഇടുക്കി - കഞ്ഞിക്കുഴി. വിവിധ കോളനികളിലും അല്ലാതെയുമായി ജീവിക്കുന്ന ഇവരുടെ സ്ഥിതി മെച്ചമല്ല. ഭൂരിപക്ഷം കുടുംബങ്ങളും ദാരിദ്ര്യ രേഖയ്ക്കു താഴെ കഴിയുന്നവരാണ്. ഇവരിൽ ഏറിയ പങ്കും കർഷക തൊഴിലാളികളാണ്. പരമ്പരാഗത തൊഴിൽ ചെയ്യുന്നവർ വളരെ ചുരുക്കം പേരെ വരൂ. കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ പോലും എത്താത്ത അവസ്ഥയുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ആവിഷ്ക്കരിച്ചിട്ടുള്ള പല പദ്ധതികളുടെയും ഗുണഭോക്താക്കൾ അവരെക്കാൾ മറ്റുള്ളവരായി മാറുന്നതായി കാണാം. വേണ്ട വിധത്തിൽ ബോധവൽക്കരിക്കാൻ കഴിയാത്തതിനാൽ പല ആനുകൂല്യങ്ങളും സ്വന്തം ഉയർച്ചയ്ക്കായി പ്രയോജനപ്പെടുത്തുവാൻ ഇവർക്കു കഴിയുന്നില്ല. പരാശ്രയത്വത്തിലും ദാരിദ്ര്യത്തിലും നിസ്സഹായതയിലും പെട്ടിട്ടുള്ള ഇവരുടെ ക്രയശേഷി വർദ്ധിപ്പിക്കുന്ന ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന വികസന പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടതുണ്ട്. കോളനികളിൽ സുരക്ഷിതമായ വീടുകളുടെ അഭാവമുണ്ട്. അതുപോലെ തന്നെ കക്കൂസ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എത്തിക്കുന്നതിനുള്ള പരിപാടിയും വേണം. ഈ വിഭാഗങ്ങളുടെ കലാസാംസ്കാരിക ഉന്നതിക്കായുള്ള പ്രവർത്തനങ്ങൾ ഒന്നും തന്നെ നടക്കുന്നില്ല. തനതു കലാരൂപങ്ങൾ അന്യം നിന്നു പോയിട്ടുണ്ട്.

### പ്രശ്നങ്ങൾ

1. പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂരിപക്ഷത്തിന് കൃഷിഭൂമിയുണ്ടെങ്കിലും ഫലപ്രദമായി കൃഷി ചെയ്യുവാൻ കഴിയുന്നില്ല.
2. പരമ്പരാഗത തൊഴിലുകൾ ജീവനക്ഷമമല്ല.
3. നിത്യവൃത്തിക്കായി കൂലിവേലയെ ആശ്രയിക്കുന്നു. വർഷത്തിൽ എല്ലാ സമയത്തും തൊഴിൽ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് ഇവരെ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്നു.
4. വിദ്യാഭ്യാസരംഗത്ത് ഏറെ നേട്ടങ്ങളുണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. നിരക്ഷരത ഈ വിഭാഗകങ്ങളിൽ ഏറെയുണ്ട്. ആദിവാസി സാക്ഷരതാ പ്രവർത്തനങ്ങൾ തുടങ്ങിയെങ്കിലും ഫലപ്രദമല്ല. വളരെ ചുരുക്കം പേരെ 10 - ാം ക്ലാസു വരെ പഠിക്കുന്നുള്ളൂ. അവരിൽ തന്നെ ഉന്നത വിദ്യാഭ്യാസത്തിനു പോകുന്നവർ വിരളവുമാണ്.
5. തൊഴിൽ സൗകര്യങ്ങൾ കുറഞ്ഞു വരുന്നു.
6. പട്ടികജാതി - പട്ടികവർഗ്ഗ വികസന കോർപറേഷനിൽ നിന്നോ, ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ തൊഴിൽ സംരംഭങ്ങൾക്കുള്ള വായ്പകൾ യഥാകാലം ലഭിക്കുന്നില്ല.
7. കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളില്ല. കോളനികളിൽ നടത്തിയിട്ടുള്ള ഭവന നിർമ്മാണം അടക്കമുള്ള പരിമിതമായ വികസന പ്രവർത്തനങ്ങൾ വേണ്ടത്ര ഗുണനിലവാരം ഉറപ്പാക്കുന്നവയല്ലായിരുന്നു.
8. വർദ്ധിച്ച രോഗാതുരത.
9. ശുചിത്വം പാലിക്കപ്പെടുന്നില്ല.
10. കായികവും മാനസീകവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളുടെ അഭാവം.
11. IRDP തുടങ്ങിയ വികസന പദ്ധതികൾ വേണ്ടത്ര പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.

### നിർദ്ദേശങ്ങൾ

1. ഈ മേഖലയിലെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനു സമയബന്ധിതമായി വിവിധ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കണം.
2. പട്ടികജാതി / പട്ടികവർഗ്ഗ വനിതകൾക്ക് വേണ്ടത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കണം. കാലിവളർത്തൽ, പച്ചക്കറികൃഷി, മറ്റു പരമ്പരാഗത തൊഴിൽ മേഖലകൾ ഇവയൊക്കെ ഇതിനായി പ്രയോജനപ്പെടുത്താം.
3. വിദ്യാഭ്യാസ രംഗത്ത് കൂടുതൽ ശ്രദ്ധിക്കണം. മുഴുവൻ കുട്ടികളും സ്കൂളിലെത്തുന്നുണ്ടെന്ന് ഉറപ്പാക്കണം. കൊഴിഞ്ഞു പോക്ക് തടയണം.
4. പഴയരിക്കണ്ടം ഗവ: സ്കൂളിനോടനുബന്ധിച്ച് ട്രൈബൽ ഹോസ്റ്റൽ ആരംഭിക്കണം.

5. ഗവൺമെൻറിൽ നിന്നും ഈ വിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഇവർക്കു തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തണം.
6. മികച്ച ആരോഗ്യ പരിപാലനത്തിനും ശുചിത്വ നടപടിക്കും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കണം. P.H.C യുടെ സേവനം ഈ മേഖലയിൽ കൂടുതലുണ്ടാവണം.
7. ആദിവാസി കോളനികളെ ബന്ധിപ്പിച്ച് സഞ്ചരിക്കുന്ന ആശുപത്രി പ്രവർത്തിപ്പിക്കണം.
8. കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളായ വീട്, കക്കൂസ്, കുടിവെള്ളം, വൈദ്യുതി, സഞ്ചാരയോഗ്യമായ റോഡ് എന്നിവ ഉറപ്പാക്കണം.
9. വികസന ഏജൻസികളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ സംരംഭങ്ങൾക്ക് ധന സഹായം ലഭ്യമാക്കണം.
10. കായികവും മാനസികവുമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും മറ്റുമായി കോളനികളിൽ സാംസ്കാരിക കേന്ദ്രങ്ങളുണ്ടാവണം.
11. IRDP, DWCRA തുടങ്ങിയ ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ സമഗ്രമായി ഈ മേഖലയിൽ സംഘടിപ്പിക്കണം.
12. ഈ വിഭാഗത്തിലുള്ളവർക്ക് പ്രാമുഖ്യം നൽകുന്ന ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം പഞ്ചായത്തിൽ ആരംഭിക്കണം.
13. പുരയിട കൃഷി, കാലി വളർത്തൽ ഇവ പരിപോഷിപ്പിക്കപ്പെടണം. അതിനായുള്ള പ്രത്യേക പദ്ധതികൾക്ക് രൂപം നൽകണം.
14. പട്ടികജാതി / പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, പിന്നോക്ക ജാതി വികസന കോർപ്പറേഷൻ എന്നിവയുടെ ആഫീസുകൾ ജില്ലാ ആസ്ഥാനത്താരംഭിക്കണം.

**പഞ്ചായത്തിലെ കോളനികൾ സംബന്ധിച്ച വിവരങ്ങൾ**

| Sl. No. | Ward No | Name of Colony | വീടുകളുടെ എണ്ണം SC | ST | കോളനി അല്ലാത്തത് | അംഗങ്ങളുടെ എണ്ണം SC | ST | ആകെ SC/ST അംഗങ്ങൾ |
|---|---|---|---|---|---|---|---|---|
| 1. | 1 | പഴയരി സെറ്റിൽമെൻറ് കോളനി | 25 | 155 | | 148 | 932 | 1080 |
| 2. | 2 | പുന്നയാർ SC I.H.D.P കോളനി | 23 | | | 115 | | 306 |
| 3. | 3 | കീരിത്തോട് അംബേദ്കർ കോളനി | 80 | Nil | | 382 | Nil | 382 |
| 4. | 3 | അഞ്ചുകുടി കോളനി | Nil | 75 | | Nil | 371 | 371 |
| 5. | 4 | ചേലച്ചുവട് കോളനി | 25 | 41 | | 175 | 205 | 380 |
| 6. | 4 | കത്തിപ്പാറ കോളനി | 15 | 69 | SC/ST | 75 | 340 | 415 |
| 7. | 4 | ചേലച്ചുവട് കട്ടിംഗ് | 10 | 20 | SC/ST | 60 | 95 | 155 |
| 8. | 5 | മണിപ്പാറ കോളനി കുട്ടപ്പൻ സിറ്റി | 18 | 25 | | 108 | 125 | 233 |
| 9. | 6 | പുതുളിപ്പുതാൽ പട്ടിക ജാതി IHDP - കോളനി | 32 | 24 | | 175 | 120 | 295 |
| 10. | 6 | കഞ്ഞിക്കുഴി തള്ളക്കാനം | Nil | 75 | | Nil | 525 | 525 |
| 11. | 7 | മുന്നേക്കർ ഹരിജൻ കോളനി | 39 | Nil | | 205 | Nil | 205 |
| 12. | 7 | ഉമ്മൻ ചാണ്ടി കോളനി മഴുവടി | Nil | 75 | | Nil | 375 | 375 |
| 13. | 7 | പിള്ള സിറ്റി | Nil | 15 | ST | Nil | 75 | 075 |
| 14. | 8 | തട്ടേക്കല്ല് ഗിരിജൻ കോളനി | 30 | 55 | | 200 | 275 | 475 |
| 15. | 9 | അംബേദ്കർ കോളനി. തെക്കൻ തോണി | 10 | 64 | | 60 | 320 | 380 |
| 16. | 9 | മൈലപ്പുഴ IHDP കോളനി | 15 | 121 | | 75 | 484 | 559 |
| 17. | 10 | പാലപ്പാവു് | 15 | 130 | | 90 | 190 | 280 |
| 18. | 10 | ഈഞ്ചപ്പാറ | 5 | 70 | SC/ST | 75 | 210 | 285 |
| 19. | 11 | പുന്നയാർ പട്ടിക വർഗ്ഗ കോളനി | Nil | 40 | | | 191 | 191 |
| | 10 | കോളനികൾ | 348 | 1054 | 7 | 1943 | 4833 | 6776 |

# 5.11

# സംസ്കാരം

# 5 - 11 സംസ്കാരം

ഒരു ജന സമൂഹം നിരവധി ജീവിത സംഭവങ്ങളും പ്രതിസന്ധികളും തരണം ചെയ്ത് നൂറ്റാണ്ടുകൾ കടന്നു പോകുമ്പോൾ പിന്നിട്ട ജീവിതാനുഭവങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞു വരുന്ന ഒരു ജീവിത ശൈലി ഉണ്ടായിരിക്കും. അതാണ് ആ സമൂഹത്തിൻെറ സംസ്കാരം. നാം നേരിടുന്ന ഓരോ സാമൂഹ്യ പ്രശ്നങ്ങളും നാളത്തെ സംസ്കാരത്തിലേക്കുള്ള കണ്ണികളാണ്. ആയതിനാൽ ഗുണകരമായതും അർത്ഥപൂർണ്ണവുമായ ജീവിതാനുഭവങ്ങളും സാഹചര്യങ്ങളും സൃഷ്ടിച്ചെങ്കിൽ മാത്രമേ പഞ്ചായത്തിന് ഉന്നത സാംസ്കാരിക മണ്ഡലം പ്രതീക്ഷിക്കാനാവൂ. ഇതിൻെറ ചുവടുപിടിച്ചാണ് ജനകീയാസൂത്രണ പരിപാടിയിലേക്കുള്ള നമ്മുടെ പഞ്ചായത്തിൻെറ സാംസ്കാരിക പരിപാടികൾ ഇവിടെ ആസൂത്രണം ചെയ്തിട്ടുള്ളത്.

മേൽ പരാമർശിച്ചിട്ടുള്ളതുപോലെ സംസ്കാരമെന്നത് ഒരു സമൂഹത്തിൻെറ സമഗ്രമായ ഭാവങ്ങളിൽ നിന്ന് ഉണ്ടാകേണ്ടതാണ്. എന്നിരിക്കിലും വായനശാലകൾ, കലാകായിക പരിപാടികൾ, ആദിവാസി സംസ്കാരങ്ങളുടെ പരിരക്ഷണം തുടങ്ങിയ ചുരുക്കം മേഖലകളെ പരിപോഷിപ്പിക്കാനുള്ള പദ്ധതികൾ മാത്രമേ ഇവിടെ പരാമർശിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ.

നമുക്ക് പൈതൃകമായി കിട്ടിയിരുന്ന ചില സംസ്കാരിക ഭാവങ്ങളുണ്ടായിരുന്നു. ഗ്രാമങ്ങളുടെ സമഗ്രത വിളിച്ചോതിയിരുന്ന ഗ്രാമങ്ങളുടെ മാത്രമായിരുന്ന സംസ്കാരം. ഇത് ഗ്രാമങ്ങളുടെ ഒത്തുചേരലിൻെറ ഭാഗമായിരുന്നു. സ്വാശ്രയത്വത്തിലൂന്നിയ സംസ്കാരമായിരുന്നതിനാൽ ഇവയിൽ ഭാരതത്തിൻെറ ആത്മാവ് കുടികൊണ്ടിരുന്നു. രാജ്യത്തെ എൺപതു ശതമാനവും ഈ ഗ്രാമങ്ങളിലായിരുന്നതിനാൽ ഗ്രാമങ്ങളായിരുന്നു നമ്മുടെ നാടിൻെറ ഹൃദയം. എന്നാൽ ആധുനിക സംസ്കാരത്തിൻെറ വളർച്ചയോടു കൂടി നമ്മുടെ സ്വാശ്രയ ചിന്താഗതിയിൽ ഗണ്യമായ മാറ്റം വന്നു. ഇവ ഗ്രാമങ്ങളെയും ക്രമേണ സ്വാധീനിച്ചു തുടങ്ങി. വളർച്ച പടിവാതിൽക്കലെത്തിതേയുള്ളുവെങ്കിലും നമ്മുടെ പഞ്ചായത്തിനേയും ഈ ആധുനീകത ഒരു പരിധിവരെ ബാധിച്ചിട്ടുണ്ട്. തനതായ ഗ്രാമസംസ്കാരത്തെ തിരിച്ചു കൊണ്ടുവരുവാൻ വേണ്ടത്ര ശ്രമം നടത്തണം.

## ഇടുക്കി - കഞ്ഞിക്കുഴി പഞ്ചായത്ത്

കുടിയേറ്റ ഗ്രാമമാണ് നമ്മുടേതെന്ന് പറയാം എങ്കിലും കുടിയിരുത്തപ്പെട്ടവരും ഈ കൂട്ടത്തിലുണ്ട്. ആയതുകൊണ്ട് തന്നെ കേരളത്തിൻെറ സംസ്കാരിക ചരിത്രത്തിൽ വലിയ പങ്കൊന്നും വഹിക്കാൻ നമുക്കു കഴിഞ്ഞിട്ടില്ല. പല നാടുകളിൽ നിന്നും കുടിയേറിപാർത്തവരായതിനാൽ പഞ്ചായത്തിൻെറ സംസ്കാരം സമ്മിശ്ര സംസ്കാരമാണ്. ആദിവാസികളുടെ സംസ്കാരം ഒഴിച്ചാൽ എടുത്തു പറയത്തക്ക ഒരു സാംസ്കാരികതലം നമുക്കില്ല. ആദിവാസികളുടെ സാംസ്കാരിക പൈതൃകം കൊണ്ടനുഗ്രഹീതമാണ് ഈ പഞ്ചായത്ത്. ആദ്യമായി കുടിയേറിയവർ ക്രിസ്തു മതവിശ്വാസികളാണ്. കരിമണ്ണൂർ, തൊടുപുഴ, പാലാ ഭാഗങ്ങളിൽ നിന്നു വന്നവരാണധികവും. ഇവരുടെ മതത്തിൻേറതായ ഒരു സംസ്കാരം സ്ഥാപിച്ചെടുക്കാൻ ഇവർ ശ്രമിക്കുന്നതായി കാണുന്നില്ല. മതവിശ്വാസികളുടെ എണ്ണത്തിൽ മുൻപന്തിയിൽ നിൽക്കുന്നത് ഹിന്ദുമതമാണ്. രണ്ടാമതായി ക്രിസ്തുമത വിഭാഗങ്ങളും മൂന്നാം സ്ഥാനം ഇസ്ലാം മതവുമാണ്. പെരുന്നാളുകൾ, ഉൽസവങ്ങൾ നബിദിനം എന്നിങ്ങനെയുള്ള പൊതു ആഘോഷങ്ങൾ നടത്തി വരുന്നു.

ക്രിസ്തുമത വിഭാഗത്തിലെ പെരുന്നാൾ, നബിദിനം, ശ്രീനാരായണ ജയന്തി എന്നീ ആഘോഷങ്ങൾ എല്ലാ മതസ്ഥരെയും ആകർഷിച്ചു വരുന്നു.

## ഗ്രന്ഥശാലകൾ

ഒരു പുത്തൻ സംസ്കാരത്തിന് നാന്ദി കുറിയ്ക്കുവാൻ പറ്റിയ ഉറവിടങ്ങളാണ് ഗ്രന്ഥശാലകൾ. പക്ഷെ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥിതി ചെയ്യുന്ന വായനശാലകളുടെ ഇന്നത്തെ സ്ഥിതി വളരെ ദയനീയമാണ്. വായനക്കാരെ ആകർഷിക്കാൻ തക്ക സാഹചര്യങ്ങൾ വായനശാലകൾക്കു

ണ്ടാകണം. നല്ല രീതിയിൽ പ്രവർത്തിക്കുന്ന വായന ശാലകൾ പഞ്ചായത്തിലുണ്ട്. കഞ്ഞിക്കുഴിയിൽ പഞ്ചായത്ത് സാംസ്കാര നിലയത്തിൽ പ്രവർത്തിക്കുന്ന വായനശാല, ചേലച്ചുവട് A.K.G മെമ്മോറിയൽ പഞ്ചായത്ത് വായനശാല, പുന്നയാർ ഗിരിപ്രഭ ലൈബ്രറി എന്നിവ നല്ല പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നു. എങ്കിലും ഈ വായനശാലകളിലും പുസ്തകങ്ങളുടെ കുറവുണ്ട്.

എല്ലാ വാർഡിലും ഓരോ ലൈബ്രറികൾ തുറക്കണം. അതിനാവശ്യമായ കെട്ടിടം, സ്ഥലം എന്നിവ കണ്ടെത്തണം. വെറും വായനശാലകളാകാതെ, പുസ്തക വിതരണം മാത്രമാകാതെ, ബോധവത്കര പ്രവർത്തനങ്ങൾ, സാഹിത്യ സംവാദം എന്നിവയും നടത്തണം. വായനയെ പ്രോത്സാഹിപ്പിക്കുന്ന പരിപാടികളുണ്ടായിരിക്കണം. T.V. രണ്ടു ദിനപത്രങ്ങൾ എന്നീ സൗകര്യങ്ങളെങ്കിലും ഉണ്ടാക്കണം. വായനശാലകളുടെ നിലവാരം സൂക്ഷിക്കുന്നതിനും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും വേണ്ടി ഒരു പഞ്ചായത്തു തല അക്കാഡമി ഗ്രൂപ്പ് ഉണ്ടാക്കാവുന്നതാണ്.

## അക്കാഡമിക് ഗ്രൂപ്പ്

സമൂഹത്തിലെ ഉയർന്ന സംസ്കാരിക പ്രവർത്തന പാരമ്പര്യമുള്ളവർ വേണം അക്കാഡമിക് ഗ്രൂപ്പിൽ. രണ്ട് അദ്ധ്യാപകരെ ഇതിൽ ഉൾപ്പെടുത്താവുന്നതാണ്. സ്കൂൾ ലൈബ്രറികളുടെ കാര്യത്തിൽ ഈ ഗ്രൂപ്പിന്റെ ശ്രദ്ധ പ്രത്യേകം പതിയണം. എല്ലാ വായന ശാലകളിലും ആവശ്യത്തിന് റഫറൻസ് ഗ്രന്ഥങ്ങൾ നൽകണം. വിവിധ വായന ശാലകളിലായി പഞ്ചായത്തിലെ സന്നദ്ധസംഘടനകളുടെ ഗ്രൂപ്പിനെ ഒന്നിച്ചു ചേർത്ത് പ്രത്യേക പരിശീലനം നൽകണം. പഞ്ചായത്തു ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഈ വായനശാലകൾക്ക് പ്രത്യേക പ്രാധാന്യം നൽകണം. പഞ്ചായത്ത് ആസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സാംസ്കാരികനിലയം പഞ്ചായത്ത് ഇൻഫർമേഷൻ സെൻററായി ഉയർത്തണം. ഈ സാംസ്കാരിക നിലയത്തിൽ ഈ പഞ്ചായത്തിന്റെ വികസനത്തിനു വേണ്ടി അക്ഷീണം പരിശ്രമിച്ച പൂർവ്വികൻമാരുടെ സാംസ്കാരിക പശ്ചാത്തലം വരും തലമുറകൾക്ക് സ്മരിക്കത്തക്ക വിധം രേഖപ്പെടുത്തിവയ്ക്കുന്നതിനും ഭാവിയിൽ ഉപയോഗിക്കത്തക്ക വിധം അവരുടെ എണ്ണഛായ ചിത്രങ്ങൾ ലഘു വിവരണം രേഖപ്പെടുത്തി വയ്ക്കുന്നതിനും കഴിയണം.

## കായിക സംസ്കാരം

ഈ പഞ്ചായത്തിലെ എല്ലാ സാംസ്കാരിക സംഘടനകളെയും പങ്കെടുപ്പിച്ചു കൊണ്ട് നമ്മുടെ സംസ്കാരത്തിന് അനുയോജ്യമാം വിധമുള്ള കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കണം. ഈ പരിപാടികളിൽ നാടൻ കലാരൂപങ്ങൾക്ക് പ്രത്യേക പ്രാധാന്യം കൊടുക്കണം. ഉദാഹരണമായി കോൽക്കളി, നാടൻ പന്തുകളി, അക്കുകളി, കിളിത്തട്ടു കളി ഇതിനാവശ്യമായ സ്റ്റേഡിയം തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടാവണം.

ജനകീയ പങ്കാളിത്തത്തോടെ കലാകായിക മേളകൾ സംഘടിപ്പിക്കാവുന്നതാണ്. അവധിക്കാലങ്ങളിൽ സ്കൂൾ തലത്തിൽ കുട്ടികളേയും ഈ പഞ്ചായത്തിലെ കായിക പ്രതിഭകളെയും കണ്ടെത്തി വിവിധ കോച്ചിംഗ് ക്യാമ്പുകൾ നടത്തണം. കായിക മേഖലയെ രക്ഷിക്കാൻ ആവശ്യമായ സാമ്പത്തി സഹായങ്ങൾ കായിക സംഘടനകൾക്ക് ചെയ്തു കൊടുക്കണം.

പുത്തൻ തലമുറയെ കായിക രംഗത്ത് ആകർഷിക്കാൻ കഴിയാത്തതിനു കാരണം ആവശ്യമായ പരിപാടികൾ സ്കൂൾ തലത്തിൽ നടപ്പാക്കുന്നില്ലന്നുള്ളതാണ്. സ്കൂളുകളിലെ കായിക പരിശീലന പീരിയഡുകൾ പ്രയോജനപ്പെടുത്തുന്നില്ല. ഈ അവസ്ഥ മാറ്റണം

## ആദിവാസി സംസ്കാരം

ആദിവാസി സംസ്കാരത്തെ അതേപടി നില നിർത്തണം. ആയതിനായി മഴുവടിഉമ്മൻ ചാണ്ടി കോളനി, മണിപ്പാറ, വരിക്ക മുത്തൻ കീരിത്തോട് വെൺമണി എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച്, ആദിവാസി സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കണം. ഇതിന്റെ ഉദ്ദേശ്യം ആദിവാസി കലകൾ, ഭാവി സംസ്കാരം, ജീവിത ശൈലി ഇവയെ നില നിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്നതാണ്.

## കലയും സംസ്കാരവും

കഞ്ഞിക്കുഴി പഞ്ചായത്തിലെ സാഹിത്യകാരൻമാരെയും കവികളെയും, ചിത്രകാരൻമാരേയും, ശില്പികളെയും കണ്ടെത്തി അവർക്ക് അർഹമായ പ്രോത്സാഹനവും സഹായവും നൽകേണ്ടതാണ്. ഇവരുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പഠന കളരികളും അവ പ്രകാശിപ്പിക്കുന്നതിനാവശ്യമായ സദസ്സുകളും സംഘടിപ്പിക്കണം. സ്കൂൾ തലം മുതൽ ഇത്തരം പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളുണ്ടാവണം. ഈ കാര്യത്തിൽ അടിയന്തരശ്രദ്ധ വേണം.

## മതസൗഹാർദ്ദം

മതസൗഹാർദ്ദത്തിന് പേരു കേട്ട ഗ്രാമമാണ് നമ്മുടെ പഞ്ചായത്ത്. ഇന്ത്യൻ സമൂഹത്തിൽ മതത്തിന് വളരെ പ്രാധാന്യമുണ്ട്. എന്നാൽ ഈ മതങ്ങൾ തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നതിനാൽ വളരെയേറെ വർഗ്ഗീയകലാപങ്ങൾ ദിനംപ്രതി ഉണ്ടാകുന്നു. ഇതിനൊരു പരിഹാരമെന്ന നിലയിൽ നമ്മുടെ പഞ്ചായത്തിൽ ശരിയായ മതബോധനം നടത്തുന്നതി

നുള്ള ഒരു സങ്കേതമാവശ്യമാണ്. സർവ്വ മത പോഷിണി എന്ന നിലയ്ക്കുള്ള ഒരു മതപഠന കേന്ദ്രം ആവശ്യമാണ്. ഈ കേന്ദ്രം പഞ്ചായത്തിൻെറ ശാന്തമായ അന്തരീക്ഷമുള്ള ഭാഗത്ത് സ്ഥാപിക്കണം. ഇതിന് ഒരു ആശ്രമ അന്തരീക്ഷം ഉണ്ടാകണം. എല്ലാ മതങ്ങളിലുമുള്ള മതപണ്ഡിതൻമാർ സാംസ്കാരിക പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പഠന ക്ലാസ്സുകൾ നടത്താവുന്നതാണ്.

പഞ്ചായത്തിലെ വിവിധ മത വിഭാഗങ്ങൾ വളരെ നല്ല സൗഹാർദ്ദത്തിൽ സഹകരിച്ചു മുൻ പോട്ടു പോകുന്നു. ഈ പഞ്ചായത്തിലെ പ്രബല രാഷ്ട്രീയ കക്ഷികൾ ഇന്ത്യൻ നാഷണൽ കോൺഗ്ര സ്സ്, സി. പി. ഐ (എം), മുസ്ലിംലീഗ്, സി. പി. ഐ, ജനതാദൾ കേരളാ കോൺഗ്രസ്സുകൾ, ബി. ജെ. പി., ആർ. എസ്. പി. ജെ. എസ്. എസ്. എന്നിവയാണ്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ നിലവിലുള്ള എല്ലാ വായന ശാലകളും ശരിയായി പ്രവർത്തിക്കുന്നില്ല. പുതിയ വായന ശാലകൾ തുടങ്ങുവാൻ കഴി ഞ്ഞിട്ടില്ല.
2. തനതായ പ്രവർത്തനം കാഴ്ചവെക്കുന്ന കഞ്ഞി ക്കുഴി, ചേലച്ചുവട്, പുന്നയാർ, വെൺമണി എന്നിവിടങ്ങളിലെ ലൈബ്രറികളിൽ ആവശ്യ ത്തിന് പുസ്തകങ്ങളില്ല.
3. സാക്ഷരത രംഗം നിർജ്ജീവാവസ്ഥയിലാണ്. പഠിതാക്കളുടെ താത്പര്യം ഇതു കാരണം കുറ ഞ്ഞിരിക്കുന്നു. ആദിവാസി സാക്ഷരത അമ്പേ പരാജയപ്പെട്ടു. ജന വിദ്യാ കേന്ദ്രങ്ങൾ തുറന്നി ട്ടില്ല.
4. കായിക രംഗത്ത് നാടൻ കളികൾ നഷ്ടപ്പെട്ടിരി ക്കുന്നു.
5. കലാസാഹിത്യ രംഗത്ത് മുരടിപ്പ് കാണുന്നു.
6. സ്കൂൾ ലൈബ്രറികൾ കാര്യമായി പ്രവർത്തി ക്കുന്നില്ല.
7. പഞ്ചായത്തിൻെറ ചരിത്രം പഠിക്കാനുള്ള സാഹ ചര്യങ്ങൾ വളരെ വിരളം.
8. ആദിവാസി കലാരൂപങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരി ക്കുന്നു. അവ പ്രദർശിപ്പിക്കാൻ വേദികൾ കുറവ്.
9. സ്ത്രീകളെ സാംസ്കാരിക രംഗത്ത് സജീവമാ ക്കാൻ കഴിയുന്ന പ്രവർത്തനങ്ങളുടെ അഭാവം.
10. വായനയോടുള്ള വിരക്തി, T.V. സ്വാധീനം.
11. വർദ്ധിച്ചു വരുന്ന മദ്യപാനാസക്തി.

## കഞ്ഞിക്കുഴി പഞ്ചായത്തിലെ സാംസ്കാരിക സംഘടനകൾ

| ശാസ്ത്ര സാഹിത്യപരിഷത്ത് | പ്രവർത്തനം<br>വായനോത്സവം, കാലാവസ്ഥ, പരിസ്ഥിതി, വികസനം, സാക്ഷരത. etc. | ഘടകം<br>യൂണിയനുകൾ |
|---|---|---|
| സോർഡിയ കഞ്ഞിക്കുഴി | പരിസ്ഥിതി, വികസന ബോധവൽക്കര സംഘടന | ട്രസ്റ്റ് |
| അരുണോദയ ഗ്രാമവികസന സമിതി | ഗ്രാമവികസനം | സംഘടന |
| സോളിഡാരിറ്റി മൂവ്മെൻറ് ഓഫ് ഇൻഡ്യ | പരിസ്ഥിതി ബോധവത്ക്കരണ സംഘടന | സംഘടന |
| പെരിയാർ വാലി ഡവലപ്മെൻറ് ബ്ലോക്ക് | കമ്യൂണിറ്റി ഡവലപ്മെൻറ് | സംഘടന |
| മംഗളം കലാസാഹിത്യവേദി | കലാ സാഹിത്യ സാമൂഹ്യരംഗം | സംഘടന |
| കഞ്ഞിക്കുഴി ഡവലപ്മെൻറ് ട്രസ്റ്റ് | സാങ്കേതിക വിദ്യാഭ്യാസ പ്രവർത്തനം | ട്രസ്റ്റ് |
| കേരള കാർഡ് തട്ടേക്കണ്ണി | പരിസ്ഥിതി ഗ്രാമീണ വികസനം | സംഘടന |
| സംസ്കൃതി - വെൺമണി | പുകവലിക്കെതിരെ ബോധവൽക്കരണം | സംഘടന |
| സുഹൃത്‌വേദി ചേലച്ചുവട് | ബോധവൽക്കരണം | സംഘടന |
| ഗ്രാമവേദി വെൺമണി | നാടക പ്രവർത്തനം | നാടക സമിതി |

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ എല്ലാ പ്രധാന കേന്ദ്രങ്ങളിലും പ്രവർത്തിക്കുന്ന വായനശാലകൾ ഉണ്ടാവണം.
2. വായനശാലകളെ ബന്ധിപ്പിക്കാൻ അക്കാഡമിക് കൗൺസിൽ ഉണ്ടാവണം.
3. ആദിവാസി നിലയങ്ങളും, പഠന കേന്ദ്രവും ഉണ്ടാവണം.
4. മഹിളാസമാജങ്ങൾ സജീവമാകാൻ ശ്രദ്ധിക്കണം.
5. സാക്ഷരത ഊർജ്ജിതമാകാൻ ജനകീയ ശാസ്ത്ര പ്രസ്ഥാനങ്ങളെ കൂട്ടുപിടിക്കണം.
6. അവധിക്കാലങ്ങളിൽ വിദ്യാർത്ഥികൾക്ക് ഒത്തു ചേരാൻ അവസരം ഉണ്ടാക്കണം. ഇവർക്കായി പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്ക് രൂപം നൽകണം.
7. കായിക രംഗത്ത്, കായിക പ്രതിഭകളെ ഒന്നിച്ചു ചേർക്കുവാനും പ്രോത്സാഹനം നൽകാനും അവസരമുണ്ടാവണം.
8. വായന ശീലം വളർത്താൻ 'വായനോത്സവ' ങ്ങൾ നടത്തണം.
9. ആദിവാസി ഭാഷ ലിപിയിലാക്കാൻ വേണ്ട ശ്രമം നടത്തണം.
10. സ്കൂളുകളിൽ യോഗ പരിശീലനത്തിനുള്ള സൗകര്യം ഉണ്ടാവണം.
11. ചിത്ര - ശില്പ കര കൗശല പ്രദർശനങ്ങൾ നടത്തുക.
12. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു വാർത്താ മാസിക ആരംഭിക്കണം.
13. വായനയെ പ്രോത്സാഹിപ്പിക്കുന്ന ധാരാളം പ്രവർത്തനങ്ങൾ ഉണ്ടാക്കണം. T.V. യുടെ സ്വാധീനത്തെ അക്ഷരങ്ങളുടെ ശക്തികൊണ്ടു മറികടക്കാൻ കഴിയണം.
14. നിലവാരമുള്ള ധാരാളം പുസ്തകങ്ങൾ ലൈബ്രറികളിലെത്തിക്കണം.
15. വ്യാപകമാകുന്ന മദ്യ - പുകവലി ശീലങ്ങൾക്കെതിരെ ജനകീയ ബോധവത്കരണം സംഘടിപ്പിക്കണം.
16. സ്കൂളുകളിലെ ഫിസിക്കൽ എഡ്യൂക്കേഷൻ പീരിയഡുകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തണം.

നമ്മുടെ പഞ്ചായത്തിലെ കലാ - കായിക - സാംസ്കാരിക രംഗത്ത് ഗുണപരമായ മാറ്റങ്ങൾ വരുത്തുവാൻ കഴിയുന്ന ഏതാനും നിർദ്ദേശങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്.

"പടയൊരുക്കുക നാളെയാവുകിലേറെ വൈകീടും"

### പഞ്ചായത്തിലെ കലാസാംസ്കാരിക സ്ഥാപനങ്ങൾ

| Sl. No | പേരും മേൽവിലാസവും | സ്ഥാപിത വർഷം | കെട്ടിട്ടത്തിന്റെ വിവരം | പുസ്തകം | ടിവി | പത്രം | രജിസ്ട്രേഷൻ | പ്രവർത്തന രംഗം |
|---|---|---|---|---|---|---|---|---|
| 1. | പഞ്ചായത്ത് സാംസ്കാരിക നിലയം | 1993 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | വായനശാല |
| 2. | ഭവന പബ്ലിക് ലൈബ്രറി | | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | വായനശാല |
| 3. | നവോദയ ആൽപ്പാറ | | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | വായനശാല |
| 4. | സിറ്റി ഐശ്വര്യ | | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ക്ലബ് |
| 5. | കലാ കൈരളി വരകുളം | | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | വായനശാല |
| 6. | ദീപ ലൈബ്രറി വെൺമണി | | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | വായനശാല |
| 7. | കുട്ടപ്പൻ സിറ്റി | | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | വായനശാല |
| 8. | സൗപർണ്ണിക ലൈബ്രറി ചുരുളി ക്ലബ് | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | വായനശാല |
| 9. | പഞ്ചായത്ത് AKG മെമ്മോറിയൽ വായനശാല ചേലച്ചുവട് | 1993 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | വായനശാല |
| 10. | പ്രതിഭ ചേലച്ചുവട് | | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ക്ലബ് |
| 11. | കീരിത്തോട് ദർശന | | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | വായനശാല |
| 12. | പഞ്ചായത്ത് ലൈബ്രറി പുന്നയാർ ഈസ്റ്റ് | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | വായനശാല |
| 13. | ഗിരിപ്രദ ലൈബ്രറി | | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | വായനശാല |

# 5.12

# ടൂറിസം

# 5.12 ടൂറിസം സാദ്ധ്യതകളും വെല്ലുവിളികളും

ഭൂപ്രകൃതികൊണ്ടും പ്രകൃതിഭംഗികൊണ്ടും അനുഗ്രഹീതമായ പ്രദേശമാണ് കഞ്ഞിക്കുഴി. ഹൈറേഞ്ചിനെ മൊത്തമായിപരിശോധിച്ചാൽ സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് തണുപ്പ് കുറഞ്ഞ മിതശിതോഷ്ണ കാലാവസ്ഥയാണ് കഞ്ഞിക്കുഴിയിലനുഭവപെടുന്നത്. ഈകാലാവസ്ഥ സ്വദ്ദേശികൾക്കും വിദേശികൾക്കും ഒരുപോലെ പ്രിയങ്കരമാണെന്ന കാര്യം പ്രത്യകം പ്രസ്താവ്യമാണ്.

കഞ്ഞിക്കുഴി പഞ്ചായത്തിലെ ടൂറിസം സാദ്ധ്യതകളേക്കുറിച്ചും ടൂറിസം കേന്ദ്രങ്ങളാക്കി വികസിപ്പിക്കാൻ കഴിയുന്ന പ്രദ്ദേശങ്ങളെ കുറിച്ചും വളരെ പരിമിതമായ ചർച്ചകളെ നടന്നിട്ടുള്ളു. നല്ല രിതിയിൽ വികസിപ്പിച്ചെടുക്കാൻ കഴിയുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളാണ് പാൽകുളം മേട്, മീനുള്ളിയാൻപാറ, ലോവർ പെരിയാർ തുടങ്ങിയവ. ഇതിൽ ഏറെപ്രാധാന്യമർഹിക്കുന്നതും കുടുതൽ ആളുകളെ ആകർഷിക്കാൻ കഴിയുന്നതും പാൽകുളം മേട് ടൂറിസ്റ്റ് കേന്ദ്രത്തിനാണ് ഈ കേന്ദ്രങ്ങളുടെ വികസനത്തിന് തടസമായിനിൽക്കുന്നത് ഫലപ്രദമായ ഗതാഗതസൗകര്യ ക്കുറവ് മാത്രമാണ്.

ജില്ലയിലെ തന്നെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായി വളർത്തുവാൻ കഴിയുന്ന പാൽ കുളം മേട് ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് ഇടുക്കി നേര്യ-മംഗലം റോഡിൽ നിന്ന് ചുരുളി ആൽപ്പാറവഴി എത്തിച്ചേരാം ചുരുളിയിൽ നിന്നും ആൽപ്പാറവരെ ടാർ റോഡും ആൽപ്പാറയിൽനിന്നും പാൽകുളം മേട്ടിലേക്ക് മിനി മീഡിയം വാഹനങ്ങൾക്ക് കടന്ന് ചെല്ലാൻ കഴിയുന്ന മൺ പാതയും ഉണ്ട്. കൂടാതെ ഇടുക്കി നേര്യമംഗലം റോഡിൽ പാമ്പളം നിന്നും പുന്നയാർ, കഞ്ഞിക്കുഴി, ചുരുളിപ്പതാൽ വഴി പാൽക്കുളം മേട്ടിലേക്ക് പണി പൂർത്തിയാകാത്ത മൺപാതയുമുണ്ട്. ഇടുക്കി നേര്യമംഗലം റോഡിൽ ചുരുളിയിൽ നിന്നും 6 കിലോമീറ്ററും, വണ്ണപ്പുറം, ചേലച്ചുവട് റോഡിൽ കഞ്ഞിക്കുഴിയിൽ നിന്നും 3 കി.മി.ഉം സഞ്ചരിച്ചാൽ പാൽക്കുളം മേട്ടിലെത്താം

സമുദ്രനിരപ്പിൽ നിന്നും 3500 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന പാൽകുളം മേടിന് ഉദ്ദേശം 500 ചതുരശ്ര ഹെക്ടർ വിസ്തൃതിയുണ്ട്. മക്കുവള്ളി, കുട്ടുക്കുഴി തുടങ്ങിയ വനമേഖലകളോട് ചേർന്ന് കിടക്കുന്ന പാൽകുളം മേടിന്റെ ഉപരി ഭാഗത്ത് ദ്വീപുകൾപോലെ ചെറിയ ചെറിയ വനങ്ങളുണ്ട് പാൽക്കുളം മേടിന്റെ ഉപരിഭാഗം താരതമ്യേന നിരന്നതാണ്, കടുത്ത വേനലിൽ പോലും വറ്റാത്ത ജല സ്രോതസുകളും ചെറുകുളങ്ങളും ഈ ടൂറിസ്റ്റ് കേന്ദ്രത്തിന്റെ പ്രത്യേകതകളാണ് ഒരു വശത്ത് വനഭൂമിയും മറുവശത്ത് കൃഷിഭൂമിയം കൊണ്ട് അലംകൃതമായ പാൽക്കുളം മേട് ഹരിത ടൂറിസത്തിന് ഏറ്റവും യോജിച്ച പ്രദേശമാണ്. ഹരിത ടൂറിസത്തിന് വളരെയേറെ സാദ്ധ്യതകളുള്ള ഈ കാലഘട്ടത്തിൽ പാൽക്കുളം മേടിന്റെ പ്രകൃതിഭംഗി നിലനിർത്തിക്കൊണ്ട് ആവശ്യമായ ഗ്രീൻറിസോർട്ടുകൾ നിർമ്മിക്കുകയും അതോടൊപ്പം മുമ്പ് പരാമർശിച്ച വനദ്വീപുകളിൽ ഏറുമാടങ്ങൾ (മരത്തിന്റെ മുകളിൽ കുടിൽ കെട്ടിതാമസിക്കുന്ന രീതി) നിർമ്മിക്കാവുന്നതുമാണ്. കൂടാതെ സർക്കാർ ഉടമസ്ഥതയിലോ സ്വകാര്യ മേഖലയിലോ ഇതോടനുബന്ധിച്ച് സുഖചികിൽസാ കേന്ദ്രങ്ങളും, പ്രകൃതിചികിൽസാ കേന്ദ്രങ്ങളും ആരംഭിച്ചാൽ ടൂറിസ്റ്റ്കളെ ഗണ്യമായി ഇവിടേക്ക് ആകർഷിക്കാൻ കഴിയും.

പാൽക്കുളം മേടിനോട് ചേർന്നുകിടക്കുന്ന കൂട്ടുക്കുഴി, മക്കുവള്ളി തുടങ്ങിയ വനപ്രദേശങ്ങളിൽ നാശോന്മുഖമായികൊണ്ടിരിക്കുന്ന വിവിധ ഔഷധ സസ്യങ്ങൾ വനമേഖലയെ ഹനിക്കാത്ത വിധം വച്ചുപിടിപ്പിക്കുകയും നിലവിലുള്ളവ സംരക്ഷിക്കുകയും ചെയ്യുക വഴി പ്രകൃതിദത്തമായ ഒരു ബൊട്ടാണിക്കൽ ഗാർഡൻ രൂപപ്പെടുത്തുവാനും ഇവിടേക്ക് പ്രകൃതി സ്നേഹികളെയും ഗവേഷണ കുതുകികളെയും ആകർഷിക്കുവാനും കഴിയും. പാൽകുളം മേടിന്റെ വിസ്തൃതിയും നിരപ്പും കണക്കിലെടുത്താൽ ഒരു ഹെലിപാഡും ഇതോടോപ്പം ഇവിടെ നിർമ്മിക്കാവുന്നതാണ്.

ഈ ടൂറിസ്റ്റ് കേന്ദ്രത്തിന് മേൽപ്പറഞ്ഞ രീതിയിലുള്ള വികസനം സാദ്ധ്യമാകണമെങ്കിൽ ആദ്യപടിയായി ചെയ്യേണ്ട കാര്യം പഞ്ചായത്തിനെ പുറം ലോകവുമായി ബന്ധിപ്പിക്കുന്ന ഇടുക്കി

നേര്യമംഗലം റോഡിൽ നിന്നും ചുരുളി ആൽപ്പാറ വഴി പാൽക്കുളം മേട്ടിലേക്കുള്ള റോഡും പാമ്പളയിൽ നിന്നും പുന്നയാർ കഞ്ഞിക്കുഴി ചുരുളിപ്പതായിൽ വഴി ഉള്ള റോഡും അടിയന്തിരമായി പൂർത്തിയാക്കുകയും കൂടാതെ മുൻപ് സൂചിപ്പിച്ച വികസന പരിപാടികൾ നടപ്പാക്കുകയുമാണ്.

പഞ്ചായത്തിലെ മറ്റൊരു പ്രധാന ടൂറിസം വികസന സാദ്ധ്യതയുള്ള മേഖലയാണ് മീനുളിയാൻ പാറ സമുദ്രനിരപ്പിൽ നിന്നും 3500 ഓളം അടി ഉയരത്തിൽ സ്ഥിതിചെയുന്ന മീനുളിയാൻ പാറ കഞ്ഞികുഴി വണ്ണപ്പുറം പഞ്ചായത്തുകളുടെ അതിർത്തിയിൽ ഉദ്ദേശം 10 ഏക്കർ വിസ്തീർണ്ണം വരുന്ന മീനുളിയാൻപാറയുടെ മദ്ധ്യഭാഗത്തായി 4 ചതുരശ്ര ഏക്കറോളം പ്രകൃതി ദത്തമായ വനപ്രദേശമാണ്. വിവിധ തരത്തിലുള്ള അപൂർവ്വ സസ്യങ്ങളുടെയും, ഔഷധസസ്യങ്ങളുടേയും കലവറയാണ് ഈ പ്രദേശം കരിമ്പാറകളാൽ ചുറ്റപ്പെട്ട ഇത്തരം അപൂർവ്വ സസ്യശേഖരം പ്രകൃതിയിൽ മറ്റെവിടെയെങ്കിലും ദർശിക്കാൻ കഴിയുമോയെന്ന കാര്യം സംശയമാണ്. മീനുളിയാൻപാറയെ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രധാന തടസം ഈ മേഖലയിലെ ഗതാഗത കുറവാണ്. വണ്ണപ്പുറം, ചേലച്ചുവട് റോഡിൽ വരിക്ക മൂത്തനിൽ നിന്ന് പട്ടയക്കുടിവഴി മീനുളിയാൻപാറയിൽ എത്തിച്ചേരാം. ഇപ്പോൾ പരിഗണനയിലിരിക്കുന്ന ആലപ്പുഴ തേക്കടി സ്റ്റേറ്റ് ഹൈവേ വണ്ണപ്പുറം, ചേലച്ചുവട് വഴികടന്നു പോകുകയും വരിക്ക മുത്തനിൽ നിന്ന് ഏകദേശം 4 കിലോമീറ്റർ മാത്രം ദൂരമുള്ള മീനുളിയാൻപാററോഡ് ഗതാഗതയോഗ്യമാക്കുകയും ചെയ്താൽ ഈ കേന്ദ്രത്തിലേക്കുള്ള യാത്ര സുഗമമാകും. കൂടാതെ ഇടുക്കി നേര്യമംഗലം റോഡിൽ തട്ടേക്കണ്ണി ആഡിറ്റ് 3-ൽ നിന്ന് ആരംഭിച്ച് വഞ്ചിക്കൽ പൊന്നെടുത്താൻ വരിക്കമുത്തൻ റോഡ് പൂർത്തിയായാൽ എറണാകുളം ഭാഗത്ത് നിന്നും എളുപ്പത്തിൽ മീനുളിയാൻപാറയിൽ എത്തിച്ചേരാം.

ഇടുക്കി ജില്ലയിലെ പ്രധാന ടൂറിസ്റ്റ് ധ്യാനകേന്ദ്രമായ വാഗമൺ കുരിശുമല ആശ്രമത്തിന്റെ മാതൃകയിൽ ജാതിമത ഭേദമന്യേ ആർക്കും എത്താവുന്ന ഒരുധ്യാനകേന്ദ്രം വികസിപ്പിച്ചെടുക്കാൻ പഞ്ചായത്ത് മുൻകൈയെടുക്കേണ്ടതാണ്. ഇവിടെയും ഹരിത ടൂറിസത്തിന് പ്രാധാന്യം നൽകികൊണ്ട് മറ്റു വികസനപ്രവർത്തനങ്ങളും നടത്താവുന്നതാണ്.

കഞ്ഞിക്കുഴി പഞ്ചായത്തിലെ മറ്റൊരു ടൂറിസ്റ്റ് സങ്കേതമായിവളർത്താൻകഴിയുന്ന സ്ഥലമാണ് ലോവർപെരിയാർ പദ്ധതിപ്രദേശം. ലോവർപെരിയാർ വൈദ്യുതനിലയവുമായി ബന്ധപ്പെട്ട് ഇവിടെ നിർമ്മിച്ചിട്ടുള്ള ഭൂഗർഭ തുരങ്കം ഏഷ്യയിലെ തന്നെ ഏറ്റവും നീളം കുടിയതുരങ്കമാണ്. ഈപ്രദേശം ഏതാണ്ട് പൂർണ്ണമായും തന്നെ നേര്യമംഗലം വനത്താൽ ചുറ്റപെട്ട് ഹരിതാഭമായി നിലകൊള്ളുന്നു. ഈവനത്തിലൂടെയാണ് നേര്യമംഗലം ഇടുക്കിറോഡ് കടന്നുപോകന്ന്. ലോവർപെരിയാർ പദ്ധതി പണിതീരുന്ന മുറയ്ക്ക് ഇപ്പോൾ പദ്ധതി നിർമ്മാണത്തിന് വേണ്ടി പണി കഴിപ്പിച്ചുട്ടുള്ള ഓഫീസുകളും മറ്റ് കെട്ടിടങ്ങളും സ്വാഭാവികമായും ഉപയോഗശൂന്യമാകും സാധരണ ഗതിയിൽ ഇവ കാലക്രമത്തിൽ നശിച്ചുപോകുകയാണ് പതിവ് ഈ കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്നതായ പാമ്പള, ആഡിറ്റ്1, ആഡിറ്റ്2, ആഡിറ്റ്3, എന്നിവ സർക്കാരിൽ നിന്നും (വനം വകുപ്പിൽ നിന്നും ഇലക്ട്രിസിറ്റിബോർഡിൽ നിന്നും) പഞ്ചായത്ത് ഏറ്റെടുക്കുകയും ലോവർപെരിയാറിന്റെ പരിസ്ഥിതിക്ക് കോട്ടം തട്ടാതെ ഈ സ്ഥലങ്ങളിൽ ഫോറസ്റ്റ് റിസോർട്ടുകൾ തുടങ്ങിയാൽ ധാരാളം ടൂറിസ്റ്റുകളെ ഈ കേന്ദ്രത്തിലേക്ക് ആകർഷിക്കാൻകഴിയും. ഇതോടനുബന്ധിച്ച് പദ്ധതിമേഖലയിൽ തന്നെ പെരിയാർതീരത്ത് ഒരുപാർക്ക്കുടി സ്ഥാപിച്ചാൽ ഉത്തമമായിരിക്കും.

ദേശീയതലത്തിൽ തന്നെ മുൻപന്തിയിൽ നിൽക്കുന്ന തേക്കടി, കൊടൈകനാൽ, ഇടുക്കി തുടങ്ങിയ സ്ഥലങ്ങളിലേക്ക് ഉള്ളപ്രധാനമാർഗ്ഗം ഇടുക്കി നേര്യമംഗലം റോഡായത് കൊണ്ട് ഒരു ഇടത്താവളം എന്ന നിലയിൽ ഇതിന് വലിയ പ്രാധാന്യമുണ്ട്. ലോവർപെരിയാർകേന്ദ്രീകരിച്ച് ഇത്തരം ഒരു ടൂറിസ്റ്റ് സങ്കേതം തുടങ്ങുന്നതിലൂടെ മുൻപ് പരാമർശിച്ച പാൽക്കുളംമേട് മീനുളിയാൻ പാറതുടങ്ങിയ ടൂറിസ്റ്റ് കേന്ദ്രങ്ങളെകുറിച്ച് സന്ദർശകർക്ക് അറിവ് നൽകുന്നതിനുള്ള ഒരു ഇൻഫർമേഷൻ സെൻറർ കൂടി ഈ കേന്ദ്രത്തോടനുബന്ധിച്ച് സ്ഥാപിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ പദ്ധതികൾ പ്രായോഗികമാക്കുന്നതിന് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെയും ടൂറിസം വകുപ്പിന്റെയും മറ്റ് ബന്ധപ്പെട്ട ഏജൻസികളുടെയും സഹായം ഉറപ്പാക്കുകയും ജനകീയ പങ്കാളിത്തതോടെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആത്മവിശ്വസത്തോടെയുള്ള പ്രവർത്തനങ്ങൾ അനിവാര്യമാണ്.

# 5.13

# വനം

# 5.13 വനം.

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിൽ 17% വനമാണ്. 1, 5, 9, 10 വാർഡുകളിലായി ഉദ്ദേശം 3867.67 ഹെക്ടർ വനം നിലവിലുണ്ട്.എല്ലാ ഭാഗത്തുമുള്ള വനങ്ങളിൽ മനുഷ്യരുടെ ഇടപെടൽ ഉണ്ടാവുന്നുണ്ട്. വനവിസ്തൃതികുറഞ്ഞ് വന്നിരുന്നു എങ്കിലും നിലവിലുള്ള വനങ്ങൾ 'ജണ്ട' നിർമ്മിച്ച് വേർതിരിച്ചിട്ടുണ്ട്. വനത്തിന്റെ ഭൗതികമായ സാഹചര്യങ്ങളിൽ മാറ്റം വന്നുകൊണ്ടിരിക്കുകയാണ് വനത്തിലെ ജീവി വർഗ്ഗങ്ങളും സസ്യജാലങ്ങളും നാശോൻമുഖമാണ്. താരതമ്യേന വിസ്തൃതിയുള്ള വനപ്രദേശങ്ങൾ 9,10 വാർഡുകളിൽ സ്ഥിതി ചെയ്യുന്നു. ഈ വനത്തിൽ ഇടതിങ്ങിയ മരക്കൂട്ടങ്ങളും പുൽമേടുകളും ഉണ്ട്. ഇനിയും അവശേഷിക്കുന്ന നാശോന്മുഖമായ ഈ വനങ്ങളെ സംരക്ഷിക്കേണ്ടത് പരിസ്ഥിതി സംരക്ഷണത്തിന് അനിവാര്യമാണ്. വനവുമായി ബന്ധപ്പെട്ട് കുറെ ആദിവാസികൾ ജീവിക്കുന്നുണ്ട്. ശാസ്ത്രീയമായ രീതിയിൽ വനവിഭവങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിന് അവർക്ക് ആവശ്യമായ അനുവാദം നൽകേണ്ടതാണ്. ചില പ്രദേശങ്ങളിൽ സോഷ്യൽ ഫോറസ്ട്രി പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ജനപങ്കാളിത്തത്തോടുകൂടി പഞ്ചായത്തിലെ തരിശ് ഭൂമികളിൽ സോഷ്യൽ ഫോറസ്ട്രി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ കഴിയുകയും, വിറക് ആവശ്യത്തിന് വേണ്ടി വനത്തെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

## പ്രശ്നങ്ങൾ

1. കള്ളത്തടി വെട്ട് വ്യാപകമാണ്.
2. അനധികൃത നായാട്ട് നടന്നു വരുന്നു.
3. വനപാലകരുടെ അഴിമതിയും വന സംരക്ഷണ പ്രവർത്തനങ്ങളിലുള്ള അലംഭാവവും.
4. കാട്ട് തീ തടയുന്നതിനുള്ള മുൻകരുതലുകൾ ഇല്ലാതിരിക്കൽ.
5. വനസംരക്ഷണത്തിനുള്ള പ്രാധാന്യം ജനങ്ങളിൽ എത്താത്തത്.

## സാദ്ധ്യതകൾ

1. വനവിഭവങ്ങളുടെ അശാസ്ത്രീയമായ ചൂഷണം തടയണം.
2. അനധികൃത നായാട്ടും വനം കയ്യേറ്റവും വനനശീകരണവും നിർബന്ധമായും തടയണം.
3. ഉദ്യോഗസ്ഥരുടെ അഴിമതി തടയണം.
4. കാട്ടു തീ തടയുവാൻ ഫയർ ബെൽറ്റ് അടക്കമുള്ള മുൻകരുതലുകൾ വേണം.
5. വനത്തിന് നടുവിൽ ഒറ്റപ്പെട്ട ജീവിതം നയിക്കുന്ന മക്കുവള്ളി, മനയത്തടം, കൈതപ്പാറ നിവാസികൾക്ക് പകരം ഭൂമിയും നഷ്ടപരിഹാരവും നൽകുകയും അവരെ ഒഴിപ്പിച്ച് മാറ്റി ആ സ്ഥലത്ത് വനവൽക്കരണം നടത്തി വന വിസ്തൃതി വർദ്ധിപ്പിക്കുകയും ചെയ്യണം.
6. സോഷ്യൽ ഫോറസ്ട്രി പ്രവർത്തനങ്ങളിലൂടെ പഞ്ചായത്തിലെ വിറക് ഉപഭോഗം പരിഹരിക്കുന്നതിനാവശ്യമായ പരിപാടികൾ ഉണ്ടാവണം.

# 5.14

# വിഭവസമാഹരണം



# നന്ദിയോടെ.......

നമ്മുടെ ഗ്രാമങ്ങൾ ഒമ്പതാം പദ്ധതിയെ കൈ നീട്ടി സ്വീകരിക്കുവാനുള്ള തയ്യാറെടുപ്പിലാണ്. കാലങ്ങളായി ആസൂത്രണ രംഗത്ത് നിലനിന്നു വന്ന മാറാലയും വികസന രംഗത്തെ അനിശ്ചിതത്വവും നീക്കിക്കൊണ്ട് സമഗ്ര വികസനത്തിലേക്കുള്ള മുന്നേറ്റത്തിൽ നാം പുതിയ കാൽ വയ്പു നടത്തിക്കഴിഞ്ഞിരിക്കുകയാണല്ലോ. നിലവിലുള്ള ആസൂത്രണ സമ്പ്രദായത്തെ ആസൂത്രണപ്രവർത്തനങ്ങളിലൂടെ കീഴ്മേൽ മറിച്ചുകൊണ്ട് നാം നമ്മുടെ യഥാർത്ഥ പ്രശ്നങ്ങളെന്തെന്ന് തിരിച്ചറിഞ്ഞിരിക്കുന്നു. ഗ്രാമ- പഞ്ചായത്തുകളെ വികസനത്തിന്റെ അടിത്തൂണുകളാക്കിക്കൊണ്ട് ജനകീയ പങ്കാളിത്തത്തിലധിഷ്ഠിതമായ സമഗ്ര വികസനത്തിന്റെ പുതുചക്രവാളം തീർക്കാനൊരുങ്ങുകയാണ് കേരളം. ഇനിയുമുള്ള നാളുകളിൽ നമ്മുടെ വികസനത്തിന്റെ പന്ഥാവ് എങ്ങനെയായിരിക്കണമെന്ന് നമ്മൾ തീരുമാനിക്കാൻ പോവുകയാണ്. പ്രദേശത്തിന്റെ ആവശ്യങ്ങളും ലഭ്യമായ വിഭവങ്ങളും കണക്കിലെടുത്ത് ജനതയുടെ ഇച്ഛാശക്തിയും, കർമ്മശേഷിയും കോർത്തിണക്കിക്കൊണ്ടുള്ള പടയൊരുക്കമാണിത്. ഗ്രാമവികസനത്തിനായുള്ള ഈ മഹാ സംരംഭത്തിന്റെ സാക്ഷാത്കാരത്തിനായി നമ്മുടെ പഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളിൽ പങ്കെടുത്ത്കൊണ്ടിരിക്കുന്ന ബഹുമാന്യരായ ജനങ്ങൾ, പഞ്ചായത്ത് കമ്മറ്റി അംഗങ്ങൾ, കെ.ആർ.പി.മാർ, ഡി.ആർ.പിമാർ, എൽ.ആർ.പി.മാർ ഉദ്യോഗസ്ഥർ, വിദഗ്ദ്ധർ, സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക രംഗത്തെ പ്രവർത്തകർ എന്നിവർക്കും പദ്ധതിയുമായി സഹകരിക്കുന്ന എല്ലാവർക്കും ഹൃദയംഗമമായ നന്ദി. ജനങ്ങളുടെ സംഘബോധത്തില ധിഷ്ഠിതമായ വികസനത്തിന്റെ പുത്തൻ സാക്ഷാത്കാരത്തിന് തുടർന്നും സഹകരണം പ്രതീക്ഷിച്ചുകൊണ്ടും ഇന്നിവിടെ അവതരിപ്പിക്കുന്ന വികസന റിപ്പോർട്ടിൻമേൽ സമഗ്രമായ ചർച്ച പ്രതീക്ഷിച്ചുകൊണ്ടും.

നിങ്ങളുടെ,

പി.ഡി.ശോശാമ്മ

പ്രസിഡണ്ട്.
ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

കഞ്ഞിക്കുഴി
04-01-1997.

ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ
ജനകീയ വികസന കർമ്മപരിപാടികൾക്ക്
ആശംസകൾ !

**നിർമ്മൽ ഗ്രാം**

**വനിതാ ഡയറി സൊസൈറ്റികൾ**

"സ്ത്രീകളുടെ വിമോചനം, വികസനം
ഗ്രാമങ്ങളുടെ സമഗ്ര പുരോഗതി"

ഇടുക്കി - കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്
വികസന സെമിനാറിന്
ആശംസകൾ !

**ക്ഷീരോൽപാദക സഹകരണസംഘം**

**കഞ്ഞിക്കുഴി**

ഇടുക്കി - കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്
വികസന സെമിനാറിന്
ആശംസകൾ !

**ക്ഷീരോൽപാദക സഹകരണസംഘം**

**കീരിത്തോട്.**

ഇടുക്കി - കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്
വികസന സെമിനാറിന്
ആശംസകൾ !

**ക്ഷീരോൽപാദക സഹകരണസംഘം**

**പഴയരിക്കണ്ടം.**

ഇടുക്കി - കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്
വികസന സെമിനാറിന്

**ആശംസകൾ**

സർക്കാരിന്റെയും വിവിധ
ഏജൻസികളുടെയും പ്രവർത്തനങ്ങളെ
കോർത്തിണക്കിക്കൊണ്ട്
ക്ഷീരവിപണന രംഗത്ത്
ഒരു പുത്തൻ
അദ്ധ്യായം

# ക്ഷീരോൽപാദക സഹകരണസംഘം ചേലച്ചുവട്.



ക്ഷീരഭവൻ ചേലച്ചുവട്.

# 5.14 വിഭവസമാഹരണം

കാർഷിക പ്രാധാന്യമുള്ള നമ്മുടെ പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ് കാർഷികോൽപ്പന്നങ്ങൾ തന്നെയാണ് . കാർഷികമേഖലയിലെ മുരടിപ്പ് സാമ്പത്തിക മാന്ദ്യം സൃഷ്ടിക്കുന്നു വ്യവസായികമേഖലപുഷ്ടിപ്രാപിക്കാത്ത അവസ്ഥയിലാണ്. എടുത്ത് പറയത്തക്ക വ്യവസായയുണിറ്റുകൾ നിലവിലില്ല. ഈ മേഖലയിലെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞു പരിഹരിക്കാതെ വിഭവസമാഹരണം ഈ രംഗത്ത് വർദ്ധിപ്പിക്കാനാവില്ല. വികസന പ്രവർത്തനങ്ങളോടെപ്പം മറ്റുപ്രവർത്തനങ്ങൾക്കും വിഭവങ്ങൾ അവശ്യമാണെന്നിരിക്കെ ഇക്കാര്യത്തിൽ സജീവമായ ശ്രദ്ധയുണ്ടാകേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. കാർഷികമേഖലയിലെ മാന്ദ്യവും പുതിയ വ്യവസായ സംരഭങ്ങളുടെ അഭാവവും
2. ജനങ്ങൾ കാർഷികമേഖലയിലെ തൊഴിലുപേക്ഷിച്ച് മറ്റുതൊഴിൽ മേഖലകൾ തേടുന്നു.
3. യഥാസമയം നികുതി ലഭിക്കാത്തത്.
4. പ്രത്യുല്പാദനപരമല്ലാത്ത സാമ്പത്തിക വിനിയോഗം.
5. വായ്പ്പകളുടെ ലഭ്യതക്കുറവ്.
6. വിഭവവിനിയോഗത്തിലെ ഗുണനിലവാരക്കുറവ്.
7. വേണ്ടത്ര സന്നദ്ധപ്രവർത്തനങ്ങളുടെ അഭാവം.

## പരിഹാര നിർദ്ദേശങ്ങൾ

1. കാർഷികമേഖലയിലെ ഉത്പാദനം വർദ്ധിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ ഉണ്ടാകണം
2. പുതിയവ്യവസായ സംരഭങ്ങൾക്ക് പ്രാമുഖ്യം നൽകണം.
3. സമാന്തരവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും സ്വകാര്യ ആശുപത്രികളിൽനിന്നും നികുതി ഈടാക്കുകയും കാര്യക്ഷമത ഉറപ്പു വരുത്തുകയും ചെയ്യണം.
4. സമഗ്രവും ശാസ്ത്രീയവുമായ നികുതികൾ പുനർനിർണ്ണയം നടത്തുകയും വരുമാനമുള്ള എല്ലാവരും നികുതി ഒടുക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും വേണം.
5. ചെലവിന്റെ കണക്കിൽ സുതാര്യതയുണ്ടാക്കുകയും നികുതിയൊടുക്കുന്നവർ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയാണെന്ന ബോധ്യം സൃഷ്ടിക്കുകയും വേണം.
6. പഞ്ചായത്തിലെ പാൽക്കുളം മേട്, മീനുളിയാൻ പാറ, ലോപർപെരിയാർ തുടങ്ങിയ ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം.
7. കീരിത്തോട് ചേലച്ചുവട്, പഴയരിക്കണ്ടം, എന്നിവടങ്ങളിൽ പൊതുമാർക്കറ്റുകൾ തുറക്കുകയും അതുവഴി വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യണം.
8. കീരിത്തോട്ടിൽ പഞ്ചായത്ത് വക സ്ഥലത്തും കഞ്ഞിക്കുഴിയിലും ചേലച്ചുവട്ടിലും ബസ്റ്റാന്റിനോട് അനുബന്ധിച്ചും ഷോപ്പിംഗ് കോംപ്ലക്സുകൾ പണികഴിപ്പിക്കണം.
9. പൊതു ആവശ്യങ്ങൾക്കും സ്വകാര്യ ആവശ്യങ്ങൾക്കും വാടകയ്ക്ക് നൽകാൻ കഴിയുന്ന വിധം പഞ്ചായത്ത് ആസ്ഥാനത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.
10. ഇഞ്ചവരകുത്ത്, വട്ടോംപാറ, കീഴാർകുത്ത് മിനി വൈദ്യത പദ്ധതികളും പാൽക്കുളം മേട്ടിൽ കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതിയും ആരംഭിക്കണം.
11. പ്രാദേശിക നിർമ്മാണ പ്രവർത്തനങ്ങളിൽ മനുഷ്യ വിഭവശേഷി പ്രയോജനപെടുത്തണം
12. കഞ്ഞിക്കുഴിയിലും ചേലചുവട്ടിലുമുള്ള റവന്യൂ വക ഭുമികൾ പൊതുആവശ്യങ്ങൾക്ക് പ്രയോജനപെടുത്തുവാൻ പഞ്ചായത്തിന് വിട്ടു കൊടുക്കണം.

## ചെലവ് സംബന്ധിച്ച വിവരങ്ങൾ

| നമ്പർ | ഇനം | തുക |
|---|---|---|
| 1. | ഭരണം | 7,16,458.20 |
| 2. | പൊതുമരാമത്ത് | 6,13,771.00 |
| 3. | വിദ്യാഭ്യാസം | 26847.00 |
| 4. | ജലവിതരണം ഓടകൾ പൊതുജനാരോഗ്യം | Nil |
| 5. | തെരുവ് വിളക്കുകൾ | 21854.00 |
| 6. | മറ്റുള്ളവ | 26,056.00 |
| | ആകെ | **1404986.20** |

## 1.17 പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റ് വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

| വകുപ്പ് | തുക | | |
|---|---|---|---|
| | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
| 1 | 2 | 3 | 4 |
| മൃഗസംരക്ഷണം | 500.00 | - | - |
| ആരോഗ്യം | 44800.00 | - | - |
| കൃഷി | 2,78245.00 | - | - |
| പി.ഡബ്ല്യൂ.ഡി | 2,38650 | - | - |
| ഹരിജനക്ഷേമം | 12,500.00 | - | - |
| മറ്റുള്ളവ | 85091 | - | - |
| ആകെ | 6,59686.00 | - | - |

## വരവ് സംബന്ധിച്ച വിവരങ്ങൾ

| നമ്പർ | ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|---|
| 1. | കെട്ടിട നികുതി | 451789.80 | 292736.50 | 159053.30 |
| 2. | കെട്ടിടനികുതി | Nil | Nil | Nil |
| 3. | സർവ്വീസ് ചാർജ്ജ് | 225361.00 | 152653.00 | 72708.00 |
| 4. | വാഹനനികുതി | Nil | Nil | Nil |
| 5. | വിനോദ നികുതി | 20202.10 | 20202.10 | Nil |
| 6. | അഡി. വിനോദനനികുതി | 12457.70 | 12451.70 | Nil |
| 7. | പ്രദർശന നികുതി | 2459.00 | 2459.00 | Nil |
| 8. | പ്രദർശന നികുതിയിൻ മേലുള്ള സർച്ചാർജ്ജ് | 610.40 | 610.40 | Nil |
| 9. | ചന്തവരവ് | Nil | Nil | Nil |
| 10. | ലാന്റ് സെസ് | Nil | Nil | Nil |
| 11. | ലൈസൻസ് ഫീസ് | 6823.50 | 6823.50 | Nil |
| 12. | കെട്ടിനികുതി സർച്ചാർജ്ജ് | 19406.60 | 483.15 | 18923.45 |
| 13. | വസ്തുകൈമാറ്റനികുതി | 40846.00 | 40846.00 | Nil |
| 14. | സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള വരവുകൾ | Nil | Nil | Nil |
| 15. | സംഭാവന | Nil | Nil | Nil |
| 16. | ഡെപ്പോസിറ്റ് | 16034.00 | 16034.00 | Nil |
| 17. | മറ്റുള്ളവ | 3680.20 | 3680.20 | Nil |
| | **Total** | **799664.30** | **548979.55** | **250684.75** |

# 6.

# നന്ദി





# ഇടുക്കി–കഞ്ഞിക്കുഴി
# സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ്

**ഇടുക്കി–കഞ്ഞിക്കുഴി പി.ഒ., ഫോൺ: 39260**

കാർഷിക, കാർഷികേതര വായ്പകൾ നൽകുന്നു ● സ്വർണപ്പണയ വായ്പകൾ നൽകുന്നു ● പ്രതിമാസ ലേലച്ചിട്ടികൾ നടത്തുന്നു ● വളം, കീടനാശിനി വ്യാപാരം നടത്തുന്നു ● ഏറ്റവും ഉയർന്ന പലിശനിരക്കിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു

## സൗഭാഗ്യ നിധി നിക്ഷേപം

**10,000 രൂപ നിക്ഷേപിച്ചാൽ**

5 വർഷത്തിനുശേഷം ........................ 20,882 രൂപയായും
10 വർഷത്തിനുശേഷം ....................... 45,755 രൂപയായും
15 വർഷത്തിനുശേഷം ....................... 97,873 രൂപയായും
20 വർഷത്തിനുശേഷം .................... 2,09,355 രൂപയായും

വർദ്ധിക്കുന്നതാണ്

**ഉയർന്ന പലിശ ● തികഞ്ഞ ഭദ്രത ● മികച്ച സേവനം**

“സേവനത്തിലൂടെ വളർച്ചയിലേയ്ക്ക്”

എം.കെ. കൃഷ്ണൻകുട്ടി, മാന്തോട്ടം
പ്രസിഡൻറ്

കെ.എം. ജോസഫ്, പനന്താനം
സെക്രട്ടറി


425

ജനകീയാസൂത്രണ പ്രസ്ഥാനം

ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്



എന്റെ ജീവിതമാണ് എന്റെ സന്ദേശം

Printed at M.C.M Offset Printers, Kottayam, a unit of Mangalam Publications (India) PVt. Ltd.